www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 48 | 2017 DEC 09 | ₹10

ഭൂകമ്പം, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, അഗ്നിപർവത സ്ഫോടനം... ഇങ്ങനെ പലവിധ ദുരന്തങ്ങൾ ഇടയ്ക്കിടെ ലോകത്തിന്റെ പലഭാഗങ്ങളിൽ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. കടലും കരയും ആകാശവുമെല്ലാം കീഴടക്കിയെന്ന് വീമ്പ് പറയുന്ന മനുഷ്യന്റെ അഹന്തക്ക് മേലുള്ള പ്രഹരമായി ഇത്തരം ദുരന്തങ്ങൾ പതിക്കുകയാണ്. ഒരു സത്യവിശ്വാസി ഇവയെ എങ്ങനെ നോക്കിക്കാണണം?

## ഓഖി ചുഴലിക്കാറ്റും ഓർക്കേണ്ട സത്യങ്ങളും



## ജനാധിപത്യം: ഇസ്‌ലാമിന്റെ കാഴ്ചപ്പാട്

**മുഹമ്മദ് നബിയും ജീവിത സന്ദേശവും || പച്ചവെള്ളത്തിന് തീ പിടിക്കുമ്പോൾ**

peaceradio
Tune to reality

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0048 / 2017 ഡിസംബർ 09 / 1439 റബിഉൽ അവ്വൽ 20 / പുസ്തകം 01 / ലക്കം 48



# ഓഖി ചുഴലിക്കാറ്റും ഓർക്കേണ്ട സത്യങ്ങളും

ഉസ്മാൻ പാലക്കാഴി / 10

**മുഖമൊഴി**
കച്ചവടരംഗത്തെ കാപട്യം / 05
എഡിറ്റർ

**ലേഖനങ്ങൾ**
ശിയാക്കളുടെ അനിസ്‌ലാമിക വാദങ്ങൾ / 06
അബ്ദുൽ ജബ്ബാർ മദീനി
സുപ്രധാനമായ ചില വിശ്വാസ കാര്യങ്ങൾ, ഭാഗം: 3 / 15
ശഹീറുദ്ദീൻ ചുഴലി
ജനാധിപത്യം: ഇസ്‌ലാമിന്റെ കാഴ്ചപ്പാട് / 26
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
മുഹമ്മദ് നബിയും ജീവിതസന്ദേശവും / 32
അജയകുമാർ സി.എച്ച്

**ബാലപഥം**
ഒരു ജീവിയെയും ഉപദ്രവിക്കരുത് / 18
അസ്‌റ അബ്ദുൽ ഹയ്യ്

**ക്വുർആൻ പഠനം**
മനുഷ്യാവകാശ ധ്വംസനങ്ങൾ / 19
ശമീർ മദീനി

**ചരിത്രപഥം**
കഅ്ബയുടെ നിർമാണം / 21
ഹുസൈൻ സലഫി, ഷാർജ

**ശാന്തിഗേഹം**
സൗഹാർദം തെറ്റാകുന്നതെങ്ങനെ? / 25
പ്രൊഫ: ഹാരിസ്ബിൻ സലീം

**നമുക്ക് ചുറ്റും**
പച്ചവെള്ളത്തിന് തീ പിടിക്കുമ്പോൾ / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### കലാപാഹ്വാനം: മലയാളി മുസ്‌ലിംകൾക്ക് പറയാനുള്ളത്

ഐ.എസ് കാരന്റേതെന്ന പേരിൽ പ്രചരിക്കപ്പെടുന്ന ശബ്ദ സന്ദേശത്തെക്കുറിച്ച് സി.പി.സലീം എഴുയതിയ ലേഖനം ശ്രദ്ധേയമായി. തങ്ങളുടെ വാദങ്ങളും കൊലവിളിക്കായി തങ്ങൾ നടത്തുന്ന ക്വുർആൻ ദുർവ്യാഖ്യാനങ്ങളും കേരളത്തിലെ മുസ്‌ലിം സംഘടനകൾ അംഗീകരിക്കാത്തതിനാൽ അവരൊക്കെയും കപടന്മാരാണെന്ന് പറഞ്ഞുകൊണ്ടാണ് പോലും അയാൾ സംസാരം അവസാനിപ്പിക്കുന്നത്. കേരളത്തിലെ മതസംഘടനകളെ പേരെടുത്തു പറഞ്ഞ് വിമർശിച്ച് അവരൊന്നും യഥാർഥ മുസ്‌ലിംകളല്ലെന്നും ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്നില്ലെന്നുമുള്ള ഈ അക്രമിയുടെ ഈ പരാമർശം അഭിമാനത്തോട് കൂടി തന്നെയാണ് കേരളത്തിലെ ഓരോ മുസ്‌ലിമും കേട്ടിട്ടുണ്ടാവുക എന്നത് തീർച്ചയാണ്. ഈ 'കൊലയാളിക്കൂട്ടം' ധരിച്ചു വെച്ചിരിക്കുന്ന ഇസ്‌ലാമല്ല കേരളത്തിലെ മുസ്‌ലിംകൾ ഇസ്‌ലാമായി പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കിയത് എന്നതിനെക്കാൾ വലിയ എന്ത് അംഗീകാരമാണ് ഇനി കേരളത്തിലെ മുസ്‌ലിംകൾക്ക് ലഭിക്കാനുള്ളത്?

'ഇന്ത്യയിൽ ആരാധന നടത്തുവാൻ സ്വാതന്ത്ര്യമില്ലെന്ന കളവ് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും ആചാരങ്ങൾ അനുഷ്ഠിക്കുവാനും പ്രബോധനം ചെയ്യുവാനും സ്വാതന്ത്ര്യമുള്ള നമ്മുടെ നാട്ടിൽ എവിടെയാണ് അയാൾ പറയുന്ന തടസ്സങ്ങൾ ഉള്ളത്? ഇന്ത്യ ഭരിക്കുന്നത് ഹിന്ദുക്കളാണെന്നും ഇന്ത്യയിലെ ജനാധിപത്യ വ്യവസ്ഥ ഒരു മുസ്‌ലിമിന് അംഗീകരിക്കുവാൻ പറ്റില്ലെന്നും പറയുന്ന ഇവർ ഇസ്‌ലാമിക പണ്ഡിതനും സ്വാതന്ത്ര്യ സമരസേനാനിയുമായ മൗലാന അബുൽ കലാം ആസാദിലേക്കും കേരളത്തിലെ ഇസ്‌ലാമിക പണ്ഡിതരും സ്വാതന്ത്ര്യ സമര സേനാനികളുമായിരുന്ന കെ. എം. മൗലവി, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, സീതി സാഹിബ് തുടങ്ങിയവരെക്കുറിച്ചോർക്കുന്നത് നന്നായിരിക്കും. സ്വന്തം വിശ്വാസം മുറുകെപ്പിടിക്കുന്നതോടൊപ്പം ഇവിടെയുള്ള മറ്റുമതസ്തരായ നേതാക്കളോടൊപ്പം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും സമൂഹത്തിന്റെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിച്ചവരാണ് അവർ. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും പ്രാവർത്തികമാക്കുവാനും പ്രബോധനം ചെയ്യുവാനും സ്വാതന്ത്ര്യമുള്ള നമ്മുടെ രാജ്യത്തിന്റെ ഭരണഘടന മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അനുഗ്രഹം തന്നെയാണ്.' ഈ വാക്കുകൾ ഓരോ മലയാളി മുസ്‌ലിമും മനസ്സിരുത്തി വായിക്കേണ്ടതാണ്.

ലേഖകനും നേർപഥത്തിനും അഭിനന്ദങ്ങൾ.

**-അബ്ദുൽ ബാസിത്, കൊയിലാണ്ടി**

### നിലവാരം കളയരുത്

'നേർപഥം' വാരികയുടെ ഒരു വായനക്കാരനാണ് ഞാൻ. നിലവാരമുള്ള ലേഖനങ്ങളാണ് വാരികയിൽ വരാറുള്ളത്. മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്ന് വ്യത്യസ്തമായി വിമർശിക്കുമ്പോൾ പോലും ഗുണകാംക്ഷ കാത്തു സൂക്ഷിക്കുന്ന മലയാളത്തിലെ ഏക പ്രസിദ്ധീകരണമായിരിക്കും 'നേർപഥം.'

പക്ഷേ, ദൗർഭാഗ്യകരമെന്ന് പറയട്ടെ, നേർപഥത്തിന്റെ നാളിത് വരെയുള്ള നിലവാരത്തിന് കോട്ടം തട്ടുന്ന വിധമുള്ള ഒരു ലേഖനം 'വമ്പിച്ച നമസ്കാരം ഗംഭീര നോമ്പ്' എന്ന പേരിൽ വന്നതായി കാണുന്നു. ആദർശപരമായി തെറ്റുണ്ടെന്നല്ല പറയുന്നത്. ചില പദപ്രയോഗങ്ങൾ ഒഴിവാക്കാമായിരുന്നു. അത് കൊണ്ട് ശ്രദ്ധിക്കുക. നിലവാരമുള്ള സൃഷ്ടികൾ മാത്രം പ്രസിദ്ധീകരിക്കുക.

**- അസ്‌ലം പട്‌ല**

**വായനക്കാരുടെ പ്രതികരണങ്ങൾ**
**mail@nerpatham.com എന്ന ഇ.മെയിലിലോ**
**9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ**
**നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

# കച്ചവടരംഗത്തെ കാപട്യം

ഇന്ന് വഞ്ചന ഏറ്റവും കൂടുതൽ പ്രകടമായ ഒരു മേഖലയാണ് കച്ചവടം. കച്ചവടരംഗത്ത് എന്തുമാകാം എന്ന നിലപാടാണ് പലർക്കുമുള്ളത്. അമിതമായ ലാഭം കൊയ്യൽ മാത്രമല്ല; അതിനുവേണ്ടി മനുഷ്യത്വത്തിന്റെ സകല സീമകളും ലംഘിക്കലും സാർവത്രികമായിക്കൊണ്ടിരിക്കുന്നു.

ഇസ്‌ലാം പലിശ നിഷിദ്ധമാക്കുകയും കച്ചവടം അനുവദനീയമാക്കുകയും ചെയ്ത മതമാണ്. പാവപ്പെട്ടവൻ ചൂഷണം ചെയ്യപ്പെടുകയും ഉള്ളവൻ വീണ്ടും വീണ്ടും തടിച്ചുവീർക്കുകയും ചെയ്യുന്നതാണ് പലിശ വ്യവസ്ഥ. അതുകൊണ്ടാണ് അത് നിഷിദ്ധമാക്കപ്പെട്ടത്. ന്യായമായ ലാഭമെടുത്ത് കച്ചവടം ചെയ്യാൻ ഇസ്‌ലാം അനുമതി നൽകിയപ്പോൾ അതിൽ പാലിക്കേണ്ട മര്യാദകൾ വിശദീകരിച്ചിട്ടുമുണ്ട്.

അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കലും കൃത്രിമക്ഷാമം സൃഷ്ടിക്കലുമെല്ലാംതന്നെ ഒഴിവാക്കണമെന്ന് ഇസ്‌ലാം കണിശമായി നിർദേശിച്ചിട്ടുണ്ട്.

എന്നാൽ, കച്ചവടത്തിൽ ഇത്തരം നിയമനിർദേശങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധപുലർത്തുന്നവർ വിരളമാണ്. കച്ചവടത്തിൽ ഇന്നത്തെ കാലത്ത് അതൊന്നും നടക്കില്ല എന്നാണ് പലരും പറയാറുള്ളത്.

അളന്നും തൂക്കിയും കൊടുക്കുമ്പോൾ കൃത്യത പാലിക്കണമെന്ന് ഇസ്‌ലാം നിഷ്‌കർഷിക്കുന്നു. വാങ്ങുന്നവർക്ക് ഒട്ടും കുറവുവരുത്താതിരിക്കാൻ സൂക്ഷ്മതയെന്നോണം അൽപം മുൻതൂക്കം നൽകുവാൻ നബിﷺ വിശ്വാസികളോട് കൽപിച്ചിട്ടുള്ളത് ഏറെ ശ്രദ്ധേയമാണ്.

സുവൈദുബ്‌നു ഖൈസ്‌ؓ പറയുന്നു: "സാധനങ്ങൾ തൂക്കാൻ കൂലിക്ക് നിറുത്തിയ ആളോട് നബിﷺ പറഞ്ഞു: അൽപം മുൻതൂക്കം വരുത്തിക്കൊള്ളുക" (അബൂദാവൂദ്, തുർമുദി).

മറ്റൊരിക്കൽ നബിﷺ പറഞ്ഞു: "വല്ലതും വിൽക്കുകയാണെങ്കിൽ ശരിക്കും അളന്നുകൊടുക്കുക; വാങ്ങുമ്പോൾ ശരിക്കും അളന്നു വാങ്ങുകയും ചെയ്യുക'' (ബുഖാരി).

'അളവിൽ കമ്മി വരുത്തുന്നവർ' എന്ന പേരിൽ ഒരു അധ്യായംതന്നെ വിശുദ്ധ ക്വുർആനിലുണ്ട്. അതിന്റെ തുടക്കം ഇങ്ങനെയാണ്:

"അളവിൽ കുറക്കുന്നവർക്ക് മഹാനാശം. അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ തികച്ചെടുക്കുകയും, ജനങ്ങൾക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ആണെങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർ വിചാരിക്കുന്നില്ലേ; തങ്ങൾ ഭയങ്കരമായ ഒരു ദിവസത്തിനായി എഴുന്നേൽപിക്കപ്പെടുന്നവരാണെന്ന്?" (83:1-5).

വിപണിയിലിന്ന് മായം ചേർക്കാത്ത വസ്തുക്കൾ ദുർലഭം. ഏതെങ്കിലും കുഗ്രാമങ്ങളിലുണ്ടാക്കിയ വസ്തുക്കൾ വിദേശ നിർമിതമെന്ന് പറഞ്ഞ് അമിത വിലയ്ക്ക് വിൽക്കുന്നു. നല്ല സാധനങ്ങൾ ആളുകളുടെ ശ്രദ്ധയാകർഷിക്കുന്ന രൂപത്തിൽ പ്രദർശനത്തിനു വെച്ച്, അതു കണ്ട് വാങ്ങാൻ വരുന്നവർക്ക് ഗുണമേന്മ കുറഞ്ഞവ കൊടുക്കുന്ന സമ്പ്രദായം സാർവത്രികം.

ഉള്ളിൽ നനഞ്ഞ ധാന്യവും പുറമെ ഉണങ്ങിയതുമിട്ട് വിൽപനക്ക് വെച്ചിരിക്കുന്നത് നബിﷺയുടെ ദൃഷ്ടിയിൽ പെട്ടപ്പോൾ 'ഉള്ളിലുള്ളത് നീ എന്തുകൊണ്ട് പുറത്തു കാണിച്ചില്ല?' എന്ന് വളരെ ഗൗരവസ്വരത്തിൽ ചോദിച്ചുകൊണ്ട് നബിﷺ ഇപ്രകാരം കൂട്ടിച്ചേർത്തു: 'നമ്മെ ചതിച്ചവൻ നമ്മിൽപെട്ടവനല്ല' (മുസ്‌ലിം).

സത്യവിശ്വാസികൾ ഏത് രംഗത്തും അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കേണ്ടവരാണ്. ഇഹത്തിലും പരത്തിലും വിജയം പ്രാപിക്കുവാൻ അത് അനിവാര്യമാണ്. നമ്മെ ആരെങ്കിലും ചതിക്കുന്നത് നാം ഇഷ്ടപ്പെടില്ല. അതുപോലെ മറ്റുള്ളവരെ നാം കബളിപ്പിക്കുന്നത് അവരും ഇഷ്ടപ്പെടില്ല എന്ന തിരിച്ചറിവ് നമുക്ക് അനിവാര്യമാണ്. ●

**അബ്ദുൽ ജബ്ബാർ മദീനി**
mail@nerpatham.com

ലേഖനം

**ആരാണ് ശിയാക്കൾ? ഭാഗം: 3**



# ശിയാക്കളുടെ അനിസ്‌ലാമിക വാദങ്ങൾ

**മുത്അഃ വിവാഹം**

തികച്ചും ഇസ്‌ലാമിക വിരുദ്ധമായ വിശ്വാസങ്ങളും ആചാരങ്ങളും വെച്ചുപുലർത്തുന്നവരാണ് ശിയാക്കൾ. ക്വുർആനിലും പ്രവാചക ചര്യയിലും യാതൊരു തെളിവുമില്ലാത്ത കാര്യങ്ങൾ വ്യാജമായ തെളിവുകൾ ഉണ്ടാക്കി പ്രാമാണികമെന്ന് വരുത്തുവാൻ ശിയാക്കൾക്ക് യാതൊരു മടിയുമില്ല. ശിയാക്കൾക്കിടയിലെ ഒരു വൃത്തികെട്ട അനാചാരമാണ് മുത്അഃ വിവാഹം. നിർണിത അവധി വെച്ചുള്ള താൽക്കാലിക വിവാഹമാണത്. 'ഇന്ന സംഖ്യക്ക് ഒരു നിർണിത കാലം ഞാൻ നിന്നെ സുഖിക്കുവാൻ ഉപയോഗിക്കുന്നു' എന്ന് ഒരു പുരുഷൻ തനിക്കു വിവാഹം അനുവദനീയമായ ഒരു പെണ്ണിനോട് പറയലോടെ മുത്അഃ വിവാഹമായി.

ഏറ്റവും നല്ല സമ്പ്രദായവും ശ്രേഷ്ഠകർമവുമായിട്ടാണ് ശിയാക്കൾ മുത്അഃ ആചരിക്കുന്നത്. മുത്അഃ വിവാഹത്തിന്റെ മഹത്ത്വം സ്ഥാപിക്കുവാൻ തിരുനബിﷺയുടെ പേരിൽ വ്യാജ ഹദീഥുകൾവരെ അവർ നിർമിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ശിയാ നിർമിതങ്ങളായ ഏതാനും വ്യാജ ഹദീഥുകൾ കാണുക:

"വല്ലവനും ഒരു മുഅ്മിനായ പെണ്ണിനെക്കൊണ്ട് മുത്അഃ യിലൂടെ സുഖമെടുത്താൽ അവൻ എഴുപതു തവണ കഅ്ബഃ സിയാറത്ത് ചെയ്തതു പോലെയാണ്."[11]

"വല്ലവനും ഒരു തവണ മുത്അഃ നടത്തിയാൽ അവൻ ജബ്ബാറായ അല്ലാഹുവിന്റെ കോപത്തിൽ നിന്ന് നിർഭയനായി. വല്ലവനും രണ്ടു തവണ മുത്അഃ നടത്തിയാൽ അവൻ പുണ്യാളന്മാരോടൊപ്പം മഹ്ശറയിൽ ഒരുമിച്ചു കൂട്ടപ്പെടും. വല്ലവനും മൂന്നു തവണ മുത്അഃ നടത്തിയാൽ അവൻ സ്വർഗം എന്നോടൊപ്പം പങ്കിടും.[12]

"വല്ലവനും ഒരു തവണ മുത്അഃ നടത്തിയാൽ അവന്റെ പദവി ഹുസയ്നിന്റെ പദവിയാണ്. വല്ലവനും രണ്ടു തവണ മുത്അഃ നടത്തിയാൽ അവന്റെത് ഹസനിന്റെ ദറജഃയാണ്. വല്ലവനും മൂന്നു തവണ മുത്അഃനടത്തിയാൽ അവന്റെത് അലിയ്യി ﵁ന്റെ ദറജഃയാണ്. വല്ലവനും നാലു തവണ മുത്അഃ നടത്തിയാൽ അവന്റെത് എന്റെ ദറജഃയാണ്."[13]

ശിയാമതത്തിന്റെ പാപരത്വം മനസ്സിലാക്കുവാനാണ് അവരാൽ നിർമിക്കപ്പെട്ട വ്യാജമായ മൂന്ന് നിവേദനങ്ങൾ മുകളിൽ നൽകിയത്. മുത്അഃ വിവാഹത്തെ ഇസ്‌ലാം നിഷിദ്ധമാക്കിയിട്ടുണ്ട് എന്നതാണ് വസ്തുത. പ്രസ്തുത യാഥാർഥ്യം ശിയാ ഗ്രന്ഥങ്ങൾ വരെ ഉദ്ധരിച്ചിട്ടുമുണ്ട്.

"അല്ലാഹുവിന്റെ റസൂൽ ﷺ ഖയ്ബർ യുദ്ധദിനം നാടൻ കഴുതയുടെ മാംസവും മുത്അഃ വിവാഹവും ഹറാമാക്കി."[14]

മുത്അഃ വിവാഹത്തെകുറിച്ച് അബൂഅബ്ദില്ല ചോദിക്കപ്പെട്ടു: 'അപ്പോൾ അദ്ദേഹം പറഞ്ഞു: താങ്കൾ താങ്കളുടെ ശരീരം അതുകൊണ്ട് മലീമസമാക്കരുത്."[15]

**മുസ്ഹഫു ഫാത്വിമഃ**

മുസ്ഹഫുഫാത്വിമഃ എന്നപേരിൽ ഒരു ക്വുർആൻ തങ്ങളുടെ പക്കലുണ്ടെന്ന് ശിയാക്കൾ വിശ്വസിക്കുന്നു. ശിയാക്കളുടെ ആധികാരിക ഗ്രന്ഥങ്ങളിലൊന്നായ അൽകാഫിയിൽ ഇമാം ജ അ്ഫർ സ്വാദികിലേക്ക് വ്യാജമായി ചേർത്ത് ശീഈ നേതാവ് കുലയ്നി പറയുന്നു:

"നിശ്ചയം, ഞങ്ങളുടെ അടുക്കൽ മുസ്ഹഫു ഫാത്വിമഃയുണ്ട്. ഞാൻ ചോദിച്ചു: എന്താണ് മുസ്ഹഫു ഫാത്വിമഃ? ഇമാം പറഞ്ഞു: അതാണു മുസ്ഹഫ്. അതിൽ നിങ്ങളുടെ ഈ ക്വുർആനിന്റെ മൂന്ന് ആവർത്തിയുണ്ട്. അല്ലാഹുവാണെ സത്യം, നിങ്ങളുടെ ക്വുർആനിൽനിന്നുള്ള ഒരു അക്ഷരം പോലും അതിലില്ല."[16]

ശീഇകളുടെ തന്നെ മറ്റു ചില ഗ്രന്ഥങ്ങളിൽ ഇപ്രകാരമുണ്ട്:

"മുസ്ഹഫു ഫാത്വിമഃയിൽ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്നുള്ള യാതൊന്നുമില്ല. അവർക്കു നൽകപ്പെട്ടത് എന്താണോ അതു മാത്രമാണത്."[17]

വലുപ്പത്തിൽ മുസ്ഹഫിനെക്കാൾ മികവു പുലർത്തുകയും വിഷയത്തിൽ വ്യതസ്തത പുലർത്തുകയും ചെയ്യുന്നതാണ് അവരുടെ മുസ്ഹഫെന്ന വാദവും അവർക്കുണ്ട്.[18]

ശിയാക്കളുടെ ഇത്തരം വ്യാജവാദങ്ങളിൽനിന്ന് ഫാത്വിമ﵁യും അലിയ്യും﵁ നബികുടുംബവും നിരുത്തരവാദികളാണ്. അല്ലാഹുവിന്റെ വചനമായ വിശുദ്ധ ക്വുർആൻ സത്യസമ്പൂർണവും നിത്യ ചൈതന്യവും സർവർക്കും സർവകാലത്തേക്കുമുള്ള മാർഗദർശനവും വഴികാട്ടിയുമാണെന്നിരിക്കെ മറ്റൊരു മുസ്ഹഫിൽ വിശ്വസിക്കേണ്ട യാതൊരു ആവശ്യവും ആർക്കുമില്ല; തീർച്ച.

യഥാർഥ മുസ്ഹഫിനോട് കെട്ടിലുംമട്ടിലും മികവു പുലർത്തുന്ന മറ്റൊരു മുസ്ഹഫ് തങ്ങളുടെ പക്കലുണ്ടെന്നാണല്ലോ ശിയാ ജൽപനം. താഴെ വരുന്ന വിശുദ്ധ വചനങ്ങളിൽ വിശുദ്ധ ക്വുർആനിനുള്ള മഹത്ത്വങ്ങളും വർണനകളും നോക്കൂ. വചനങ്ങൾ ഇതു പോലെ ധാരാളമാണ്.

"തീർച്ചയായും ഇത് (ക്വുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചതു തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്‌രീൽ) അതുംകൊണ്ട് നിന്റെ ഹൃദയത്തിൽ ഇറങ്ങിയിരിക്കുന്നു. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്" (ക്വുർആൻ 26:192-195).

"...എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷ വാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരി പ്പിച്ചിരിക്കുന്നത്"(ക്വുർആൻ 16:89).

"(തീർച്ചയായും ഈ ഉൽബോധനം തങ്ങൾക്കു വന്നുകിട്ടിയപ്പോൾ അതിൽ അവിശ്വസിച്ചവർ (നഷ്ടംപറ്റിയവർ തന്നെ). തീർച്ചയായും അത് പ്രതാപമുള്ള ഒരു ഗ്രന്ഥം തന്നെയാകുന്നു. അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്" (ക്വുർആൻ 41:41,42).

**അൽബറാഅഃ**

അബൂബകർ﵁, ഉമർ﵁, ഉഥ്മാൻ﵁, മുആവിയ﵁ എന്നിവരിൽ നിന്ന് ഒഴിയലും അവരെ ശത്രുക്കളായി കാണലും ശപിക്കലുമാണ് അൽബറാഅഃ. അത് ശിയാഇസത്തിന്റെ നിർബന്ധ ഘടകവുമാണ്. ശീഈ ഇമാമായ മുഹമ്മദ് ബാക്വിർ മജ്‌ലിസീ തന്റെ അൽ ഇഅ്തികാദാത്ത് എന്ന ഗ്രന്ഥത്തിൽ

എഴുതുന്നു: “അബൂബക്ർ, ഉമർ, ഉഥ്മാൻ, മുആവിയ എന്നിവരിൽ നിന്ന് ഒഴിയൽ ഇമാമിയ്യാ ദീനിന്റെ അഭിവാജ്യഘടകമാണ്.”[19]

മജ്‌ലിസീ തന്റെ‘ഹക്കുൽ യകീൻ’ എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: “ബറാഅഃയുടെ വിഷയത്തിൽ ഞങ്ങളുടെ ആദർശം എന്തന്നാൽ, അബൂബക്ർ, ഉമർ, ഉഥ്മാൻ, മുആവിയ, എന്നീ നാലു വിഗ്രഹങ്ങളിൽനിന്നും ആഇശ, ഹഫ്‌സ്വ, ഹിന്ദ്, ഉമ്മുൽഹകം എന്നീ സ്ത്രീകളിൽനിന്നും അവരുടെ അനുയായികളിൽനിന്നും അനുഭാവികളിൽനിന്നും ഞങ്ങൾ ഒഴിവാകലാകുന്നു. അവരാകുന്നു ഭൂമിക്ക് ഉപരിയിൽ ഏറ്റവും നീചമായ സൃഷ്ടികൾ”[20]

സ്വഹാബികളെ ആക്ഷേപിക്കുന്ന പ്രവണത ഏറെ ഹീനവും അത്തരക്കാരുടെ ലക്ഷ്യം തീർത്തും മോശവുമാണ്. ഇതിലൂടെ ശിയാക്കൾ നേടിയതും നേടിക്കൊടുത്തതും പ്രവാചക നിന്ദയാണെന്ന് ഇമാം മാലിക് വ്യക്തമാക്കുന്നു: ‘തിരുനബിﷺയെ ആക്ഷേപിക്കുവാൻ മാത്രമാണ് സ്വഹാബികളെ ആക്ഷേപിക്കു ന്നവർ ഉദ്ദേശിച്ചത്. എന്നാൽ അവർക്ക് അതിന് സാധിച്ചില്ല. അപ്പോൾ, നബി മോശക്കാരനാണ്; അദ്ദേഹം നന്നായിരുന്നുവെങ്കിൽ അനുയായികളും നന്നാകുമായിരുന്നു എന്ന് പറയപ്പെടുവാനായി അവർ സ്വഹാബത്തിനെ ആക്ഷേപിക്കുകയുണ്ടായി.’[21]

സ്വഹാബികളെ അദരിക്കലും ബഹുമാനിക്കലുമാണ് യഥാർഥത്തിൽ ഇസ്‌ലാമിക ആദർശം. തിരുദൂതരുടെﷺ കൽപന നോക്കൂ:

“എന്റെ സ്വഹാബികളെ നിങ്ങൾ ആദരിക്കണം. കാരണം അവർ നിങ്ങളിൽ ഉത്തമരാണ്.”[22]

സ്വഹാബികളെ ശകാരിക്കുന്നത് പോലും വിലക്കപ്പെട്ട കാര്യമാണ്. അപ്പോൾ അവരെ ശപിക്കുന്നതും അവരോട് ശത്രുത പുലർത്തുന്നതും ഏത്ര ഗൗരവതരമാണ്. അല്ലാഹുവിന്റെ തിരുദൂതർﷺ പറഞ്ഞു:

“എന്റെ സ്വഹാബികളിൽ ആരെയും നിങ്ങൾ ശകാരിക്കരുത്. കാരണം, നിങ്ങളിൽ ഒരാൾ ഉഹുദ് മലയോളം സ്വർണം (ദാനമായി) ചെലവഴിച്ചാൽ അത് അവരിൽ ഒരാൾ (ദാനമായി ചെലവഴിച്ച) ഒരു മുദ്ദിനോളം അല്ലെങ്കിൽ അര മുദ്ദിനോളം എത്തുകയില്ല” (ബുഖാരി).

**അൽബദാഅ്**

ശിയാഇസത്തിന്റെ മറ്റൊരു അടിസ്ഥാനവും അതിരുവിട്ട് അവർ സമർഥിക്കുന്ന ഒരു വിഷയവുമാണ് അല്ലാഹുവിന് അൽബദാഅ് ഉണ്ട് എന്നത്. അറിവിനെ അജ്ഞത മുൻകടക്കലും അറിവ് പുതുതായി ഉണ്ടാകലുമാണ് അൽബദാഅ് എന്ന പ്രയോഗം അർഥമാക്കുന്നത്. അല്ലാഹുവിനെ സംബന്ധിച്ച് അസംഭവ്യമായ, അറിവില്ലായ്മയും അജ്ഞതയും അല്ലാഹുവിന് അനി വാര്യമാക്കലാണ് ഇതിലൂടെ ശിയാക്കൾ ലക്ഷ്യമാക്കുന്നത്. എഴുപത് വർഷം കൊണ്ട് ഭരണവും രാഷ്ട്രവും തങ്ങളുടെ കീഴിലാകുമെന്ന് ശിയാ ശെയ്ഖുമാർ അനുയായികളെ മോഹിപ്പിച്ചിരുന്നു. മോഹം പൂവണിയാത്തതിൽ ആകുലപ്പെട്ട അനുയായികളെ പിടിച്ചു നിർത്തുവാനും പ്രതിസന്ധി തരണം ചെയ്യുവാനും നേതാക്കൾ പടച്ച ജൽപനം മാത്രമാണ് ബദാഅ്. തങ്ങളുടെ വാഗ്ദാനത്തെ മാറ്റിത്തിരുത്തേണ്ട കാര്യങ്ങൾ അല്ലാഹുവിന് ബോധ്യപ്പെട്ടു എന്ന് അവർ തട്ടിവിടുകയും ചെയ്തു. ബദാഇന്റെ ആധികാരികതയെ കുറിച്ച് ശിയാ ശെയ്ഖായ കുലെയ്നിയും മറ്റും പറയുന്നു: “മദ്യം നിഷിദ്ധമാക്കിക്കൊണ്ടും അല്ലാഹുവിന് ബദാഅ് സ്ഥാപിക്കാനുമല്ലാതെ അല്ലാഹു യാതൊരു നബിയെയും ഒരിക്കലും നിയോഗിച്ചിട്ടില്ല.”[23]

എന്നാൽ അല്ലാഹുവിലേക്ക് ഒരിക്കലും ചേർക്കപ്പെടുവാൻ പാടില്ലാത്ത കടുത്ത അപരാധമാണ് അൽബദാഅ്. ജൂതായിസത്തിന്റെ സൃഷ്ടിയും സംഭാവനയും ജൂതനായ ഇബ്നു സബഇന്റെ പ്രചാരണവുമാണത്. അതാകട്ടെ വിശുദ്ധക്വുർആനിന് കടകവിരുദ്ധമായ ചിന്തയാണ് താനും. അല്ലാഹു പറയുന്നു:

“(നബിയേ) നീ വല്ല കാര്യത്തിലും ഏർപെടുകയോ, അതിനെപ്പറ്റി ക്വുർആനിൽനിന്ന് വല്ലതും ഓതിക്കേൾപിക്കുകയോ, നിങ്ങൾ ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപെടുകയോ ചെയ്യുന്നുവെങ്കിൽ നിങ്ങളതിൽ മുഴുകുന്ന സമയത്ത് നിങ്ങളുടെ മേൽ സാക്ഷിയായി നാം ഉണ്ടാകാതിരിക്കുകയില്ല. ഭൂമിയിലോ ആകാശ ത്തോ ഉള്ള ഒരു അണുവോളമുള്ള യാതൊന്നും നിന്റെ രക്ഷിതാവി(ന്റെ ശ്രദ്ധയി)ൽ നിന്ന് വിട്ടുപോകുകയില്ല. അതിനെക്കാൾ ചെറുതോ വലുതോ ആയിട്ടുള്ള യാതൊന്നും സ്പഷ്ടമായ ഒരു രേഖയിൽ ഉൾപെടാത്തതായി ഇല്ല” (ക്വുർആൻ 10:61).

**ത്വീനത്ത്**

പൊതുജനങ്ങളിൽനിന്ന് മറച്ചുവെക്കുവാൻ ശിയാക്കൾ അന്യോന്യം ഉപദേശിക്കുന്ന അവരുടെ വിശ്വാസവും രഹസ്യ വാർത്തയുമാണ് അക്വീദതുത്ത്വീനഃ.

പ്രസ്തുത ശീഈ വിശ്വാസത്തെ ഇപ്രകാരം സംഗ്രഹിക്കാം: മനുഷ്യർ സൃഷ്ടിക്കപ്പെട്ടപ്പോൾ ശിയാക്കൾ ഒരു മണ്ണിൽനിന്നും സുന്നികൾ മറ്റൊരു മണ്ണിൽനിന്നും സൃഷ്ടിക്കപ്പെട്ടു. ഈ മണ്ണുകളിൽ കൂടിക്കലരൽ നടന്നിട്ടുണ്ട്. അതിനാൽ ശിയാക്കളിൽ കാണപ്പെടുന്ന തെറ്റുകുറ്റങ്ങൾ സുന്നീ മണ്ണിന്റെ കലർപ്പുകാരണത്താലാണ്. സുന്നികളിൽ കാണപ്പെടുന്ന നന്മയും വിശ്വാസ്യതയും ശിയാമണ്ണിന്റെ കലർപ്പു കാരണത്താലുമാണ്. അന്ത്യനാളാ

യാൽ ശിയാക്കളുടെ പാപങ്ങളും തിന്മകളും അഹ്‌ലുസ്സുന്നഃയുടെ മേൽ വെക്കപ്പെടും. അഹ്‌ലുസ്സുന്നഃയുടെ നന്മകൾ ശിയാക്കൾക്ക് നൽകപ്പെടുകയും ചെയ്യും.[24]

ഈ ത്വീനത്ത് വിശ്വാസത്തെ സ്ഥാപിക്കുന്ന അറുപത് ശിയാ നിർമിത നിവേദനങ്ങൾ അവരുടെ ഗ്രന്ഥങ്ങളിലുണ്ട്. ശിയാ ഇമാമുമാരായ കുലയ്നിയുടെ ഉസ്വൂലുൽകാഫി, മുഹമ്മദ് ബാകിർ മജ്‌ലിസിയുടെ ബിഹാറുൽ അൻവാർ, ഇബ്നുബാബവയ്ഹിയുടെ ഇലലുശ്ശറാഇഅ്, നിഅ്മതുല്ലാ അൽജസാഇരിയുടെ അൽ അൻവാറുന്നുഅ്മാനിയ്യഃ എന്നീ ഗ്രന്ഥങ്ങളിലാണ് പ്രസ്തുത റിപ്പോർട്ടുകളുള്ളത്.

മദ്യപാനം, വ്യഭിചാരം, കൊള്ളയടി, കൊലപാതകം, സ്വവർഗരതി, പലിശ തിന്നൽ തുടങ്ങിയ വൻപാപങ്ങൾ ശിയാക്കൾ ചെയ്യുന്നതിനെ കുറിച്ചും നമസ്കാരം, നോമ്പ്, സകാത് തുടങ്ങിയ പുണ്യകർമങ്ങൾ ശിയാക്കൾ ഉപേക്ഷിക്കുന്നതിനെ കുറിച്ചും ചോദിക്കപ്പെട്ടപ്പോൾ അത് സുന്നീ മണ്ണിന്റെ കലർപ്പു കാരണത്താലാണ് എന്ന് ഇമാമുമാർ മറുപടി നൽകിയതും ശിയാക്കളുടെ പാപങ്ങളും അവരിൽനിന്നു വന്നുപോയ ഉപേക്ഷകളും അന്ത്യനാളിൽ സുന്നികളുടെമേൽ വഹിക്കപ്പെടുമെന്ന് ഇമാമുമാർ ആശ്വസിപ്പിച്ചതും ഔദ്യോഗിക ശിയാ ഗ്രന്ഥങ്ങളായ മജ്‌ലിസിയുടെ ബിഹാറുൽ അൻവാർ, ഇബ്നുബാബവയ്ഹിയുടെ ഇലലുശ്ശറാഇഅ് നിഅ്മത്തുല്ലാ അൽജസാഇരിയുടെ അൽഅൻവാറുന്നുഅ്മാനിയ്യഃ എന്നിവയിൽ കാണാം.[25]

ഇസ്‌ലാമികമായ ശുദ്ധ പ്രകൃതിയിലാണ് അല്ലാഹു മനുഷ്യരെയെല്ലാം സൃഷ്ടിച്ചിരിക്കുന്നത് എന്ന ആദർശത്തിനും പ്രമാണങ്ങൾക്കും വിരുദ്ധമാണ് ഈ ത്വീനത്ത് വിശ്വാസം. വിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നത് നോക്കൂ:

“ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചുനിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടിവ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം” (ക്വുർആൻ 30:30).

അല്ലാഹു ആജ്ഞാപിച്ചതനുസരിച്ച് തിരുദൂതർ ﷺ പഠിപ്പിച്ച ഒരു തിരുമൊഴി ഇപ്രകാരമുണ്ട്:

“തീർച്ചയായും എന്റെ അടിമകളെ മുഴുവൻ ഞാൻ ഋജുമാർഗികളായി(മുസ്‌ലിംകളായി)ട്ടാണ് സൃഷ്ടിച്ചത്. എല്ലാ കുട്ടികളും ഫിത്വ്റതി(ഇസ്‌ലാമിൽ)ലാണ് ജനിക്കുന്നത്.”

മറ്റൊരു റിപ്പോർട്ടിൽ: “ഈ (ഇസ്‌ലാമിക)മില്ലത്തിലല്ലാതെ (ഒരാളും ജനിക്കുന്നില്ല)” എന്നാണുള്ളത്.

ശിയാക്കളുടെ പാപങ്ങളും തിന്മകളും സുന്നികൾ വഹിക്കുമെന്നതും സുന്നികളുടെ നന്മകളെല്ലാം ശിയാക്കൾക്ക് നൽകപ്പെടുമെന്നതും ത്വീനത്ത് വിശ്വാസത്തിൽ പെട്ടതാണെന്ന് ശിയാഗ്രന്ഥങ്ങളുടെ സന്ദേശമാണെന്ന് ഉണർത്തിയല്ലോ. എന്നാൽ ഇത് ദൈവികനീതിക്ക് നിരക്കാത്തതും സൽബുദ്ധിയോടും സൽപ്രകൃതിയോടുമുള്ള സംഘട്ടനവും പ്രമാണങ്ങൾക്ക് നിരക്കാത്ത വിതണ്ഡവാദവുമാണ്.

“...ഏതൊരാളും ചെയ്തുവെക്കുന്നതിന്റെ ഉത്തരവാദിത്തം അയാൾക്ക് മാത്രമായിരിക്കും.ഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ ഭാരം ചുമക്കുന്നതല്ല” (ക്വുർആൻ 6:164).

“പാപഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ചുമക്കുകയില്ല” (ക്വുർആൻ 17:15).

“പാപഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും മനുഷ്യന്ന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല എന്നും, അവന്റെ പ്രയത്നഫലം വഴിയെ കാണിച്ചുകൊടുക്കപ്പെടും എന്നുമുള്ള കാര്യം. (അവന് വിവരം അറിയിക്കപ്പെട്ടിട്ടില്ലേ?)” (ക്വുർആൻ 53:38-40).

**റഫറൻസ്:**

11. ഹുസെയ്ൻ മൗസവിയുടെ കശ്ഫുൽ അസ്റാർ, പേ: 35.

12. മൻ ലാ യഹ്ദ്വുറുഹുൽ ഫക്വീഹ് വാ: 3, പേ: 366.

13. സയ്യിദ്ഫത്ഹുല്ലാഹ് അൽകാസാനി, തഫ്സീർ മൻഹജുസ്സ്വാദികീൻ പേ: 356.

14. വസാഇലുശ്ശീഅഃ വാ: 14 പേ: 441, ഇസ്തിബ്സ്വാർ, വാ:3 പേ: 142.

15. ബിഹാറുൽഅൻവാർ വാ: 110, പേ: 318.

16. അൽകാഫി, കുലയ്നി, വാ:1, പേ: 239.

17. ബിഹാറുൽഅൻവാർ. വാ: 48, പേ: 26, ബസ്വാഇറുദ്ദറജാത് പേ: 43.

18. അശ്ശാഫീ ശറഹുഉസ്വൂലിൽകാഫി. വാ:3പേ: 197

19. അൽഇഅ്തികാദാത്ത്, പേ: 90.

20. ഹക്വുൽയകീൻ പേ: 519.

21. അസ്സ്വാരിമുൽ മസ്ലൂൽ 580.

22. മുസ്നദ് അഹ്മദ്, സുനനുന്നസാഈ, മുസ്തദ്റക് ഹാകിം.

23. അൽകാഫി, കുലയ്നി, വാ: 1 പേ: 148, ബിഹാറുൽ അൻവാർ. വാ: 4, പേ: 108.

24. ഉസ്വൂലുമദ്ഹബിശ്ശീഅഃ ഇഥ്നാ അശരിയ്യഃ, നാസ്വിർ അലി ക്വഫാരി പേ: 995

25. ബിഹാറുൽ അൻവാർ വാ: 5, പേ: 233, ഇലലുശ്ശറാഇഅ്. പേ: 490, 491. അൽഅൻവാറുന്നുഅ്മാനിയ്യ

വാ: 1, പേ: 287. **(തുടരും)**



കവർ സ്റ്റോറി

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# ഓഖി ചുഴലിക്കാറ്റും ഓർക്കേണ്ട സത്യങ്ങളും

**ഭൂകമ്പം, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, അഗ്നിപർവത സ്ഫോടനം... ഇങ്ങനെ പലവിധ ദുരന്തങ്ങൾ ഇടയ്ക്കിടെ ലോകത്തിന്റെ പലഭാഗങ്ങളിൽ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. കടലും കരയും ആകാശവുമെല്ലാം കീഴടക്കിയെന്ന് വീമ്പ് പറയുന്ന മനുഷ്യന്റെ അഹന്തക്ക് മേലുള്ള പ്രഹരമായി ഇത്തരം ദുരന്തങ്ങൾ പതിക്കുകയാണ്. ഒരു സത്യവിശ്വാസി ഇവയെ എങ്ങനെ നോക്കിക്കാണണം?**

ഈ വർഷം ഡിസംബർ മാസം കടന്നുവന്നത് 'ഓഖി' എന്ന് പേരിട്ട ചുഴലിക്കാറ്റുമായാണ്. സംസ്ഥാനത്ത് ഏറെ നാശനഷ്ടങ്ങളുണ്ടാക്കി കാറ്റ് കടന്നുപോയി. ഭീതിയുടെ മുൾമുനയിലായിരുന്നു സംസ്ഥാനം ഏതാനും ദിവസങ്ങൾ. നാളുകൾ പിന്നിട്ടിട്ടും കടലിൽ പോയ അനേകമാളുകൾ തിരിച്ചുവന്നിട്ടില്ല. കേരളത്തിൽ ഇരുപത്തൊമ്പതും തമിഴ്നാട്ടിൽ ഒമ്പതും പേർ മരണപ്പെട്ടു. മരണസംഖ്യ ഇനിയും കൂടാമെന്നാണ് വാർത്തകൾ സൂചിപ്പിക്കുന്നത്. കൂറ്റൻ തിരകൾ തീരത്തേക്ക് അടിച്ചുകയറിത് പല സ്ഥലങ്ങളിലും പരിഭ്രാന്തി പരത്തിയിട്ടുണ്ട്. 2004ൽ കടന്നുവന്ന സുനാമി ആവർത്തിക്കുമോ എന്ന ഭീതിയിലായിരുന്നു ജനങ്ങൾ. അങ്ങനെയൊരു ദുരന്തം സംഭവിക്കാത്തതിലുള്ള ആശ്വാസത്തിലാണ് തീരദേശവാസികൾ.

2004ലെ സുനാമിയിൽ ലോകത്തിന്റെ പലഭാഗങ്ങളിലായി രണ്ട് ലക്ഷത്തിൽ പരം ആളുകൾ കൊല്ലപ്പെടുകയും അനേകലക്ഷം ആളുകൾ വഴിയാധാരമാവുകയും ക്ലിപ്തപ്പെടുത്താൻ പറ്റാത്തത്ര സാമ്പത്തിക നഷ്ടം ഉണ്ടാവുകയും ചെയ്തത് നാം മറന്നിട്ടില്ല. അന്നത്തെ സുനാമിയെ അവലോകനം ചെയ്തുകൊണ്ട് എഴുതിയ ലേഖനത്തിൽ 'മലയാളം' വാരിക എഴുതി: "കുളച്ചൽ വാണിയക്കുടി കടൽക്കരയിൽ ചീട്ടുകളിച്ചുകൊണ്ടിരുന്ന മത്സ്യത്തൊഴിലാളിയായ ഫ്രാൻസിസും സംഘവും നോക്കുമ്പോൾ, മൂന്നാൾ ഉയരത്തിൽ വരുന്ന ഏതോ ഒരു ഭീകരജീവിയെപ്പോലെയായിരുന്നു കടൽ. ശക്തിയായി ഉയർന്നുവന്ന ഈ ഭീകരത്തിര അത് വീശിയടിച്ച് പോരുന്ന വഴിയിലുള്ള സകലതിനെയും തകർത്തുകൊണ്ടാണ് പിൻവാങ്ങിയത്. ഫ്രാൻസിസിനോടൊപ്പമുണ്ടായിരുന്ന ആരും ഇന്ന് ജീവിച്ചിരിപ്പില്ല. ആറോളം കടലോരഗ്രാമങ്ങളെയും അത് വിഴുങ്ങി."

"കടൽക്കരയിലെ എ.വി.എം. കനാലിൽ ചപ്പ് ചവറുകൾക്കിടയിൽ തിരയുന്ന രക്ഷാപ്രവർത്തകരുടെ കണ്ണിൽ പെടുന്നത് പുതഞ്ഞ് കിടക്കുന്ന ശവശരീരങ്ങൾ മാത്രം. കരയിൽ ചിതറിക്കിടക്കുന്ന കളിപ്പാട്ടങ്ങൾ, വസ്ത്രങ്ങൾ, പാഠപുസ്തകങ്ങൾ, വള്ളങ്ങൾ, വാഹനങ്ങൾ. എല്ലാം കടൽ തിരിച്ചു കൊടുത്തുവെങ്കിലും ഇനിയും വിട്ടുകൊടുക്കുവാൻ മടിക്കുന്ന ചിലതുണ്ട്. നിരവധി ശവശരീരങ്ങൾ..." (മലയാളം വാരിക. 2005 ജനുവരി 7).

ഇത് ചരിത്രത്തിലെ ആദ്യത്തെ സുനാമിയായിരുന്നില്ല. 1946ൽ ആലൂഷ്യൻ ദ്വീപിനടുത്ത് കടലിനടിയിലുണ്ടായ ഭൂകമ്പത്തെ തുടർന്നുണ്ടായ സുനാമി തിരമാലകൾ 3200 കി.മീ. അകലെയുള്ള ഹവായ് ദ്വീപിൽ അഞ്ചു മണിക്കൂർ കൊണ്ട് പാഞ്ഞെത്തി ആ ദ്വീപിനെ തകർത്തുകളഞ്ഞിട്ടുണ്ട്. 1990ൽ ചിലിയിലുണ്ടായ സുനാമി 22 മണിക്കൂർ സഞ്ചരിച്ചാണ് ജപ്പാനിലെ തീരപ്രദേശത്ത് നാശം വിതച്ചത്.

ദുരന്തങ്ങൾ ഓരോന്നായി ഭൂമുഖത്ത് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. തുർക്കിയിലും ഗുജറാത്തിലും ഇറാനിലും സമീപ കാലത്തുണ്ടായ ഭൂകമ്പങ്ങൾ അതിശക്തമായിരുന്നു. ഒറീസയിലെ കൊടുങ്കാറ്റിന്റെ ഭീകരതയും നമ്മൾ കണ്ടതാണ്. റോഡപകടങ്ങളും അതിനെത്തുടർന്നുണ്ടാകുന്ന മരണങ്ങളും വർധിച്ചുകൊണ്ടിരിക്കുന്നു. പുതിയ പുതിയ മാരകരോഗങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു.

ശാസ്ത്ര-സാങ്കേതിക മുന്നേറ്റത്തിൽ അഹന്ത നടിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ ഇതിന് മുമ്പിൽ പകച്ചുനിൽക്കുകയാണ്; നിസ്സഹായനായി വിലപിക്കുകയാണ്. 2004ൽ സുനാമിത്തിരമാലകൾ തമിഴ്നാട് തീരത്ത് നാശം വിതച്ചുകൊണ്ടിരിക്കുന്ന വാർത്തയറിഞ്ഞിട്ടും അത് കേരളത്തിലും എത്തുമെന്ന് പറയാനും മുന്നറിയിപ്പ് നൽകാനും കേരളത്തിലെ ശാസ്ത്രജ്ഞന്മാർക്ക് കഴിയാതെ പോയതും ഭരണാധികാരികൾ അവരെ ശാസിച്ചതും നമ്മൾ കണ്ടതാണ്. സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ ഡയറക്ടർ എം. ബാവ അന്ന് തുറന്നു പറഞ്ഞത് കാണുക:

"ഇത്തരമൊരു ദുരന്തം മുൻകൂട്ടി അറിഞ്ഞില്ലെന്ന ഉത്തരവാദിത്വത്തിൽ നിന്നും ശാസ്ത്രലോകത്തിന് ഒരിക്കലും ഒഴിഞ്ഞുമാറാനാകില്ല. ശാസ്ത്രലോകത്ത് പ്രവർത്തിക്കുന്നവരെ ആകെ അമ്പരപ്പിക്കുകയും നടുക്കുകയും ചെയ്തു ഈ ദുരന്തം. എല്ലാം നേടി എന്ന് അഭിമാനിക്കുമ്പോഴും ഒന്നും നേടിയില്ലെന്ന സത്യം ശാസ്ത്രജ്ഞരെ വ്യാകുലരാക്കുന്നു. ഈ ദുരന്തം ഓരോ ശാസ്ത്രജ്ഞന്റെയും മനസ്സിനെ മുറിവേൽപിക്കുന്നു..."

'ഓഖി'ക്കു ശേഷവും അതിന്റെ വരവിനെപ്പറ്റി മുന്നറിയിപ്പ് നൽകാത്തതിന്റെ പേരിൽ വിവാദങ്ങൾ പടരുന്നുണ്ട്. ചുഴലിക്കാറ്റും പേമാരിയും വൻതിരമാലകളും ഉണ്ടാകുമെന്ന ഒരു മുന്നറിയിപ്പും ലഭിച്ചില്ലെന്നും വിദേശ രാജ്യങ്ങൾ മുൻകൂട്ടി കാലാവസ്ഥാ വ്യതിയാനങ്ങൾ മുൻകൂട്ടി പ്രവചിക്കുന്ന ഇക്കാലത്ത് തങ്ങൾ കടലിനും കൊടുങ്കാറ്റിനും ഇടയിലായത് അധികൃതരുടെ അനാസ്ഥകൊണ്ടാണെന്നും മത്സ്യത്തൊഴിലാളികൾ ആരോപിക്കുമ്പോൾ ഇത് പ്രായോഗികമല്ലെന്നാണ് അധികൃതരുടെ വിശദീകരണം.

സുമാത്രയിലെ ഭൂകമ്പം നടന്ന് നിമിഷങ്ങൾക്കകം ഫസഫിക് സുനാമി വാണിംഗ് സെന്ററിന് വിവരം ലഭിച്ചു എന്നും അഡ്രസ് ബുക്ക് പരതിയപ്പോൾ ഒരൊറ്റ ഏഷ്യൻ രാജ്യത്തിന്റെയും ബന്ധപ്പെട്ട അധികൃതരുടെ വിലാസമോ ഫോൺ നമ്പറോ അതിൽ കണ്ടില്ല എന്നും അതിനാൽ ഏഷ്യൻ രാജ്യങ്ങളെ വിവരം അറിയിക്കാൻ കഴിഞ്ഞില്ല എന്നുമുള്ള, അമേരിക്കയിലെ നാഷണൽ ഓഷ്യാനിക് ആന്റ് അറ്റ്മോസ്ഫെറിക് അഡ്മിനിസ്ട്രേഷൻ ഡയറക്ടറുടെ വിശദീകരണം ഈ ശാസ്ത്രയുഗത്തിലും മനുഷ്യന്റെ പരിമിതികൾ ബോധ്യപ്പെടുത്തുന്നതാണ്.

കരയും കടലും ആകാശവും കീഴടക്കിയെന്ന് വീമ്പ് പറയുന്ന മനുഷ്യന്റെ അഹന്തക്കുമേലുള്ള പ്രഹരമായി ഇത്തരം ദുരന്തങ്ങൾ പതിക്കുകയാണ്. മനുഷ്യന്റെ നിസ്സാരതയും അശക്തിയും ഇവ ബോധ്യപ്പെടുത്തുന്നു; ഒപ്പം പ്രപഞ്ചസ്രഷ്ടാവിന്റെ അസ്തിത്വവും അപാരമായ കഴിവും ശക്തിയും. മനുഷ്യന്റെ നിസ്സാരതയെ സൂചിപ്പിച്ചുകൊണ്ട് ഒരു പ്രമുഖ മലയാളം വാരിക എഴുതിയ മുഖലേഖനത്തിലെ ഭാഗം കാണുക:



“സുമാത്ര ദ്വീപിൽ തുടങ്ങി ആഫ്രിക്കയുടെ തീരങ്ങളിലൂടെ അലറിക്കുതിച്ചുയർന്ന കടലിന്റെ ഗർവം അടങ്ങുമ്പോൾ, നാം മനുഷ്യൻ എത്ര നിസ്സാരജീവികൾ എന്ന സത്യം എത്ര നിശിതമായാണ് നമ്മുടെ മുന്നിൽ ഉയർന്നുവരുന്നത്. വെട്ടിപ്പിടിക്കലുകൾ, ആർത്തികൾ, മത്സരങ്ങൾ എല്ലാം ഞൊടിനേരംകൊണ്ട് അവസാനിക്കുന്നു. മരണതാണ്ഡവം തകർത്തെറിഞ്ഞതുമാത്രം അവശേഷിക്കുന്നു. മനുഷ്യജീവിതങ്ങളെ മാറോടു ചേർത്ത് ആശ്ലേഷിക്കുന്ന പ്രകൃതി അമ്മ മാത്രമല്ല, സംഹാരരുദ്രകൂടിയാണെന്ന് ഓർമിപ്പിക്കുമ്പോൾ നാം കൂടുതൽ വിനയാന്വിതരാകേണ്ടിയിരിക്കുന്നു. ശാസ്ത്രം പടുത്തുയർത്തുന്ന ഗോപുരങ്ങളും വെട്ടിയും കൊന്നും കെട്ടിപ്പടുക്കുന്ന മഹാസൗധങ്ങളും ഈ ഭൂമിയുടെ ചെറിയൊരു ചാഞ്ചാട്ടത്തിന് മുമ്പിൽ ഒന്നുമല്ലെന്നും മനസ്സിൽ കുറിച്ചിടാനുള്ള ഗുണപാഠം കൂടിയാകുന്നു. ഭൂകമ്പത്തിന്റെ ആഘാതങ്ങളിൽ പൊട്ടിത്തെറിച്ച എത്രയോ രഹസ്യങ്ങളെ അഗാധതകളിൽ സൂക്ഷിക്കുന്നു ഈ കടൽക്ഷോഭം” (സമകാലിക മലയാളം, 2005 ജനുവരി 7).

ബീച്ചുകളിൽ ആഹ്ലാദത്തിമർപ്പിലായിരുന്ന ആയിരങ്ങളിൽ അനേകം പേർ തിരകളിൽ അകപ്പെട്ടു. തിരയുടെ വരവുകണ്ട് മക്കളുടെ കൈക്കുപിടിച്ച് ഓടിയ മാതാപിതാക്കളുടെ കൈകളിൽനിന്ന് വേർപെട്ട മക്കൾ തിരകളിൽപെട്ട് അകന്നകന്ന് പോകുന്നത് ഇടനെഞ്ച് പൊട്ടുന്ന വേദനയോടെ നോക്കിനിൽക്കേണ്ടിവന്ന മാതാപിതാക്കൾ! റോഡിൽകിടന്ന് പിടയുന്നവനെ തന്റെ വാഹനത്തിൽ കയറ്റിയാൽ സീറ്റിൽ ചോരയാകുമെന്ന് അറച്ച് കയറ്റാതെയും നടന്നു ക്ഷീണിച്ചതിനാൽ കാണുന്ന വണ്ടിക്കു കൈകാട്ടുന്ന പാവപ്പെട്ടവരെ പരിഹാസത്തോടെ നോക്കിയും പാഞ്ഞുപോകുന്നവരും അത്യാസന്നനിലയിലായ രോഗിയെ ആശുപത്രിയിൽ കൊണ്ടുപോകുവാൻ അയൽവാസികൾ വണ്ടിയൊന്നു വിട്ടുതരണമെന്ന് കെഞ്ചിപ്പറഞ്ഞിട്ടും വിട്ടുകൊടുക്കാത്തവരുമാണല്ലോ ഇന്നധികവും. പക്ഷേ, തന്റെ പ്രിയപ്പെട്ട വാഹനം തിരകളിൽപെട്ട് ഉയർന്നു താണ് പോകുന്നത് നോക്കിനിൽക്കാനേ മനുഷ്യനായുള്ളൂ. ഉടുവസ്ത്രംമൊഴിച്ച് ബാക്കിയെല്ലാം കടലെടുക്കുന്നത് കണ്ടുനിൽക്കാനല്ലാതെ ഒന്നിനും കഴിയാത്തവരുടെ എണ്ണമെത്ര! നൂറും നൂറ്റിഎഴുപത്തിയഞ്ചും പേരെ ഒരേ കുഴിയിലിട്ട് മണ്ണിട്ട് മൂടുന്ന കാഴ്ച എത്രമാത്രം ഹൃദയഭേദകമായിരുന്നു. വായിൽ സ്വർണക്കരണ്ടിയുമായി ജനിച്ചവനും ഒരുനേരത്തെ അന്നത്തിനായി കൈനീട്ടി നടന്നിരുന്നവനും അവരിലുണ്ടായിരുന്നു.എല്ലാവിധ അസമത്വങ്ങളും അധമചിന്തകളും അൽപത്തങ്ങളും ആഢ്യമനോഭാവങ്ങളും ഇല്ലാതെ അവരെല്ലാം പരസ്പരം പുണർന്നുകിടന്നു.

ഇളകിമറിയുന്ന കടലിൽ രണ്ടുദിവസം ഒരു മരത്തടിയിൽ തൂങ്ങിനിന്ന പതിമൂന്ന് കാരിയും വിഷജന്തുക്കൾ നിറഞ്ഞ ചെറുദ്വീപിൽ എത്തിപ്പെട്ട പതിമൂന്നുകാരിയും എട്ടുദിവസം ഒരു മരത്തടിയിൽ കഴിഞ്ഞ യുവാവും തിരമാലകൾ വൃക്ഷക്കൊമ്പിലേക്കെടുത്തെറിഞ്ഞതിനാൽ രണ്ടുദിവസം അതിൽ കഴിഞ്ഞ രണ്ട് വയസ്സുകാരനുമൊക്കെ ജീവിതത്തിലേക്ക് തിരിച്ചെത്തിയത് വിസ്മയത്തോടെയാണ് അന്ന് നാം കേട്ടതും വായിച്ചതും.

സകല വസ്തുക്കളുടെയും സ്ഥായിയായ അവകാശം പ്രപഞ്ചനാഥനാണെന്നും താൻ വെറുമൊരു നടത്തിപ്പുകാരൻ മാത്രമാണെന്നുമുള്ള യാഥാർഥ്യം ഇതെല്ലാം മനുഷ്യനെ ബോധ്യപ്പെടുത്തുന്നു.

ഇത്തരത്തിലുള്ള ദുരന്തങ്ങളുടെ കാരണമെന്ത്? ഇത് ദൈവത്തിന്റെ ശിക്ഷയാണോ? പരീക്ഷണമാണോ? പ്രകൃതിയെ മനുഷ്യൻ ചൂഷണം ചെയ്യുന്നതിന്റെ അനന്തരഫലമാണോ? പലരും പല രൂപത്തിൽ വ്യാഖ്യാനിച്ചുകൊണ്ടിരിക്കുന്നു.

“തെറ്റായ വഴിയിൽനിന്ന് നമ്മെ നേർവഴിയിലെത്തിക്കാനുള്ള പ്രകൃതിയുടെ ശ്രമമാണിത്. മനുഷ്യന്റെ ചെയ്തികൾക്കെതിരായുള്ള തിരിച്ചടി നാം മനസ്സിലാക്കണം” എന്നാണ് മഹാകവി അക്കിത്തം പറഞ്ഞത്.

“2004ൽ കേരളത്തിൽ നടന്ന കടുത്ത മൂല്യച്യുതികളുടെയും സദാചാരഭ്രംശത്തിന്റെയും പശ്ചാത്തലം ഈ പ്രപഞ്ചകോപത്തിൽ അടങ്ങിയിരിക്കുന്നു” എന്നാണ് സുകുമാർ അഴീക്കോട് നിരീക്ഷിച്ചത്.

പ്രകൃതിയോട് മനുഷ്യൻ കാണിക്കുന്ന ക്രൂരതക്ക് പ്രകൃതിയുടെ തിരിച്ചടി എന്നാണ് മിക്ക മുഖ്യധാരാ മാധ്യമങ്ങളും ഇത്തരം ദുരന്തങ്ങളുണ്ടാകുമ്പോൾ പറയാറുള്ളത്! എന്താണ് പ്രകൃതി? അതിന് ബുദ്ധിയും ഇച്ഛാശക്തിയുമുണ്ടോ? മരമാണോ? പുഴയാണോ? മലയാണോ? കടലാണോ? അല്ല. ഇവയോരോന്നും പ്രകൃതിയുടെ ഓരോ അംശങ്ങൾ. എല്ലാംകൂടി ചേർന്നതാണ് പ്രകൃതി. അതിന് ബുദ്ധിയില്ല. ചിന്തിക്കാനറിയില്ല. കോപിക്കാനും പ്രതികാരം ചെയ്യാനും കഴിയില്ല. എന്നെ ചൂഷണം ചെയ്യുന്നവരെ ഒരു പാഠം പഠിപ്പിക്കട്ടെ എന്ന് കരുതി ഭൂമി കുലുങ്ങാറില്ല; കടൽ ക്ഷോഭിക്കാറില്ല; കൊടുങ്കാറ്റ് വീശാറില്ല.

എല്ലാറ്റിനും പിന്നിൽ കാലമാണെന്ന് പറയുന്ന പ്രകൃതിവാദികളെക്കുറിപ്പ് അല്ലാഹു പറയുന്നു:

“അവർ പറഞ്ഞു: ജീവിതമെന്നാൽ നമ്മുടെ ഐഹികജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു. (വാസ്തവത്തിൽ) അവർക്ക് അതിനെപ്പറ്റി യാതൊരു അറിവുമില്ല. അവർ ഊഹിക്കുക മാത്രമാകുന്നു” (ക്വുർആൻ 45:24).

ഗോചരവും അഗോചരവുമായ സകല വസ്തു

ക്കളുടെയും സ്രഷ്ടാവ് സർവശക്തനായ അല്ലാഹുവാണ്. അവനാണ് എല്ലാറ്റിനെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. അവന്റെ അറിവും ഉദ്ദേശ്യവുമില്ലാതെ ഈ പ്രപഞ്ചത്തിൽ ഒന്നും നടക്കുന്നില്ല: "അല്ലാഹുവിനാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം" (ക്വുർആൻ 45:27).

ഓരോ സംഭവവികാസവും നടക്കുന്നത് കാര്യകാരണ ബന്ധങ്ങൾക്കധീനമായാണ് എന്നതും സ്രഷ്ടാവിന്റെ തീരുമാനമാണ്.

"മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം" (ക്വുർആൻ 30:41).

മുഖ്യധാരാ മാധ്യമങ്ങൾ മാത്രമല്ല, മതസംഘടനകൾ പുറത്തിറക്കുന്ന മിക്കവാറും പ്രസിദ്ധീകരണങ്ങളും കരിമണൽ ഖനനം പോലുള്ള കാര്യങ്ങൾ എടുത്തുകാട്ടി ഇത്തരത്തിലുള്ള ചൂഷണങ്ങളാണ് സുനാമിപോലുള്ള ദുരന്തങ്ങൾ ക്ഷണിച്ചുവരുത്തുന്നത് എന്ന് സമർഥിക്കുവാൻ ശ്രമിച്ചിരുന്നു. ഇതിൽ ശരിയും ശരികേടുമുണ്ടായിരിക്കാം.

ശാസ്ത്ര-സാങ്കേതിക കാർഷിക രംഗങ്ങളിലെല്ലാമുള്ള നേട്ടങ്ങൾ പ്രകൃതിയെ ചൂഷണം ചെയ്യുന്നതിലൂടെയാണെന്ന സത്യം ആർക്ക് നിഷേധിക്കാനാവും? അണക്കെട്ടുകൾ പ്രകൃതിയെ ചൂഷണം ചെയ്യലാണ്. അതിന്റെ നേട്ടങ്ങൾ നിസ്സാരമാണോ? കല്ലും കണ്ണും മരവും മണലുമെല്ലാം പ്രകൃതിയിലെ വിഭവങ്ങളാണ്. പ്രകൃതിയെ ചൂഷണം ചെയ്തുകൂടാ എന്ന് പറയുന്നവർ എങ്ങനെ റോഡും പാലവുമുണ്ടാക്കും? എങ്ങനെ വീടുകൾ നിർമിക്കും? മനുഷ്യന്റെ സർവവിധ പുരോഗതിക്കും അനിവാര്യമായ ഇന്ധനം ഊറ്റിയെടുക്കുന്നത് പ്രകൃതിയിൽ നിന്നല്ലേ? വിവിധ ലോഹങ്ങൾ മാനത്തുനിന്നും ദൈവം കഷ്ണങ്ങളായി ഇട്ടുതരുന്നതാണോ? അതും പ്രകൃതിയെ ചൂഷണം ചെയ്തുണ്ടാക്കുന്നതല്ലേ? കടലിനെ ചൂഷണം ചെയ്തുകൊണ്ടല്ലേ ലക്ഷോപലക്ഷം ആളുകൾ ജീവിക്കുന്നത്? എല്ലാം മനുഷ്യർക്കു വേണ്ടി ദൈവം സംവിധാനിച്ചതാണ്. എനിക്ക് ലാഭം കൊയ്തെടുക്കണം. അതിനുവേണ്ടി എന്റെ ഫാക്ടറിയിലെ വിഷദ്രാവകങ്ങൾ പുഴയിലേക്കൊഴുക്കാം. അതുകൊണ്ട് ആർക്ക് എന്ത് ദോഷമുണ്ടായാലും എനിക്ക് പ്രശ്നമല്ല എന്ന നിലയ്ക്കുള്ള ചിന്താഗതിയാണ് പ്രശ്നം. പാലം തകർന്നാലും വേണ്ടതില്ല; എനിക്ക് കാശുണ്ടാക്കണം എന്ന ചിന്തയോടെ പാലത്തിന്റെ തൂണുകൾക്ക് ചുവട്ടിൽനിന്നുപോലും മണൽ വാരുന്ന ദുഷ്ടമനഃസ്ഥിതിയാണ് എതിർക്കപ്പെടേണ്ടത്. മാന്യമായ നിലയ്ക്കുള്ള ഉപയോഗവും ശരിയായ വഴിക്കുള്ള വിനിയോഗവുമാണ് ആവശ്യം.

പ്രപഞ്ചത്തിലെ പരമാണുവിന്റെ പോലും നിയന്ത്രണം സ്രഷ്ടാവായ അല്ലാഹുവിനാണ്. അവനറിയാതെ യാതൊരു സംഭവവും പ്രപഞ്ചത്തിൽ നടക്കുന്നില്ല. അവൻ നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ട് ജീവിക്കുന്ന മനുഷ്യരിൽ അധികവും അവനോട് നന്ദി കാണിക്കുന്നതിൽ വിമുഖത കാണിക്കുന്നവരാണ്. സർവലോക സ്രഷ്ടാവും പരിപാലകനുമായ സാക്ഷാൽ ദൈവത്തോട് നന്ദി കാണിക്കേണ്ടത് അവനെ മാത്രം ആരാധിച്ചുകൊണ്ടാണ്. അവനെ കൈവിട്ടുകൊണ്ട് ദുർബലന്മാരും സ്വദേഹങ്ങളെപോലും കാത്തുസൂക്ഷിക്കുവാൻ കഴിയാത്തവരുമായ സൃഷ്ടികളെ ആരാധിക്കുക എന്നതിനെക്കാൾ വലിയ നന്ദികേട് മറ്റെന്താണ്?

അല്ലാഹു പറയുന്നു: "തന്നോട് പങ്ക് ചേർക്കുപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതല്ലാത്തത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാണ്. ആർ അല്ലാഹുവിനോട് പങ്ക് ചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു" (ക്വുർആൻ 4:116).

മനുഷ്യന്റെ അധാർമിക പ്രവർത്തനങ്ങളും പ്രകൃതി ചൂഷണവും ദുരന്തങ്ങൾ ക്ഷണിച്ചുവരുത്തുമെന്ന് പറയുന്നതോടൊപ്പം മനുഷ്യർ ചെയ്യുന്നതിൽ ഏറ്റവും വലിയ അധാർമിക പ്രവർത്തനം അഥവാ അക്രമം ദൈവത്തിൽ പങ്കുചേർക്കലാണ് എന്ന യാഥാർഥ്യം തുറന്ന് പറയേണ്ടതുണ്ട്.

ഇത്തരത്തിലുള്ള ഒരു ദുരന്തത്തിന്റെയും യഥാർഥ കാരണം ഖണ്ഡിതമായി പറയാൻ ആർക്കും കഴിയില്ല എന്നത് ശരിയാണ്. പ്രകൃതിക്ക് തനിയെ തിരിച്ചടിക്കാൻ കഴിയില്ല എന്ന് മുമ്പ് സൂചിപ്പിച്ചു. ഭൂമിയിൽ ആരും സുരക്ഷിതരല്ല എന്ന ദൈവത്തിന്റെ മുന്നറിയിപ്പോ, അതോ ഭൂമുഖത്ത് അവശേഷിക്കുന്നവർക്കുള്ള പരീക്ഷണമോ, അതുമല്ല ദൈവത്തിന്റെ ശിക്ഷതന്നെയോ എന്നെല്ലാം ചിന്തിക്കുവാനുള്ള അവസരമാണ് ഇത്തരം സംഭ

**ശാസ്ത്ര-സാങ്കേതിക മുന്നേറ്റത്തിൽ അഹന്ത നടിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ ഇതിന് മുമ്പിൽ പകച്ചുനിൽക്കുകയാണ്; നിസ്സഹായനായി വിലപിക്കുകയാണ്. 2004ൽ സുനാമിത്തിരമാലകൾ തമിഴ്നാട് തീരത്ത് നാശം വിതച്ചുകൊണ്ടിരിക്കുന്ന വാർത്തയറിഞ്ഞിട്ടും അത് കേരളത്തിലും എത്തുമെന്ന് പറയാനും മുന്നറിയിപ്പ് നൽകാനും കേരളത്തിലെ ശാസ്ത്രജ്ഞന്മാർക്ക് കഴിയാതെ പോയതും ഭരണാധികാരികൾ അവരെ ശാസിച്ചതും നമ്മൾ കണ്ടതാണ്.**

വങ്ങൾ നൽകുന്നത് എന്നതിൽ സംശമില്ല.

അബ്ദുല്ലാഹിബ്നു മസ്ഊദ്ﷺ നിവേദനം:"വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ" (ക്വുർആൻ 6:82) എന്ന സൂക്തം അവതരിപ്പിക്കപ്പെട്ടപ്പോൾ ഞങ്ങൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളിൽ സ്വദേഹത്തോട് അക്രമം കാണിക്കാത്തവരാരാണ്?". അവിടുന്ന് പറഞ്ഞു: "അത് നിങ്ങൾ പറയുന്നതു പോലെയല്ല. 'തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്തുക'യെന്ന് പറഞ്ഞത് അല്ലാഹുവിൽ പങ്കുചേർക്കലാണ്. ലുക്മാൻ തന്റെ മകനോടായി പറഞ്ഞത് നിങ്ങൾ കേട്ടിട്ടില്ലേ: "എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവിൽ പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്ക്ചേർക്കുന്നത് വലിയ അക്രമംതന്നെയാകുന്നു" (ക്വുർആൻ 31:13) (ബുഖാരി).

അബ്ദുല്ലﷺ പറയുന്നു: "ഞാൻ നബിﷺയോട് ചോദിച്ചു: ഏത് പാപമാണ് അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും കഠിനമായത്? നബിﷺപറഞ്ഞു: "നിന്നെ സൃഷ്ടിച്ച നിന്റെ രക്ഷിതാവിൽ നീ പങ്കാളിയെ സ്ഥാപിക്കലാണ്..." (ബുഖാരി)

"മറ്യമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത് 'ഇസ്‌റാഈൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവിനോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല' എന്നാണ്'' (ക്വുർആൻ 5:72).

മുൻ കഴിഞ്ഞുപോയ പല ജനവിഭാഗങ്ങളും നശിപ്പിക്കപ്പെട്ടത് അല്ലാഹുവിൽ പങ്കുചേർത്തത് മൂലമാണെന്ന് ക്വുർആൻ ഉണർത്തുന്നു.

"(നബിയേ) പറയുക: നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക. അവരിൽ അധികപേരും ബഹുദൈവാരാധകരായിരുന്നു" (30:42)

പല പുരാതന പട്ടണങ്ങളും ഭൂമിക്കടിയിൽ നിന്നും ഉത്ഖനന പര്യവേഷണങ്ങളിലൂടെയാണ് കണ്ടെടുക്കപ്പെട്ടിട്ടുള്ളതെന്ന് ഇത്തരുണത്തിൽ ഓർക്കുക.

ദുരന്തങ്ങളുണ്ടാകുമ്പോൾ മുൻകൂട്ടി പ്രവചിക്കുവാൻ കഴിയുകയില്ലെന്ന് മാത്രമല്ല, അത് ഒരു തലക്കൽ ദുരന്തംവിതച്ച് മുന്നേറിക്കൊണ്ടിരിക്കുമ്പോൾപോലും ആ വിവരം ദുരന്ത സാധ്യതയുള്ള സ്ഥലങ്ങളിലെ ബന്ധപ്പെട്ടവരെ അറിയിക്കാൻ പോലും കഴിയാതെ ശാസ്ത്രലോകം തങ്ങളുടെ നിസ്സഹായത വെളിപ്പെടുത്തുകയാണ് ചെയ്യുന്നത് പലപ്പോഴും.

എന്നാൽ ഈ സമയം എവിടെപ്പോയി ഒളിക്കുകയാണ് ജനലക്ഷങ്ങൾ ആരാധിക്കുന്ന ആൾദൈവങ്ങൾ ചെയ്തത്? ഭാവിപ്രവചിക്കുന്ന ജ്യോതിഷികൾ എന്തെടുക്കുകയായിരുന്നു? കടലിൽ പോയവർ പലരും ജ്യോതിഷത്തിൽ വിശ്വസിക്കുന്നവരായിരുന്നില്ലേ? അവരിൽ പലരും തങ്ങളുടെ 'ഈ ആഴ്ച'യും 'ഈ മാസ'വുമൊക്കെ നോക്കിയിരുന്നവരായിരുന്നില്ലേ. ദുരന്തസാധ്യത എന്തേ അവരൊന്നുമറിഞ്ഞില്ല? എല്ലാം ഗണിച്ചു പറയുന്നവർ ഇതൊന്നും എന്തേ മുൻകൂട്ടി പറയുന്നില്ല?

അല്ലാഹുവിനെ വിട്ട് സൃഷ്ടികളെ ആരാധിച്ചിരുന്ന ജനവിഭാഗങ്ങളെ നശിപ്പിച്ചതിനെക്കുറിച്ച് ക്വുർആനിൽ ഇങ്ങനെ കാണാം: "നിങ്ങളുടെ ചുറ്റുമുള്ള ചില രാജ്യങ്ങളെയും നാം നശിപ്പിക്കുകയുണ്ടായി. ആ രാജ്യക്കാർ സത്യത്തിലേക്ക് മടങ്ങുവാൻ വേണ്ടി നാം തെളിവുകൾ വിവിധ രൂപത്തിൽ വിശദീകരിച്ചുകൊടുക്കുകയും ചെയ്തു. അല്ലാഹുവിന് പുറമെ അവനിലേക്ക് സാമീപ്യം കിട്ടാനായി അവർ ദൈവങ്ങളായി സ്വീകരിച്ചവർ എന്തുകൊണ്ട് അവരെ സഹായിച്ചില്ല? അല്ല, അവരെവിട്ട് അവർ (ദൈവങ്ങൾ) അപ്രത്യക്ഷമായി. അത് (ബഹുദൈവവാദം) അവരുടെ വകയായുള്ള വ്യാജവും അവർ കൃത്രിമമായി സൃഷ്ടിച്ചുണ്ടാക്കിയതുമത്രെ" (46:27,28).

ദുരന്തങ്ങൾ സ്വന്തം പടിവാതിൽക്കൽ എത്തിനിൽക്കുന്ന കാഴ്ച കണ്ടിട്ടെങ്കിലും നമ്മൾ ഉണരേണ്ടിയിരിക്കുന്നു. ഏത് നിമിഷവും നമ്മെ ഗ്രസിച്ചേക്കാവുന്ന വിപത്തിനെ സംബന്ധിച്ച് നമ്മളാരും നിർഭയരല്ല എന്നാണ് ദുരന്തങ്ങൾ നമ്മെ പഠിപ്പിക്കുന്ന ഒരു കാര്യം. സമ്പത്തിന്റെയോ അധികാരത്തിന്റെയോ പേരിൽ ആരും അഹങ്കരിക്കേണ്ടതില്ല. എല്ലാ അഹന്തയും എരിഞ്ഞടങ്ങാൻ നിമിഷങ്ങൾമതി; സ്രഷ്ടാവ് വിചാരിച്ചാൽ.

"എന്റെ സഞ്ചിയിൽ സൂര്യൻ
എന്റെ പോക്കറ്റിൽ ചന്ദ്രൻ
എന്റെതാം പുരയ്ക്കുള്ളിൽ
ഇല്ലാത്തതെന്തായുള്ളൂ.
ഒക്കെയും വെട്ടിപ്പിടിച്ചാർത്തിയാൽ
അപരന്റെ നെഞ്ചിലും കുളം
കുഴിച്ചുല്ലസിക്കുന്നു നമ്മൾ"

എന്ന് കവി പാടിയതുപോലെ അഹന്തയുടെ കൊടുമുടിയിൽ കയറിനിന്ന് ദൈവത്തെ പോലും വെല്ലുവിളിക്കുവാൻ മടികാണിക്കാത്തവർ ഇത്തരം ദുരനുഭവങ്ങളിൽ നിന്ന് പാഠം പഠിക്കുമെന്ന് നമുക്കു പ്രത്യാശിക്കാം. ●

ശഹീറുദ്ദീൻ ചുഴലി
mail@nerpatham.com

ലേഖനം

# സുപ്രധാനമായ ചില വിശ്വാസ കാര്യങ്ങൾ

## ഭാഗം: 3

*(ഇമാം ഇബ്നുഅബീദാവൂദ്(റഹി)യുടെ 'അൽമൻളൂമതുൽ ഹാഇയ്യഃ' എന്ന ഗ്രന്ഥത്തിന്റെ ആദ്യ വരിയുടെ വിശദീകരണം).*

**ഭാ**ഷാപരമായി ബിദ്അത്ത് എന്ന് മുൻമാതൃകയില്ലാതെ പുതുതായി ആവിഷ്കരിക്കുന്ന കാര്യങ്ങൾക്കാണ് പറയുക. 'ബദീഉസ്സമാവാതി വൽ അർദ്' എന്ന് അല്ലാഹുവിനെ സംബന്ധിച്ച് പറഞ്ഞത് ഈ അർഥത്തിലാണ്. മുൻമാതൃകയില്ലാതെ ആകാശ ഭൂമികളെ പടച്ചവൻ എന്നാണ് അതിന്റെ സാരം. ഞാൻ പ്രവാചകൻമാരിൽ ആദ്യത്തെ ആളല്ല, പുതിയ ആളല്ല എന്ന് പറയുവാൻ നബിﷺയോട് അല്ലാഹു കൽപിച്ചപ്പോഴും അല്ലാഹു പ്രയോഗിച്ചത് 'ബിദ്അത്ത്' എന്ന പദമാണ്.

"(നബിയേ,) പറയുക: ഞാൻ ദൈവദൂതന്മാരിൽ ഒരു പുതുമക്കാരനൊന്നുമല്ല" (സൂറഃ അഹ്ഖാഫ്:9).

ഭാഷാ പണ്ഡിതന്മാരെല്ലാം 'ബദഅ' എന്ന ക്രിയക്ക് ഈ അർഥമാണ് നൽകിയിട്ടുള്ളത്. എന്നാൽ ശറഇൽ (മതത്തിൽ) ബിദ്അത്ത് എന്നാൽ എന്ത് എന്ന് പ്രവാചകൻﷺ തന്നെ പഠിപ്പിച്ചിട്ടുണ്ട്. റസൂൽﷺ പറഞ്ഞു: "ആരെങ്കിലും ദീനിൽ (മതത്തിൽ) പെടാത്ത വല്ലതും ദീനിൽ ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്"(ബുഖാരി, മുസ്ലിം).

ഇതിൽ റസൂൽﷺ ഒരു കാര്യം ബിദ്അത്താകാൻ മൂന്ന് കാര്യങ്ങൾ വേണമെന്ന് പഠിപ്പിക്കുന്നുണ്ട്:

1. പുതുതായി ഉണ്ടാക്കുക.
2. അത് ദീനിൽ ചേർക്കുക.
3. അതിന് പൊതുവായോ പ്രത്യേകമായോ രേഖയില്ലാതിരിക്കുക.

ഈ മൂന്ന് കാര്യങ്ങൾ ഒത്തുചേർന്ന് വന്നാൽ അത് ബിദ്അത്താണ്. ഇതേ ആശയത്തിൽ തന്നെ റസൂൽﷺ പറഞ്ഞ മറ്റൊരു ഹദീഥ് കൂടി ശ്രദ്ധിക്കുക:

"ആരെങ്കിലും നമ്മുടെ കൽപനയില്ലാത്ത ഒരു കാര്യം ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്" (മുസ്ലിം)

ശേഷക്കാരായ പണ്ഡിതന്മാരെല്ലാം റസൂൽﷺ പറഞ്ഞ ഇതേ വിശദീകരണമാണ് ബിദ്അത്തിന് നൽകിയിട്ടുള്ളത്. വളരെ പ്രധാനപ്പെട്ട ചില വിശദീകരണങ്ങൾ താഴെ കൊടുക്കാം:

ഇമാം ഇബ്നു റജബ് അൽ ഹമ്പലി(റഹി)യുടെ വിശദീകരണം: അദ്ദേഹം തന്റെ പ്രസിദ്ധ ഗ്രന്ഥമായ ജാമിഉൽ ഉലൂമി വൽഹികം എന്ന ഗ്രന്ഥത്തിൽ മേൽ സൂചിപ്പിച്ച ഹദീസ് വിശദീകരിക്കവെ പറഞ്ഞു: "ബിദ്അത്ത് എന്നാൽ ശരീഅത്താണെന്നറിയിക്കുന്ന രേഖകളൊന്നുമില്ലാത്ത, പുതുതായി ഉണ്ടായ കാര്യങ്ങളാണ്. ഇനി ശരീഅത്തിൽ പെട്ടതാണെന്നറിയിക്കുന്ന വല്ല രേഖയുമുണ്ടെങ്കിൽ അത് ശറഇൽ ബിദ്അത്തല്ല ഭാഷാപരമായി ബിദ്അത്തെന്ന് പറയുമെങ്കിലും" (ജാമിഉൽ ഉലൂം).

റസൂൽﷺ പറഞ്ഞ അതേ വിശദീകരണമാണ് ഇമാം ഹമ്പലിയും നൽകിയിട്ടുള്ളത്. ബിദ്അത്തിന്റെ വിശദീകരണം പറയുന്നിടത്ത് പണ്ഡിതൻമാരെല്ലാവരും ശ്രദ്ധിച്ച ഒരു കാര്യമാണ് പൊതുവായോ പ്രത്യേകമായോ രേഖയുണ്ടോ എന്നത്. പൊതുവായോ പ്രത്യേകമായോ രേഖയുണ്ടെങ്കിൽ അത് ബിദ്അത്തല്ല. തെളിവില്ലായെങ്കിലാണ് ബിദ്അത്താവുക.

ബിദ്അത്തിനെ വിശദീകരിച്ച മറ്റൊരു പണ്ഡിതനാണ് ഇമാം ശാത്വിബി(റഹി). അദ്ദേഹം തന്റെ വിശ്വ പ്രസിദ്ധ ഗ്രന്ഥമായ അൽ ഇഅ്തിസ്വാമിൽ പറഞ്ഞു: "ശറഇയ്യായ പ്രവർത്തനങ്ങളോട് സാദൃശ്യമുള്ളവ ചെയ്യുമ്പോൾ ശറഇയ്യായ കാര്യങ്ങൾ ചെയ്യുന്ന പ്രതീതിയോടെ ചെയ്യുന്ന, ദീനിൽ ഉണ്ടാക്കപ്പെട്ട മാർഗത്തിനാണ് ബിദ്അത്ത് എന്ന് പറയുക."

ഇവിടെ ഇമാം ശാത്വിബി, ഇബ്നു റജബുൽ ഹമ്പലി പറയാത്ത ഒരു കാര്യം എടുത്തു പറഞ്ഞു: അത് 'ചെയ്യുന്നതിലൂടെ പ്രതിഫലം ആഗ്രഹിക്കുക' എന്നതാണ്; 'ശറഇയ്യായ കാര്യങ്ങൾ ചെയ്യുന്ന പ്രതീതിയോടെ' എന്നതുകൊണ്ട് അതാണുദ്ദേശിക്കുന്നത്. ഇത് റസൂൽﷺ പഠിപ്പിച്ച മൂന്ന് കാര്യങ്ങളിൽ രണ്ടാമത്തേതിന്റെ കീഴിൽ വരുന്നതാണ്. കാരണം, ദീനിൽ ചേർക്കുമ്പോൾ സ്വാഭാവികമായും പ്രതിഫലം ആഗ്രഹിക്കും. സ്വാഭാവികമായതിന്റെ പേരിലോ ദീനിൽ ചേർക്കുക എന്ന് പറയുന്നതിലൂടെ ആ അർഥവുംകിട്ടും എന്നത് കൊണ്ടോ ആവണം ഇമാം ഇബ്നു റജബുൽ ഹമ്പലി അത് പ

**ഭാഷാപരമായി ബിദ്അത്ത് എന്ന് മുൻമാതൃകയില്ലാതെ പുതുതായി ആവിഷ്കരിക്കുന്ന കാര്യങ്ങൾക്കാണ് പറയുക. 'ബദീഉസ്സമാവാതി വൽ അർദ്വ്' എന്ന് അല്ലാഹുവിനെ സംബന്ധിച്ച് പറഞ്ഞത് ഈ അർഥത്തിലാണ്. മുൻമാതൃകയില്ലാതെ ആകാശ ഭൂമികളെ പടച്ചവൻ എന്നാണ് അതിന്റെ സാരം.**

റയാതിരുന്നത്. മാത്രവുമല്ല, ബിദ്അത്തിന്റെ പ്രധാന മാനദണ്ഡം തന്നെ അതിന് ദീനിൽ തെളിവുണ്ടോ ഇല്ലേ എന്നതാണ്.

ബിദ്അത്തിന് വിശദീകരണം നൽകിയ മറ്റൊരു പണ്ഡിതനാണ് ഇമാം ഹാഫിദ് ഇബ്നു ഹജർ അൽ അസ്ക്വലാനി (റഹി). അദ്ദേഹം തന്റെ ലോക പ്രശസ്ത ഗ്രന്ഥമായ ഫത്ഹുൽ ബാരിയിൽ റസൂൽﷺ യുടെ 'എല്ലാ ബിദ്അത്തുകളും വഴികേടാണ്' എന്ന വാചകം വിശദീകരിച്ച് കൊണ്ട് പറഞ്ഞു: "അതായത് ദീനിൽ പൊതുവായോ പ്രത്യേകമായോ തെളിവില്ലാത്ത പുതുതായി ഉണ്ടായ കാര്യമാണ് ബിദ്അത്ത്."

റസൂൽﷺയുടെ 'പുതുതായി ഉണ്ടായ കാര്യങ്ങളെ സൂക്ഷിക്കുക' എന്ന വാചകത്തെ വിശദീകരിച്ചും അദ്ദേഹം പറഞ്ഞു: "അതു കൊണ്ടുള്ള ഉദ്ദേശം ദീനിൽ യാതൊരു രേഖയുമില്ലാത്ത പുതുതായി ഉണ്ടായ കാര്യങ്ങളാണ്. ദീനിന്റെ ഭാഷയിൽ അതിന് ബിദ്അത്ത് എന്നാണ് പറയുക. എന്നാൽ ശറഇൽ രേഖയുള്ള കാര്യമാണെങ്കിൽ അത് ബിദ്അത്തല്ല താനും."

ഇമാം ഹാഫിദിന്റെ ഈ വാക്കുകളിലൂടെ ബിദ്അത്ത് എന്താണെന്ന് വ്യക്തമാണ്. റസൂൽﷺ ബിദ്അത്തിനെക്കുറിച്ച് പറഞ്ഞ അതേ ആശയമാണ് ഈ പണ്ഡിതന്മാരെല്ലാം വിശദീകരിച്ചതെന്ന് വ്യക്തം.

ഇബ്നു ഉസൈമീൻ (റഹി) പറഞ്ഞു: "ബിദ്അത്തെന്നാൽ വിശ്വാസത്തിലോ കർമത്തിലോ പ്രവാചകൻﷺയും സ്വഹാബത്തും നിലകൊണ്ട പാതയ്ക്കെതിരായുള്ള പുതുതായ കാര്യങ്ങളാണ്" (ശറഹു ലുംഅത്തുൽ ഇഅ്തികാദ്).

വളരെ സംക്ഷിപ്തവും എന്നാൽ വിശാലമായ അർഥമുള്ളതുമായ ഒരു വിശദീകരണമാണിത്. ഇതുപോലെ വിശദീകരണം നൽകിയ മറ്റൊരു പണ്ഡിതനാണ് ഹാഫിദുൽ ഹകമീ. അദ്ദേഹം മആരിജുൽ ക്വബൂൽ എന്ന ഗ്രന്ഥത്തിൽ പറഞ്ഞു: "ബിദ്അത്തെന്നാൽ അല്ലാഹു അനുവദിക്കാത്തതും പ്രവചാകനോ സ്വഹാബത്തോ നിലകൊള്ളാത്തതുമായ കാര്യം ശറആക്കലാണ്."

ഈ പറഞ്ഞ വിശദീകരണങ്ങളൊന്നും വൈരുധ്യം പുലർത്തുന്നില്ല. എല്ലാം വൈവിധ്യങ്ങളുള്ള വിശദീകരണങ്ങളാണ്.

ചുരുക്കിപ്പറഞ്ഞാൽ ബിദ്അത്തെന്നാൽ പൊതുവായോ പ്രത്യേകമായോ രേഖയില്ലാത്ത, പ്രവാചകന്റെയും സ്വഹാബത്തിന്റെയും മാർഗത്തിനെതിരായ പുതിയ കാര്യങ്ങൾ അല്ലാഹുവിന്റെ ദീനിൽ നിയമമാക്കലാണ്. അല്ലാഹുവാണ് ഏറെ അറിയുന്നവൻ.

ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നും തെറ്റുന്നവർ ചെന്നെത്തുന്നത് ബിദ്അത്തിലാണ് എന്നതിനാൽ ബിദ്അത്തിനെ സംബന്ധിച്ച് ഒരൽപം കാര്യഗൗരവത്തോടെ വിശദീകരിക്കേണ്ടതുണ്ട്.

ജനങ്ങൾ ഒരു കാലത്ത് ഒറ്റ സമൂഹമായിരുന്നു. പിന്നീടവർ ഭിന്നിച്ച് സത്യത്തിൽ നിന്നും വ്യതിചലിച്ച് വിഭിന്ന കക്ഷികളായി മാറി.

അല്ലാഹു പറയുന്നു: "മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും, (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നു കിട്ടിയതിനു ശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽ നിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ താൽപര്യപ്രകാരം സത്യവിശ്വാസികൾക്ക് വഴി കാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു" (ക്വുർആൻ 2:213).

അങ്ങനെ അവസാന പ്രവാചകൻ മുഹമ്മദ്ﷺയെ അല്ലാഹു നിയോഗിക്കുമ്പോൾ ജനങ്ങൾ വ്യക്തമായ വഴികേടിലായിരുന്നു. കല്ലുകളെയും മരങ്ങളെയും ജിന്നുകളെയും മലക്കുകളെയും നക്ഷത്രങ്ങളെയും ജോത്സ്യന്മാരെയും പിശാചുക്കളെയും മറ്റും ആരാധിക്കുന്നവരായിരുന്നു. അവരിൽ തത്ത്വജ്ഞാനികളും കവികളും പ്രാസംഗികരും ഭക്തന്മാരുമെല്ലാം ഉണ്ടായിരുന്നു. പക്ഷേ, അതൊന്നും അവർക്ക് വെളിച്ചം നൽകാൻ പര്യാപ്തമായിരുന്നില്ല. നബിﷺയുടെ വരവോടു കൂടി അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഇരുട്ടിൽ കഴിഞ്ഞവർ സത്യവിശ്വാസത്തിന്റെയും സദാചാരത്തിന്റെയും വെളിച്ചത്തിലേക്ക് വഴി നടക്കുകയുണ്ടായി. അങ്ങനെ റസൂൽﷺ തങ്ങളുടെ ഉത്തരവാദിത്തം ഭംഗിയായി നിർവഹിച്ചു. നല്ല ഒരു തലമുറയെ വാർത്തെടുത്തു. അദ്ദേഹത്തിന്റെ വിയോഗത്തിന് മുമ്പ് തെളിമയാർന്ന മാർഗം അവർക്ക് അദ്ദേഹം വരച്ചു കാണിച്ചു. അങ്ങനെ സ്വഹാബാക്കൾ ക്വുർആനിനെയും സുന്നത്തിനെയും മൂല

പ്രമാണങ്ങളാക്കി ദീൻ മനസ്സിലാക്കുകയും അതിനെ പ്രവൃത്തി പഥത്തിൽ കൊണ്ടുവരികയും ചെയ്തു. അവരിൽ പിഴച്ചവരുണ്ടായില്ല. ദീനിനെ വളച്ചൊടിച്ചവരോ വിതണ്ഡ വാദക്കാരോ അവരിൽ തലപൊക്കിയില്ല. അതെ, അവർ നേരായ പാതയിൽ തന്നെയായിരുന്നു. അടിസ്ഥാനപരമായി അവർ ഐക്യത്തിലും സത്യത്തിലുമായിരുന്നു.

എന്നാൽ ഉസ്മാൻﷺവിന്റെ ഭരണ കാലത്ത് ചില തൽപര കക്ഷികൾ ഇസ്‌ലാമിലേക്ക് രംഗ പ്രവേശനം നടത്തി. കുഴപ്പങ്ങളുണ്ടാക്കി മുസ്‌ലിംകൾക്കിടയിൽ ഭിന്നിപ്പും ചേരിതിരിവുമുണ്ടാക്കി.

ഈ ഭിന്നിപ്പിന്റെ മുഖ്യധാരയിലുണ്ടായിരുന്നവർ രണ്ട് കൂട്ടരാണ്.

1. ഇസ്‌ലാമിനെ നശിപ്പിക്കുവാൻ വേണ്ടി ഒരുങ്ങിപ്പുറപ്പെട്ട അസൂയാലുക്കൾ.

2. ദേഹേഛക്കാരും അനാചാരക്കാരും.

ഖേദകരമെന്ന് പറയട്ടെ, ഇവരുടെ ഈ ദുഷ്പ്രവർത്തനത്തെ അറിവില്ലാത്തവരും തുടക്കക്കാരും വഞ്ചിക്കപ്പെട്ട ചില സാധാരണക്കാരും പിന്താങ്ങി. അങ്ങനെ ഈ ഉമ്മത്തിലും വിഭിന്ന കക്ഷികൾ ആരംഭം കുറിക്കുകയുണ്ടായി.

**ബിദ്ഇകളിൽ നേതൃത്വത്തിലുള്ളവർ**

ബിദ്ഈ കക്ഷികളിൽ പെട്ട പ്രധാനികളായ ചിലരെ സംബന്ധിച്ച് നമുക്ക് ചെറിയ തോതിൽ മനസ്സിലാക്കാം. എല്ലാ ബിദ്ഈ പ്രസ്ഥാനങ്ങളുടെയും അടിസ്ഥാനം ചില പ്രധാന വിഭാഗങ്ങളിലേക്കാണ് മടങ്ങുന്നത്.

**1) ഖവാരിജുകൾ**

അഹ്‌ലുസ്സുന്നത്തി വൽ ജമാഅയിൽ നിന്നും വിഘടിച്ച് പുറത്തുപോയ ആദ്യവിഭാഗമാണ് ഇവർ. ഇവരോട് സ്വഹാബാക്കൾ സംവാദം നടത്തുകയും തെളിവ് നിരത്തുകയും ചെയ്തിട്ടുണ്ട്. ചിലർ മടങ്ങി, പശ്ചാതപിച്ചു. ബാക്കിയുള്ളവരോട് സ്വഹാബത്തിന് യുദ്ധംചെയ്യേണ്ടി വന്നിട്ടുണ്ട്.

**2) ശീഈകൾ**

ഖവാരിജുകളുടെ രംഗപ്രവേശനത്തിന് ശേഷം തൊട്ടുപിറകിൽ വന്ന മറ്റൊരു കക്ഷിയാണ് ശീഈകൾ (ശിയാക്കൾ). അബ്ദുല്ലാഹിബ്നു സബഅ് എന്ന ജൂതനാണ് ഇതിന്റെ സ്ഥാപകൻ. എല്ലാ ഫിത്നകളുടെയും ചെങ്കോൽ വഹിച്ച ദുഷ്ടൻ. ഇവരോടും സ്വഹാബാക്കൾ ശക്തമായി എതിർത്തു നിന്നിട്ടുണ്ട്.

**3) ക്വദ്‌രികൾ**

സ്വഹാബാക്കളുടെ കാലഘട്ടത്തിന്റെ അവസാന സമയത്ത് രംഗപ്രവേശനം ചെയ്തവരാണ് ക്വദ്‌രികൾ. ഇവരോടും സ്വഹാബാക്കളുടെ നിലപാട് തഥൈവ. ഇവരോട് എതിരിടുന്നതിൽ സ്വഹാബാക്കൾ കാർക്കശ്യം കാണിച്ചു. ഇവരിൽനിന്ന് പൂർണമായും ഒഴിവാകുവാൻ അവർ കൽപിച്ചു.

ഗീലാൻ അദ്ദിമശ്കീ എന്ന ഇവരുടെ നേതാവിനെ ചില താബിഈങ്ങളുടെ ഫത്‌വ പ്രകാരം ഉമവീ ഭരണാധികാരി ഹിശാമി ബ്നു അബ്ദിൽ മാലിക് വകവരുത്തുക വരെയുണ്ടായി.

**4) ജഹ്മികൾ**

സ്വഹാബാക്കളുടെ കാലശേഷം അൽ ജുഹ്ദിബിനു ദിർഹമിന്റെയും ശിഷ്യൻ ജഹ്മിബ്നു സ്വഫ് വാന്റെയും കരങ്ങളാൽ സ്ഥാപിതമായ ബിദ്ഈ കക്ഷിയാണ് അല്ലാഹുവിന്റെ സ്വിഫാത്ത് (വിശേഷണങ്ങൾ) നിഷേധികളായ ഇവർ. എന്നാൽ മുസ്‌ലിം സമൂഹം ഇവരോടും ശക്തമായ നിലപാടിലായിരുന്നു. ഈ രണ്ടു നേതാക്കന്മാരും പിന്നീട് വധിക്കപ്പെടുകയാണുണ്ടായത്.

**5) മുഅ്തസിലികൾ**

അതേസമയം രംഗത്തുവന്ന മറ്റൊരു ബിദ്ഈ കക്ഷിയാണിത്. ഹസനുൽ ബസ്വരി(റഹി)യുടെ ശിഷ്യന്മാരായ വാസിലു ബ്നു അത്വാഉം അംറുബ്നു ഉബൈദും അദ്ദേഹത്തോട് ഈമാനിന്റെ വിഷയത്തിൽ തെറ്റിപ്പിരിഞ്ഞാണ് ഈ ചിന്താഗതി രൂപപ്പെടുന്നത്. ഹസനുൽ ബസ്വരിﷺയോട് തെറ്റിപ്പിരിഞ്ഞതിനാലാണ് ഇവർ മുഅ്തസിലികൾ എന്ന് നാമകരണം ചെയ്യപ്പെട്ടത്.


ഈമാനിന്റെ വിഷയത്തിലാണ് തെറ്റിയതെങ്കിലും പിന്നീട് ക്വദ്‌റിനെയും സ്വിഫാത്തിനെയും നിഷേധിക്കുന്നിടത്തേക്ക് അവരെത്തി. ഇവരുടെ മുൻതലമുറകളോടുള്ള അതേ സമീപനമാണ് അഹ്‌ലുസ്സുന്ന ഇവരോടും സ്വീകരിച്ചത്.

**6) മുർജിയാക്കൾ**

ഖവാരിജീ, മുഅ്തസിലീ ചിന്താഗതികൾക്ക് നേർവിപരീതമായ വാദവുമായി രംഗത്ത് വന്നരാണിവർ. ഇവരിൽ അഹ്‌ലുസ്സുന്ന കുഫ്ർ വിധിച്ചവരും വഴികേടിലാണെന്ന് പറഞ്ഞവരുമുണ്ട്. അഹ്‌ലുസ്സുന്നയുടെ ഇവരോടുള്ള സമീപനവും മറ്റൊന്നായിരുന്നില്ല എന്നർഥം.

ഈ ആറ് വിഭാഗക്കാരാണ് ബിദ്ഇകളിൽ പ്രധാനികൾ. ഇവരിൽ മുഅ്തസിലികളും ക്വദ്‌രികളും ഏകദേശം തുല്യ വാദക്കാരാണ്. ഈ പിഴച്ച ചിന്താധാരകളുടെ ബാക്കിപത്രങ്ങളായ മറ്റു വിഭാഗങ്ങൾ പിൽക്കാലത്ത് രംഗപ്രവേശനം ചെയ്തിട്ടുണ്ട്. എന്നാൽ ഇവരോടുള്ള അഹ്‌ലുസ്സുന്നയുടെ നിലപാട് സുവ്യക്തവും സുതാര്യവുമായിരുന്നു. ഇവരോടുള്ള സമീപനം എക്കാലത്തും ഒന്നായിരുന്നു.

**(തുടരും)**



ബാലപഥം

അസ്റ അബ്ദുൽ ഹയ്യ്
AIWA കോളേജ്, മോങ്ങം

# ഒരു ജീവിയെയും ഉപദ്രവിക്കരുത്

ഹാജറയും സാറയും അടുത്ത കൂട്ടുകാരികളാണ്. ഹാജറ മതബോധമുള്ള കുടുംബത്തിലെ കുട്ടിയായതിനാൽ സാറയെക്കാൾ മികച്ച സ്വഭാവവും നല്ല അറിവും അവൾക്കുണ്ടായിരുന്നു. അവർ രണ്ടുപേരും സ്കൂളിൽ പോകുന്നതും വരുന്നതും ഒരുമിച്ചായിരുന്നു.

ഒരുദിവസം രണ്ടുപേരും സകൂളിൽ നിന്ന് മടങ്ങിവരുമ്പോൾ വഴിയിരികിൽ ഒരു കിളിക്കുഞ്ഞ് മരണാസന്നയായി കിടക്കുന്നത് കണ്ടു. അതിനെ ഉറുമ്പുകൾ പൊതിഞ്ഞിരുന്നു.

ഹാജറ പറഞ്ഞു: “പാവം കിളിക്കുഞ്ഞ്. അത് ചാകാനായിട്ടുണ്ട്. നമുക്കതിനെ രക്ഷിക്കാം. അൽപം വെള്ളം കൊടുക്കാം.”

അപ്പോൾ സാറ പറഞ്ഞു: “നിനക്ക് വേറെ പണിയൊന്നുമില്ലേ? വെറുതെ സമയം കളയുന്നു.”

“നീ ഈ പറയുന്നത് ശരിയല്ല. ദാഹിക്കുന്ന ഏത് ജീവിക്കും വെള്ളം നൽകി ദാഹമകറ്റുന്നത് പുണ്യകർമമാണെന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട്” ഹാജറ പറഞ്ഞു.

“നേരാണോ നീ പറയുന്നത്?” സാറ അത്ഭുതത്തോടെ ചോദിച്ചു.

“അതെ, ദാഹിച്ചു വലഞ്ഞ നായക്ക് കിണറ്റിലിറങ്ങി വെള്ളം നൽകിയ മനുഷ്യൻ അക്കാരണത്താൽ സ്വർഗാവകാശിയായെന്ന് നബിﷺ പറഞ്ഞത് നീ പഠിച്ചിട്ടില്ലേ?”

ഇതും ചോദിച്ച് ഹാജറ കിളിക്കുഞ്ഞിനെ കയ്യിലെടുത്തു. അതിന്റെ ശരീരത്തിലുണ്ടായിരുന്ന ഉറുമ്പുകളെയെല്ലാം തട്ടിക്കളഞ്ഞു. ബാഗിലുണ്ടായിരുന്ന വാട്ടർബോട്ടിലിൽ നിന്ന് അൽപം വെള്ളം അതിന്റെ വായിൽ ഒഴിച്ചുകൊടുത്തു. അത് വെള്ളം കുടിച്ചിറക്കി. അന്നേരമാണ് തള്ളപ്പക്ഷി മുകളിൽ വട്ടമിട്ടു പറക്കുന്നത് അവർ കണ്ടത്. കുറച്ചപ്പുറത്ത് മരത്തിൽ നിന്ന് ചാടിയ കിളിക്കൂട് കിടക്കുന്നത് അപ്പോഴാണ് അവരുടെ ശ്രദ്ധയിൽ പെട്ടത്. ഉടൻ ഹാജറ കിളിക്കുഞ്ഞിനെ ആ കൂട്ടിൽ വെച്ചു. ഉറുമ്പുകൾ പോകുകയും വെള്ളം അകത്തു ചെല്ലുകയും ചെയ്തതിനാൽ കിളിക്കുഞ്ഞ് ഉഷാറായി. അത് പതുക്കെ കൂട്ടിൽ എഴുന്നേറ്റ് നിന്നു. അവർ അൽപം മാറി നിന്നപ്പോൾ തള്ളപ്പക്ഷി കൂട്ടിൽ പറന്നിറങ്ങി. അത് തന്റെ കൊക്കിനിടയിൽ വെച്ചിരുന്ന തീറ്റ കുഞ്ഞിന്റെ വായിൽ വച്ചുകൊടുത്തു. കുറച്ചു നേരം ആ രംഗം നോക്കിനിന്ന ശേഷം ഹാജറയും സാറയും വീട്ടിലേക്ക് മടങ്ങി.

പിറ്റേ ദിവസം സ്കൂളിലേക്ക് പോകുമ്പോൾ സാറ പറഞ്ഞു: “ഇന്നലെ നീ കിളിക്കുഞ്ഞിനെ രക്ഷിച്ച കാര്യമായിരുന്നു ഉറങ്ങാൻ കിടക്കുമ്പോൾ എന്റെ മനസ്സു നിറയെ. ഞാൻ ഇതുവരെ ജന്തുക്കളെ ഉപദ്രവിച്ചിട്ടേയുള്ളൂ. ഇനി ഞാൻ ഒന്നിനെയും ഉപദ്രവിക്കില്ല.”

ഹാജറക്ക് അത് കേട്ടപ്പോൾ വലിയ സന്തോഷമായി. അവൾ പറഞ്ഞു: “നമ്മൾ ഒരു കാര്യം തെറ്റാണെന്ന് അറിഞ്ഞാൽ പിന്നെ അത് ആവർത്തിക്കരുത്. അറിയാതെ ചെയ്തത് അല്ലാഹു പൊറുത്തുതരും.”

“ഞാൻ എന്റെ വീട്ടിൽ വരുന്ന ഒരു പാവം പൂച്ചയെ കല്ലെടുത്തെറിഞ്ഞ് കുറെ വേദനിപ്പിച്ചിട്ടുണ്ട്. അതുപോലെ ഓന്തിനെയും അരണയെയും കാണുമ്പോൾ എറിയാറുണ്ട്. അതൊക്കെ ഒരു രസത്തിന് ചെയ്യുന്നതാണ്” സാറ ദുഃഖത്തോടെ പറഞ്ഞു.

“നീ മാത്രമല്ല, പല കുട്ടികളും ചെയ്യുന്ന കാര്യമാണിത്. പൂച്ചയെ കെട്ടിയിട്ട് ഭക്ഷണം നൽകാതെ കൊന്ന ഒരു സ്ത്രീ നരകത്തിലാണെ നബിﷺ പറഞ്ഞത് ജന്തുക്കളെ ഉപദ്രവിക്കുന്നതിന്റെ ഗൗരവം എത്രമാത്രമുണ്ടെന്ന് അറിയിക്കുന്നു” ഹാജറ പറഞ്ഞു.

അപ്പോഴേക്കും അവർ സ്കൂളിലെത്തി. സലാം പറഞ്ഞുകൊണ്ട് രണ്ടു പേരും അവരവരുടെ ക്ലാസ്സുകളിലേക്ക് പോയി.

ശമീർ മദീനി
shameermadeeni@gmail.com



# മനുഷ്യാവകാശ ധ്വംസനങ്ങൾ

**"ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവം കൊലപ്പെടുത്തുന്ന പക്ഷം അവന്നുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അവന്റെ നേരെ അല്ലാഹു കോപിക്കുകയും അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അവന്നു വേണ്ടി അല്ലാഹു ഒരുക്കി വെച്ചിട്ടുള്ളത്" (ക്വുർആൻ 4:93).**

മനുഷ്യൻ അല്ലാഹുവിന്റെ ഉൽകൃഷ്ട സൃഷ്ടികളിലൊന്നാണ്. ധാരാളം സവിശേഷതകൾ മറ്റു സൃഷ്ടികളിൽ നിന്ന് വ്യത്യസ്തമായി അല്ലാഹു മനുഷ്യന് നൽകിയിട്ടുണ്ട്. (ക്വുർആൻ (7:70).

മനുഷ്യന്റെ ജീവനും സ്വത്തും അഭിമാനവും പവിത്രതയുള്ളതാണെന്നും അനാവശ്യമായി അവ ഹനിച്ചു കൂടന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യവധവും ആത്മഹത്യയും കൊള്ളയുമൊക്കെ പാപങ്ങളാണ് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മനുഷ്യ ജീവൻ രക്ഷിക്കുന്നത് വലിയ പുണ്യമാണെന്നും ഇസ്‌ലാം വ്യക്തമാക്കുന്നു.

"അക്കാരണത്താൽ ഇസ്‌റാഈൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നൽകുകയുണ്ടായി: മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു..." (ക്വുർആൻ 5:32).

മുസ്‌ലിമിന്റെ ജീവൻ മാത്രമല്ല ഏതൊരു മനുഷ്യന്റെയും, മനുഷ്യജീവൻ മാത്രമല്ല ജന്തുക്കളുടെയും ജീവൻ ന്യായമായ കാരണമില്ലാതെ ഹനിക്കരുതെന്നും പ്രത്യുത അത് സംരക്ഷിക്കുകയാണ് വേണ്ടതെന്നും ഇസ്‌ലാം പഠിപ്പിക്കുമ്പോൾ നിരപരാധികളായ മനുഷ്യരെ അന്യായമായി വധിക്കുകയും സ്വത്തും സ്ഥാപനങ്ങളും നാടും നഗരവും നശിപ്പിക്കുകയും ചെയ്യുന്ന കൊടും ക്രൂരതകൾ ചെയ്യുന്നവരും അതിന് സൗകര്യങ്ങൾ ഒരുക്കുന്നവരും എങ്ങനെയാണ് ഇസ്‌ലാമിന്റെ വക്താക്കളാവുന്നത്?

നബിﷺ പറയുന്നു: "നാമുമായി ഉടമ്പടിയിൽ കഴിയുന്ന അമുസ്‌ലിമിനെ (മുആഹിദ്) ആരെങ്കിലും കൊന്നാൽ അയാൾക്ക് സ്വർഗത്തിന്റെ പരിമളം പോലും ആസ്വദിക്കാൻ കഴിയുകയില്ല. തീർച്ചയായും അതിന്റെ പരിമളം നാൽപതു വർഷത്തിന്റെ വഴിദൂരത്തേക്ക് വരെ ലഭിക്കുന്നതാണ്" (ബുഖാരി, അഹ്മദ്).

ഒരു യഥാർഥ മുസ്‌ലിമിന് നിർമാണാത്മക പ്രവർത്തനങ്ങളിലല്ലാതെ ഒരിക്കലും നശീകരണ പ്രവർത്തനങ്ങളിലേർപെടുവാൻ സാധിക്കുകയില്ല. യുദ്ധരംഗത്തു പോലും നശീകരണ പ്രവർത്തനത്തിലേർപെടുന്ന അന്ധമായ ആക്രമണ രീതിയെ വിലക്കിക്കൊണ്ടുള്ള പ്രവാചകോപദേശങ്ങൾ ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം.

ഇസ്‌ലാമിനെ ജനമധ്യത്തിൽ വികൃതമാക്കി കാണിക്കുവാനായി ശത്രുക്കൾ ബോധപൂർവം സൃഷ്ടിച്ചെടുക്കുന്നതാണ് ഇസ്‌ലാമിന്റെ പേര് വെച്ചുള്ള ഭീകരാക്രമണങ്ങളും അത്തരം തീവ്രവാദ സംഘങ്ങളും. അതുകൊണ്ടു തന്നെ അത്തരം പ്രതിലോമ പരമായ പ്രവർത്തനങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അവയെ തള്ളിപ്പറയുവാനും തെറ്റ് തെറ്റാണെന്ന് വിളിച്ചുപറയുവാനുമുള്ള ആർജവം നമുക്കുണ്ടാവണം.

അത്തരം സന്ദർഭങ്ങളിലെ വാർത്തകളിലെയും പ്രതികരണങ്ങളിലെയും ഒരു തരം പാർശ്വവൽക്കരണം മിതവാദികളെ കൂടി ചിലപ്പോഴെങ്കിലും തീവ്രചിന്തയിലേക്ക് തള്ളിവിടാൻ സാധ്യതയുണ്ട്. ലോക സമാധാനത്തിന്റെ വക്താക്കളും മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ പ്രതികരിക്കുന്നവരും തങ്ങളുടെ പ്രതികരണങ്ങൾക്ക് ചില പ്രത്യേക അതിർവരമ്പുകൾ അടയാളപ്പെടുത്തുന്നത് തികച്ചും അന്യായവും അക്രമവുമാണ്. നന്മയെ സ്നേഹിക്കുന്നവർ തിന്മകൾക്കെതിരെ മുഖം നോക്കാതെ നടപടിയും നിലപാടും എടുക്കാൻ ബാധ്യസ്ഥരാണ്. റബ്ബ് അനുഗ്രഹിക്കട്ടെ! ആമീൻ

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

ഇബ്റാഹീം നബി(عليه السلام): 7



# കഅ്ബയുടെ നിർമാണം

ഇബ്റാഹീം നബി(عليه السلام) മകൻ ഇസ്മാഈലി(عليه السلام)ന്റെ അടുത്ത് വന്ന് പോയ കാര്യമാണ് നാം വിശദീകരിച്ചത്. വീണ്ടും ഒരിക്കൽ പിതാവ് മകന്റെ അടുക്കൽ ചെന്നു. അന്നേരം ഇസ്മാഈൽ(عليه السلام) സംസമിന്റെ അടുത്തുള്ള ഒരു വൃക്ഷത്തിനു താഴെ അമ്പ് ശരിയാക്കിക്കൊണ്ടിരിക്കുകയാണ്. പിതാവിനെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ അടുത്തേക്ക് എഴുന്നേറ്റ് ചെന്നു. (പരസ്പരം കണ്ടുമുട്ടുമ്പോൾ) പിതാവും പുത്രനും ചെയ്യുന്നതെല്ലാം അവർ ചെയ്തു. പിന്നീട് ഇബ്റാഹീം(عليه السلام) പറഞ്ഞു: 'ഇസ്മാഈൽ, അല്ലാഹു എന്നോട് ഒരു കാര്യം (ചെയ്യുവാൻ) കൽപിച്ചിരിക്കുന്നു.' ഇസ്മാഈൽ(عليه السلام) പറഞ്ഞു: 'താങ്കളുടെ റബ്ബ് താങ്കളോട് പറഞ്ഞത് ചെയ്തുകൊള്ളുക.' ഇബ്റാഹീം(عليه السلام) ചോദിച്ചു: 'നീ എന്നെ സഹായിക്കുമോ?' ഇസ്മാഈൽ(عليه السلام) പറഞ്ഞു: 'ഞാൻ താങ്കളെ സഹായിക്കുന്നതാണ്.' അവർ താമസിച്ചിരുന്ന സ്ഥലത്തിനടുത്ത് ഉയർന്നുനിൽക്കുന്ന ചെറിയ മൺകൂനകളുടെചുറ്റും ചൂണ്ടിക്കാണിച്ചകൊണ്ട് ഇബ്റാഹീം(عليه السلام) പറഞ്ഞു: 'അല്ലാഹു എന്നോട് ഇവിടെ ഒരു ഭവനം നിർമിക്കുവാൻ കൽപിച്ചിരിക്കുന്നു.' അങ്ങനെ ഇരുവരും അതിനടുത്ത് ഭവനത്തിനുള്ള തൂണുകൾ ഉയർത്തി. ഇസ്മാഈൽ(عليه السلام) കല്ല് കൊണ്ടുവരുന്നു. ഇബ്റാഹീം(عليه السلام) നിർമിക്കുന്നു. അങ്ങനെ കെട്ടിടം ഉയരത്തിലായി. ഇസ്മാഈൽ(عليه السلام) ഒരു കല്ല് കൊണ്ടുവന്ന് (പിതാവിന്) വെച്ചുകൊടുത്തു. അദ്ദേഹം (പിതാവ്) അതിൽ കയറിനിന്ന് നിർമാണം തുടരുന്നു. ഇസ്മാഈൽ(عليه السلام) അദ്ദേഹത്തിന് കല്ലുകൾ കൈമാറുന്നു. അവർ ഇരുവരും ഇപ്രകാരം പറയുന്നുമുണ്ട്: 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്നും നീ സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാണല്ലോ.' നബി(ﷺ) പറയുകയാണ്: "അങ്ങനെ അവർ ഇരുവരും (അത്) നിർമിക്കുകയാണ്. ആ ഭവനത്തിന് ചുറ്റും നടന്നുകൊണ്ട് അവർ ഇരുവരും പറയുന്നുണ്ട്: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്നും നീ സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാണല്ലോ" (ബുഖാരി).

ഭൂമിയിലെ ഏറ്റവും പരിശുദ്ധമായ സ്ഥലത്ത് പരിശുദ്ധമായ ഭവനമാണുണ്ടാക്കുന്നത്. അതും അല്ലാഹുവിൻെറ കൽപന പ്രകാരം. എന്നിട്ടും ഇത് സ്വീകരിക്കണേ എന്ന് ഇരുവരും പ്രാർഥിക്കുന്നു. അത്രയും ആത്മാർഥതയും പ്രതിഫലേച്ഛയും അവർക്കുണ്ടായിരിന്നു എന്നർഥം.

ഈ രണ്ട് മഹാന്മാരും കഅ്ബ നിർമിക്കുന്നതിനു മുമ്പ് അവിടെ കഅ്ബ ഉണ്ടായിരുന്നോ ഇല്ലേ എന്ന എന്ന ഒരു ചർച്ച പണ്ഡിതന്മാർക്കിടയിൽ ഉണ്ടായിട്ടുണ്ട്. പരിശുദ്ധ ക്വുർആനിലോ സ്വഹീഹായ ഹദീഥുകളിലോ ഇബ്റാഹീം നബിﷺയും ഇസ്മാഈൽ നബിﷺയും നിർമിക്കുന്നതിനുമുമ്പേ അവിടെ കഅ്ബ ഉണ്ടായിരുന്നു എന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. മലക്കുകൾ മുമ്പേ അവിടെ കഅ്ബ നിർമിച്ചിരുന്നെന്നും പിന്നീട് ആദംﷺ നിർമിച്ചുവെന്നും അതിനു ശേഷം പലരുടെയും കൈകളാൽ നിർമിക്കപ്പെടുകയും പിന്നീട് അതിന് നാശം സംഭവിക്കുകയും ചെയ്തുവെന്നും ആ സ്ഥലത്ത് തന്നെ പിന്നീട് ഇബ്റാഹീം നബിﷺയും ഇസ്മാഈൽ നബിﷺയും കഅ്ബ നിർമിക്കുകയാണുണ്ടായതെന്നും അഭിപ്രായപ്പെട്ട പണ്ഡിതന്മാർ ഉണ്ട്. ഈ അഭിപ്രായം പൂർണമായും ശരിയെന്നോ ശരിയല്ലെന്നോ പറയുവാൻ കഴിയില്ല.

മുഹമ്മദ് നബിﷺയുടെ കാലത്ത് കഅ്ബയുടെ പുനർ നിർമാണം നടന്നിട്ടുണ്ട്. അവിടുന്ന് നബിയാകുന്നതിന് അഞ്ചുവർഷം മുമ്പാണത്. ശക്തമായ വെള്ളപ്പൊക്കത്തിൽ കഅ്ബയുടെ ഭിത്തികൾക്ക് ബലക്ഷയം സംഭവിച്ചു. ആ സന്ദർഭത്തിൽ പൊളിച്ചു പണിയണോ കേടുപാടുകൾ തീർക്കണോ എന്ന ചർച്ച നടന്നു. കഅ്ബ പൊളിക്കുവാൻ വന്ന അബ്റഹത്തിനും സൈന്യത്തിനും ലഭിച്ച ശിക്ഷയെക്കുറിച്ച് മക്കക്കാർക്ക് അറിയാമല്ലോ. ആയതിനാൽ പൊളിക്കുവാൻ അവർ ഭയന്നു. കേടുപാടുകൾ തീർത്താൽ മതി എന്ന അഭിപ്രായമുയർന്നു. അപ്പോൾ അവരിൽ ഒരാൾ പറഞ്ഞു: 'നമ്മുടെ വീടിന് ബലക്ഷയം സംഭവിച്ചാൽ കേടുപാടുകൾ നികത്തുകയാണോ ചെയ്യുക, അതോ പൊളിച്ച് പുതിക്കിപ്പണിയുകയോ?' അവർ പറഞ്ഞു: 'പൊളിച്ച് പുതുക്കിപ്പണിയും.' അപ്പോൾ അയാൾ പറഞ്ഞു: 'എങ്കിൽ അതിനെക്കാൾ വലുതാണ് അല്ലാഹുവിന്റെ ഭവനം. അബ്റഹത്ത് വന്നത് കഅ്ബ പൊളിച്ച് നശിപ്പിക്കുവാനാണല്ലോ. നമ്മൾ പൊളിക്കുന്നത് നശിപ്പിക്കുവാനല്ല, പുതുക്കി കെട്ടുറപ്പുള്ളതാക്കുവാനല്ലേ? അതിനാൽ നമുക്ക് അല്ലാഹുവിന്റെ ശിക്ഷയൊന്നും ലഭിക്കില്ല.'

നമുക്ക് കഅ്ബ പൊളിച്ച് പുതിയത് പണിയാം എന്ന് വലീദ്ബ്നു മുഗീറ തീരുമാനമാക്കി. പൊളിച്ച് പുനർനിർമിക്കാം എന്ന് അഭിപ്രായം പറഞ്ഞ ആളോട് തന്നെ പൊളിക്കുന്നതിന് തുടക്കം കുറിക്കുവാൻ ജനങ്ങൾ ആവശ്യപ്പെട്ടു. പൊളിക്കാൻ തുടങ്ങുമ്പോൾ വല്ല വിപത്തും സംഭവിക്കുന്നുണ്ടോ ഇല്ലേ എന്ന് അറിയാനായിരുന്നു ഇത്. മുശ്രിക്കുകളായിരുന്നെങ്കിലും കഅ്ബയെ അവർ എന്നും ആദരിച്ചും ബഹുമാനിച്ചും അതിന്റെ പവിത്രത കാത്തുസൂക്ഷിച്ചുമാണ് പോന്നിരുന്നത്. അവിടെവെച്ച് യാതൊരു അക്രമവും നടത്താൻ അവർ ധൈര്യം കാണിച്ചിരുന്നില്ല. കാരണം ഇബ്റാഹീം നബിﷺയുടെ കാലം മുതലേ അത് ഹറമാ(പവിത്രമാ)ണ്.

കഅ്ബ പുതുക്കിപ്പണിയുവാനായി പൊളിക്കുവാൻ തുടങ്ങി. ആ അവസരത്തിൽ മുഗീറ പറയുന്നുണ്ട്, 'അല്ലാഹുവേ, നല്ലതേ ഞങ്ങൾ ഉദ്ദേശിക്കുന്നുള്ളൂ' എന്ന്. പൊളിക്കുന്നത് കൊണ്ട് കുഴപ്പമൊന്നും സംഭവിക്കുന്നില്ലെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം എല്ലാവരോടും അതിൽ പങ്കുകൊള്ളുവാൻ ആവശ്യപ്പെട്ടു. അവർക്ക് പേടി നീങ്ങിയിട്ടില്ല. അവർ പറഞ്ഞു: 'ഞങ്ങൾ പങ്കെടുക്കാൻ ആയിട്ടില്ല. നീ രാത്രി പോയിട്ട് ഒന്ന് ഉറങ്ങൂ. എന്നിട്ട് വല്ലതും സംഭവിക്കുന്നുണ്ടോ എന്ന് ഞങ്ങളൊന്ന് നോക്കട്ടെ. നേരം വെളുത്ത ശേഷം നിന്നെ നല്ല ആരോഗ്യത്തിലും നല്ല അവസ്ഥയിലുമെല്ലാം ഞങ്ങൾ കണ്ടാൽ ഞങ്ങൾ കഅ്ബ പൊളിക്കുവാൻ തയ്യാറാകാം.' അവർ അതിന് കാത്തിരുന്നു. അദ്ദേഹത്തിന് ഒന്നും സംഭവിച്ചില്ല. അങ്ങനെ എല്ലാവരും ചേർന്ന് പൊളിക്കുവാൻ തുടങ്ങി. തറയുടെ ഭാഗം വരെ പൊളിച്ചു. പിന്നീട് നിർമാണം തുടങ്ങി.

നിർമാണത്തിന് സാമ്പത്തികമായ ചെലവുണ്ട്. അത് എവിടെ നിന്ന് കിട്ടും? അവർ അത് എല്ലാവരിൽ നിന്നും സംഭരിക്കുവാൻ തീരുമാനിച്ചു. പക്ഷേ, അവർ ഒരു നിബന്ധന കർശനമാക്കി; ഹലാലല്ലാത്ത ഒരു തുട്ടുപോലും ഇതിലേക്ക് ആരും സംഭാവന നൽകരുത്! എന്നിട്ട് അവർ പറഞ്ഞു: 'ഒരു വേശ്യയുടെ മഹ്റോ, പലിശയുമായുള്ള മുതലോ, ചൂതാട്ടം നടത്തുന്നവരുടെ മുതലോ, മോഷണം നടത്തിയവന്റെ മുതലോ വേണ്ട.' കാരണം പരിശുദ്ധ ഗേഹത്തിന്റെ പുനർനിർമാണമാണ് നടക്കുന്നത്. അതിന് പരിശുദ്ധമായ സമ്പാദ്യം തന്നെ വേണം എന്നതായുരുന്നു അവരുടെ നിലപാട്. ഈ കണിശതയിലൂടെ പണം സ്വരൂപിച്ചപ്പോൾ ഇബ്റാഹീംﷺ പണിതിരുന്ന അത്ര വലുപ്പത്തിൽ പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. അങ്ങനെ ഇന്നും നാം കാണുന്ന വലുപ്പത്തിൽ അത് അവർ പൂർത്തിയാക്കി. ബാക്കി ഭാഗം, കഅ്ബയുടെ ഭാഗം തന്നെയാണെന്ന് അറിയാനായി ഒരു ആർച്ചിന്റെ രൂപം അവിടെ അവർ ഉണ്ടാക്കി വെച്ചു. അതിനുള്ളിലൂടെ ത്വവാഫ് പാടില്ല. കാരണം, കഅ്ബഃയുടെ ഉള്ളിലൂടെ ത്വവാഫ് പാടില്ല.

ഒരിക്കൽ നബിﷺയോട് ആഇശ رضي الله عنها പറഞ്ഞു: 'നബിയേ, എനിക്ക് കഅ്ബയുടെ അകത്ത് കയറി നമസ്കരിക്കണം.' അവിടുന്ന് അരുളി: 'ഹിജ്റിൽ


നമസ്കരിച്ചുകൊള്ളുക. നിശ്ചയമായും അത് കഅ്ബയാണ്' (അബൂദാവൂദ്, തിർമിദി).

ആ ആർച്ച് രൂപത്തിലുള്ള ഭാഗത്തിന് ആളുകൾ ഹിജ്റ് ഇസ്മാഈൽ എന്ന് വിശേഷിപ്പിക്കാറുണ്ട്. അത് ശരിയല്ല. ഹിജ്റ് എന്നേ നാം പഠിപ്പിക്കപ്പെട്ടിട്ടുള്ളൂ. ഹജ്റ് ഇസ്മാഈൽ എന്നത് ആരോ ഉണ്ടാക്കിയതാണ്. ചിലർ അതിനെ പറ്റി വിശ്വസിക്കുന്നത് അവിടെയാണ് ഇസ്മാഈൽﷺന്റെ ക്വബ്റ് എന്നാണ്. മറ്റു ചിലർ എഴുപത് നബിമാരുടെ ക്വബ്റ് അവിടെയുണ്ടെന്നാക്കി. ഇതെല്ലാം അടിസ്ഥാന രഹിതമായ വിശ്വാസങ്ങളാണ്.

മക്കക്കാരുടെ കഅ്ബ പുതുക്കിപ്പണിയൽ തുടരുകയാണ്. അന്നേരം ഹജറുൽ അസ്‌വദ് ആര് അതിന്റെ സ്ഥാനത്ത് വെക്കും എന്നതിൽ അവർക്കിടയിൽ തർക്കമായി. ഓരോ ഗോത്രത്തലവന്മാരും അവരവരുടെ നാമം നിർദേശിച്ചു. തർക്കമായി. ഇനി ആരാണോ ഇവിടേക്ക് ആദ്യം വരുന്നത്, അവരുടെ നിർദ്ദേശം നമുക്ക് അംഗീകരിക്കാം എന്ന തീരുമാനത്തിൽ അവർ എത്തി. അല്ലാഹുവിന്റെ വിധി പ്രകാരം 35 വയസ്സ് പ്രായമുള്ള അൽ അമീൻ (വിശ്വസ്തൻ) എന്ന് ജനങ്ങൾ വിളിക്കുന്ന മുഹമ്മദ്ﷺ ആണ് അവിടേക്ക് അന്നേരം കടന്നുവന്നത്. അന്ന് അവിടുന്ന് നബി ആയിട്ടില്ല. അവർ അദ്ദേഹത്തോട് ആവശ്യം അറിയിച്ചു. അവിടുന്ന് ഒരു തുണി കൊണ്ടുവരാൻ അവരോട് പറഞ്ഞു. എന്നിട്ട് ആ തുണിയുടെ മധ്യത്തിൽ ഹജറുൽ അസ്‌വദ് വെക്കുകയും, ഗോത്രത്തലവന്മാരോട് തുണിയുടെ അറ്റം പിടിച്ച് പൊക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഇനി ആര് വെക്കും ഹജറുൽ അസ്‌വദ് അതിന്റെ സ്ഥാനത്ത്? എല്ലാം അല്ലാഹുവിന്റെ തീരുമാനമായിരുന്നു. അവിടുന്ന് തന്നെ ആ കല്ല് തുണിയിൽ നിന്നും എടുത്ത് അതിന്റെ സ്ഥാനത്ത് സ്ഥാപിച്ചു.

മക്കാവിജത്തിന് ശേഷം നബിﷺക്ക് ഒരു ആഗ്രഹം. കഅ്ബ പുനർനിർമാണത്തിൽ ക്വുറൈശികൾ ഇബ്റാഹീം നബിﷺയും ഇസ്മാഈൽ നബിﷺയും പണിത രൂപത്തിന് ഒന്ന് രണ്ട് മാറ്റങ്ങൾ വരുത്തിയിരുന്നു. അവർ ഇരുവരും കഅ്ബ പണിതപ്പോൾ നിലത്തുനിന്ന് തന്നെ അതിലേക്ക് പ്രവേശിക്കാവുന്ന രൂപത്തിലുള്ള ഒരു വാതിലായിരുന്നു അതിനുണ്ടായിരുന്നത്. പുറത്ത് കടക്കാനും അപ്രകാരം ഒരു വാതിൽ ഉണ്ടായിരുന്നു. ക്വുറൈശികൾ അത് ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് നന്നായി ഉയർത്തിയാണ് സ്ഥാപിച്ചത്. മറ്റൊരു മാറ്റം, കഅ്ബയുടെ നാല് ചുമരുകളുടെ വലുപ്പക്കുറവായിരുന്നു. സമ്പത്തിന്റെ കുറവു കാരണം, കഅ്ബ പുനർനിർമാണത്തിന് ഇബ്റാഹീംﷺ പണിത അതേ അടിത്തറയിൽ പണിയാൻ ക്വുറൈശികൾക്കായില്ലല്ലോ. അതിനാൽ അവർ മാറ്റി നിർത്തിയ ഭാഗം ഉൾപെടുത്തിക്കൊണ്ടും അവർ അതിന് വരുത്തിയ മാറ്റങ്ങൾ ഇല്ലാതാക്കിയും ഇബ്റാഹീം നബിﷺയും ഇസ്മാഈൽ നബിﷺയും പണിതത് പോലെത്തന്നെ അതൊന്ന് പൂർണമായി പണിതാലോ എന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. കഅ്ബയുടെ നാല് മൂലകൾക്കും വ്യത്യസ്ത പേരുകളാണല്ലോ ഉള്ളത്. ഒന്ന്, ഹജറുൽ അസ്‌വദ് നിൽക്കുന്ന മൂല. രണ്ട്, റുക്നുൽ യമാനി. മൂന്ന്, റുക്നുൽ ഇറാക്വി. നാല് റുക്നുശ്ശാമി. അവസാനം പറഞ്ഞ രണ്ട് മൂലകളുടെ ഭിത്തിയുടെ മുകൾ ഭാഗത്താണ് മഴയോ മറ്റോ കാരണത്താൽ കഅ്ബയുടെ മുകളിലുള്ള വെള്ളം താഴെക്ക് ഒഴുക്കാനായി പാത്തിയുള്ളത്. അവിടുന്ന് ആഗ്രഹിക്കുന്നത് പോലുള്ള ഒരു പ്രവർത്തനം ഇനി കഅ്ബയുടെ കാര്യത്തിൽ ചെയ്യണമെങ്കിൽ ഈ ഭാഗങ്ങളെല്ലാം പൊളിക്കുകയും വേണം. പൊളിച്ചാൽ ജനങ്ങൾക്കിടയിൽ അതൊരു സംസാര വിഷയമാകുകയും ചെയ്യും. അതോടൊപ്പം സാമ്പത്തികമായ ഞെരുക്കവും അതിന് തടസ്സമായിരുന്നു.

ആഇശﷺയോട് അവിടുന്ന് ഈ ആഗ്രഹം ഇടയ്ക്കിടക്ക് പങ്കുവെക്കാറുണ്ട്. അവിടുന്ന് പറഞ്ഞു: 'ആഇശാ, നിന്റെ ജനത ജാഹിലിയ്യത്തിൽ നിന്നും വന്ന പുതിയ കാലമാണിത്. കഅ്ബയുടെ ആ ചുമരുകൾ അതിൽ ഞാൻ പ്രവേശിപ്പിക്കുവാനും (അവർ ഉയർത്തിയ) വാതിൽ ഭൂമിയോട് ഒട്ടുന്ന രൂപത്തിൽ ആക്കുവാനും അവരുടെ ഹൃദയത്തിൽ വല്ല വെറുപ്പും ഉണ്ടാകുമോ എന്ന് ഞാൻ ഭയപ്പെടുന്നു' (ബുഖാരി).



മക്കാ വിജയത്തിന് ശേഷം ഇങ്ങനെ ഒരു പണിക്ക് അവിടുന്ന് തയ്യാറാകുന്ന പക്ഷം പുതിയതായി ഇസ്‌ലാമിലേക്ക് വന്നവരിൽ അത് വിഷമവും സംശയവും ഉളവാക്കിയേക്കും. 'കഅ്ബയെ ബഹുമാനിക്കുന്നുവെന്ന് വാദിക്കുന്ന ഈ മുഹമ്മദ് മക്ക വിജയിച്ചടക്കിയപ്പോൾ ആദ്യം ചെയ്തത് കഅ്ബഃ പൊളിക്കലാണ്' എന്ന് അവർ പറഞ്ഞേക്കും.

നബിﷺ അങ്ങനെ ഒരു പുതുക്കിപ്പണിയലിന് തയ്യാറാകുന്നത് തെറ്റാണോ? അല്ല! പക്ഷേ, ഒരു നന്മ പിന്നീട് വലിയ കുഴപ്പത്തിന് നിമിത്തമാകുമെന്ന് ഭയപ്പെട്ട് പ്രവാചകൻﷺ അതിൽ നിന്നും പിന്മാറുകയാണ് ചെയ്തത്. ഈ സംഭവത്തിൽ നിന്ന് പണ്ഡിതന്മാർ 'ഒരു നന്മ നടപ്പാക്കുന്നതിലൂടെ അതിനെക്കാൾ വലിയ കുഴപ്പം വരുന്നുവെങ്കിൽ ആ നന്മയെ മാറ്റി നിർത്താം' എന്ന ഒരു കാര്യം നിർധാരണം ചെയ്തെടുത്തിട്ടുണ്ട്. ഇതിനർഥം എല്ലാ സത്യവും മൂടിവെക്കണമെന്നോ, ജനങ്ങളുടെ ഇഷ്ടത്തിനൊപ്പിച്ച് ദീനിനെ വളച്ചൊടിക്കണമെന്നോ നല്ല കാര്യം ചെയ്യരുതെന്നോ അല്ല. കഅ്ബ അങ്ങനെ തന്നെ (ക്വുറൈശികൾ നിർമിച്ചത് പോലെ) നിലനിൽക്കുന്നതു കൊണ്ട് പ്രത്യേകിച്ച് ഒരു നഷ്ടവും മതത്തിനില്ല. എന്നാൽ ആ മഹാന്മാരായ പ്രവാചകന്മാർ കെട്ടിപ്പടുത്തുയർത്തിയത് പോലെ ഒന്ന് കാണുക എന്ന ആഗ്രഹം അവിടുന്ന് പ്രകടിപ്പിച്ചുവെന്ന് മാത്രം.

കാലം കുറെ പിന്നിട്ടു. റസൂൽﷺ വഫാതായി. ശേഷം ഖുലഫാഉർറാശിദുകളായ അബൂബക്ർ, ഉമർ, ഉസ്മാൻ,അലി തുടങ്ങിയവരുടെ ഖിലാഫത്തും കഴിഞ്ഞു. പിന്നീട് ഹസൻ, മുആവിയ എന്നിവരുടെ ഭരണവും കഴിഞ്ഞു. ശേഷം യസീദിന്റെ കാലത്ത് മക്കയിലെ അമീറായിരുന്ന അബ്ദുല്ലാഹിബ്നു സുബൈർ കഅ്ബ പുതുക്കിപ്പണിയുവാൻ ആഗ്രഹിച്ചു. അത് ഹിജ്റ 64ൽ ആയിരുന്നു. അങ്ങനെ അദ്ദേഹം അതിനായി കൂടിയാലോചന നടത്തി. അദ്ദേഹം പറഞ്ഞു:

'ജനങ്ങളേ, കഅ്ബയുടെ കാര്യത്തിൽ (ഞാൻ നിങ്ങളോട് അഭിപ്രായം ചോദിക്കുന്നു) എനിക്ക് നിങ്ങൾ നിർദേശം നൽകണം. ഞാൻ അത് പൊളിച്ച് പുതുക്കിപ്പണിയുകയാണ് (അതാണ് എന്റെ അഭിപ്രായം). അല്ലെങ്കിൽ അതിന് ബലക്ഷയം വന്നിടം നന്നാക്കുകയാണ്.' ഇബ്നു അബ്ബാസ് പറഞ്ഞു: 'എനിക്ക് അതിൽ വ്യത്യസ്തമായ ഒരു അഭിപ്രായമുണ്ട്. ജനങ്ങളെല്ലാം മുസ്‌ലിമായപ്പോഴും ആ ഭവനം അങ്ങനെ തന്നെയല്ലേ? ജനങ്ങളെല്ലാം മുസ്‌ലിമായപ്പോഴും ആ കല്ലുകളെല്ലാം അങ്ങനെ തന്നെയല്ലേ? നബിﷺ നിയോഗിക്കപ്പെടുമ്പോഴും അവയെല്ലാം അങ്ങനെ തന്നെയല്ലേ? അത് അങ്ങനെ തന്നെ വിട്ട്, കേട് പാടുകൾ വന്ന ഭാഗം നന്നാക്കുവാനാണ് ഞാൻ അഭിപ്രായപ്പെടുന്നത്.' അപ്പോൾ അബ്ദുല്ലാഹിബ്നു സുബൈർ പറഞ്ഞു: 'നിങ്ങളിൽ ഒരാളുടെ ഭവനം കത്തിയമർന്നാൽ അത് പുതുക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടില്ലേ? അപ്പോൾ അല്ലാഹുവിന്റെ ഭവനമോ?' (അതല്ലേ അതിനെക്കാൾ പ്രധാനം എന്നർഥം).

അബ്ദുല്ലാഹിബ്നു സുബൈർവിന് പ്രവാചകൻﷺക്ക് ഉണ്ടായത് പോലെയുള്ള ഒരു ആഗ്രഹം ഉണ്ടായി. അഥവാ, ഇബ്റാഹീം നബിയും ഇസ്മാഈൽ നബിയും പണിത അതേ വലുപ്പത്തിലും, രണ്ട് വാതിലുകളുള്ളതും, വാതിലുകൾ ഭൂമിയോട് സമനിരപ്പായതുമായി നിർമിക്കുവാനാണ് അബ്ദുല്ലാഹിബ്നു സുബൈർ ആഗ്രഹം പ്രകടിപ്പിച്ചത്. അതിനായി അദ്ദേഹം പ്രമുഖരുമായി ചർച്ച ചെയ്തു. കൂട്ടത്തിൽ പ്രമുഖനായ അബ്ദുല്ലാഹിബ്നു അബ്ബാസ്വും ഉണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായം പൊളിച്ച് പണിയേണ്ട, കേടുപാടുകൾ തീർത്താൽ മതി എന്നതായിരുന്നു.

പിന്നീട് അബ്ദുല്ലാഹിബ്നു സുബൈർ ഇപ്രകാരം അറിയിച്ചു: 'ഞാൻ എന്റെ റബ്ബിന്റെ മുന്നിൽ മൂന്ന് തവണ ഇസ്തിഖാറത്തിന്റെ നമസ്കാരം നിർവഹിച്ചു. എന്നിട്ട് ഞാൻ തീരുമാനമെടുത്തിരിക്കുന്നത്, അത് ഇപ്പോഴുള്ള അവസ്ഥയിൽ നിന്നും മാറ്റി ഇബ്റാഹീം നബിയും ഇസ്മാഈൽ നബിയും പണിതത് പോലെ നിർമിക്കുവാനാണ്.'

അങ്ങനെ അദ്ദേഹം അപ്രകാരം ചെയ്യുവാൻ തീരുമാനിച്ചു. വല്ലതും സംഭവിക്കുമോ എന്ന് ജനങ്ങൾക്ക് പേടിയായി. അങ്ങനെ ഒരാൾ ഒരു കല്ല് മാറ്റി. ഒന്നും സംഭവിക്കുന്നില്ലെന്ന് അറിഞ്ഞപ്പോൾ എല്ലാവരും അതിൽ പങ്കെടുത്തു. നിർമാണം തുടങ്ങിയപ്പോൾ കഅ്ബഃയുടെ നാല് ഭാഗവും തുണി കൊണ്ട് മറച്ചു. നിർമാണം പൂർത്തിയാകുന്നത് വരെ അത് അവിടെ നിന്നും എടുത്തില്ല. അങ്ങനെ അദ്ദേഹം ഇബ്റാഹീം നബിയും ഇസ്മാഈൽ നബിയും പണിതത് പോലെ പുനർനിർമിച്ചു. അദ്ദേഹം പറഞ്ഞു: "നബിﷺ (ഇപ്രകാരം) പറയുന്നത് ഞാൻ കേട്ടിട്ടുണ്ടെന്ന് ആഇശ പറഞ്ഞിട്ടുണ്ട്: 'നിന്റെ ജനത അടുത്ത കാലത്താണ് കുഫ്റിൽ നിന്നും ഇസ്‌ലാമിലേക്ക് വന്നത്. അതിനാലാണ് ഞാൻ കഅ്ബയെ ഇബ്റാഹീമും ഇസ്മാഈലും പണിതത് പോലെ പണിയാൻ മുതിരാത്തത്. അത് പോലെ എന്റെ അടുത്ത് അത് പൂർത്തിയാക്കുവാനുള്ള സാമ്പത്തിക ശേഷിയുമില്ല, അതിനാലാണ് ഇബ്റാഹീമും ഇസ്മാഈലും പണിതത് പോലെ അത് നിർമിക്കാൻ ഞാൻ തുനിയാത്തത്.' എന്നാൽ ഇന്ന് അതിന് ചെലവഴിക്കാനുള്ള സാമ്പത്തിക ശേഷി എനിക്കുണ്ട്, ജനങ്ങളെ പേടിക്കേണ്ടുന്ന സാഹചര്യവും ഇല്ലാതെയായി. ഇസ്‌ലാം അവരുടെ ഹൃദയത്തിൽ രൂഢമൂലമായിട്ടുണ്ട്. അതിനാൽ ഞാൻ ഇത് അപ്രകാരം പണിയുകയാണ്."

**മക്കാ മുശ്‌രിക്കുകൾ ഇബ്‌റാഹീം നബി(عليه السلام)യോട് പ്രാർഥിക്കുക മാത്രമല്ല ചെയ്തിരുന്നത്, അദ്ദേഹത്തെ കൊണ്ട് ഭാഗ്യ പരീക്ഷണങ്ങളും നടത്തിയിരുന്നു. ഈ ജാഹിലിയ്യത്തെല്ലാം നബി(ﷺ) കഅ്ബയിൽ നിന്നും പിഴുതെറിഞ്ഞു.**

അങ്ങനെ അബ്ദുല്ലാഹിബ്നു സുബൈർ(رضي الله عنه)വിന്റെ കാലത്ത് ഇബ്‌റാഹീം നബി(عليه السلام)യും ഇസ്മാഈൽ നബി(عليه السلام)യും ഉണ്ടാക്കിയ പോലെ കഅ്ബ പുനർനിർമിച്ചു. അത് ഹിജ്റ 64ൽ ആയിരുന്നുവെന്ന് നാം പറഞ്ഞുവല്ലോ. എന്നാൽ ഇതിന്റെ പേരിൽ പ്രശ്നം ഉടലെടുത്തു. കുഴപ്പം അദ്ദേഹത്തിന്റെ വധത്തിൽ വരെ എത്തിച്ചേർന്നു. ഹജ്ജാജ്ബ്നു യൂസുഫിന്റെ കൈകളാൽ ഹിജ്റ 73ൽ അദ്ദേഹം വധിക്കപ്പെടുകയും ചെയ്തു.

പിന്നീട് ഹജ്ജാജായിരുന്നു അവിടത്തെ ഭരണാധികാരി. അദ്ദേഹം അബ്ദുല്ലാഹിബ്നു സുബൈർ(رضي الله عنه) പണിതതെല്ലാം പൊളിച്ചു മാറ്റി. നബി(ﷺ)യുടെ കാലത്തുണ്ടായിരുന്നത് പോലെ അത് പണിയുകയും ചെയ്തു.

ഹജ്ജാജിന്റെ കാലശേഷം അബ്ബാസീ ഭരണകാലം എത്തിയപ്പോൾ മഹ്ദി എന്ന് പറയുന്ന ഭരണാധികാരിയുടെ കാലത്ത് അന്ന് ജീവിച്ചിരിപ്പുള്ള മഹാപണ്ഡിതനായ ഇമാം മാലിക്ബ്നു അനസ്(رحمه الله)വിനോട് ഗവർണർ, എന്ത് ചെയ്യണം, ഇത് മാറ്റി പഴയ രൂപത്തിലേക്ക് തന്നെ ആക്കിയാലോ എന്ന് കൂടിയാലോചന നടത്തി. ഇമാം മാലിക്(رحمه الله) പറഞ്ഞു:

'അതിനെ (അങ്ങനെ തന്നെ) വിടാനാണ് ഞാൻ അഭിപ്രായപ്പെടുന്നത്.' അദ്ദേഹം ചോദിച്ചു: 'എന്ത് കൊണ്ട്?' അദ്ദേഹം പറഞ്ഞു: 'ഭരണാധികാരികൾ ഒരാൾ പൊളിക്കുന്നു, മറ്റൊരാൾ പണിയുന്നു. ഇങ്ങനെ അതിനെ ഒരു കളിപ്പാട്ടമായി സ്വീകരിച്ചാൽ ആളുകളുടെ ഹൃദയത്തിൽ നിന്ന് ആ ഭവനത്തെ തൊട്ടുള്ള ആ ഭയം നീങ്ങും എന്ന് ഞാൻ പേടിക്കുന്നു...' അങ്ങനെ ഇന്ന് നാം കാണുന്നത് പോലെ അത് ഒഴിവാക്കപ്പെട്ടു.

ഇന്ന് നിലവിലുള്ളത് കഅ്ബഃയുടെ രൂപം നബി(ﷺ)യുടെ കാലത്ത് ക്വുറൈശികൾ പണിത രൂപമാണ്. അതാവട്ടെ, ഹജ്ജാജ് പണിതതുമാണ്.

ഇനി ഒരു കാലത്ത് കഅ്ബ തകർക്കപ്പെടുമെന്ന് പ്രവാചകൻ(ﷺ) മുന്നറിയിപ്പ് നൽകിയിട്ടുമുണ്ട്. അഥവാ ആ കാലത്ത് കഅ്ബയുടെ ആവശ്യം ജനങ്ങൾക്കില്ലാതെയാകും. അന്ന് അത് തകർക്കപ്പെടും.

'എത്യോപ്യയിൽ നിന്നുള്ള, രണ്ട് കണങ്കാലുകളും ചെറുതായുള്ള ഒരാൾ കഅ്ബഃ പൊളിക്കും' (ബുഖാരി, മുസ്‌ലിം).

വീണ്ടും അവിടുന്ന് അരുളി: 'ഞാൻ അവനെ നോക്കിക്കാണുന്നവനെ പോലെയാണിപ്പോൾ. കറുത്ത, തുടകൾക്കിടയിൽ അകൽച്ചയുള്ളവനാണവൻ. അവൻ ഓരോ കല്ലുകളും നീക്കി നീക്കി അത് പൊളിച്ചു മാറ്റും' (ബുഖാരി). ഇത് ഈസാ നബി(عليه السلام)യുടെ ആഗമനത്തിന് ശേഷമായിരിക്കും സംഭവിക്കുക എന്നതാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. അന്ന് ഏറ്റവും മോശപ്പെട്ടവരുള്ള, അല്ലാഹു എന്ന് പറയാൻ പോലും ആളില്ലാത്ത കാലമാകും. 'ഏറ്റവും വലിയ നികൃഷ്ടന്മാരിലല്ലാതെ അന്ത്യദിനം സംഭവിക്കില്ല' എന്ന് അവിടുന്ന് നമ്മെ പഠിപ്പിച്ചിട്ടുണ്ടല്ലോ.

ഇബ്‌റാഹീം(عليه السلام) ജനങ്ങൾക്കിടയിൽ അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്ന് എത്ര വ്യക്തവും സരളവുമായ ശൈലിയിലാണ് പ്രബോധനം നടത്തിയതെന്ന് നമ്മൾ മനസ്സിലാക്കി. എന്നാൽ മക്കാ മുശ്‌രിക്കുകൾ അദ്ദേഹത്തോടും ഇസ്മാഈൽ(عليه السلام)നോടുമുള്ള സ്നേഹം, ബഹുമാനം, ആദരവ് എന്നെല്ലാം പറഞ്ഞ് അവരോട് സഹായം തേടുകയും കഅ്ബയിൽ തന്നെ അവരുടെതടക്കം പലരുടെയും വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുകയും ചെയ്തു.

മക്കാ മുശ്‌രിക്കുകൾ ഇബ്‌റാഹീം നബി(عليه السلام)യോട് പ്രാർഥിക്കുക മാത്രമല്ല ചെയ്തിരുന്നത്, അദ്ദേഹത്തെ കൊണ്ട് ഭാഗ്യ പരീക്ഷണങ്ങളും നടത്തിയിരുന്നു. ഈ ജാഹിലിയ്യത്തെല്ലാം നബി(ﷺ) കഅ്ബയിൽ നിന്നും പിഴുതെറിഞ്ഞു. നബി(ﷺ) ഈ സമുദായത്തിൽ നിന്ന് ഇത്തരം അന്ധവിശ്വാസങ്ങൾ പിഴുതെറിഞ്ഞിട്ടുണ്ടെങ്കിലും ഇന്നും നമ്മുടെ സമൂഹത്തിൽ ഈ ജാഹിലീ വിശ്വാസം കൊണ്ടുനടക്കുന്നവരുണ്ട്. ശകുനവും ദുശ്ശകുനവും അല്ലാഹു നിശ്ചയിച്ചിട്ടില്ല. ഇത്തരം വിശ്വാസങ്ങളെല്ലാം അല്ലാഹുവിലുള്ള വിശ്വാസത്തിലെ പോരായ്മയെയാണ് സൂചിപ്പിക്കുന്നത്.

ഭാഗ്യ പരീക്ഷണങ്ങൾ ഇന്ന് വ്യത്യസ്തമായ രൂപത്തിൽ നാടുകളിൽ വ്യാപകമാണ്. ലോട്ടറിയും, ചൂതാട്ടവുമെല്ലാം ഇതിന്റെ ഭാഗമാണ്. ഇതെല്ലാം തന്നെ ഇസ്‌ലാം വിലക്കിയതുമാണ്. ക്വുർആൻ പറയുന്നത് കാണുക:

"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽ നിന്നും നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽ നിന്ന്) വിരമിക്കുവാനൊരുക്കമുണ്ടോ?" (ക്വുർആൻ 5:90,91). ●

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

ശാന്തിഗേഹം

ശാന്തിഗേഹത്തിലേക്കുള്ള ചോദ്യങ്ങൾ
mail@nerpatham.com എന്ന ഇ.മെയിലിലോ
9656292244 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ
നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.

# സൗഹാർദം തെറ്റാകുന്നതെങ്ങനെ?

*ചോദ്യം: സ്വന്തം ക്ലാസ്സിൽ പഠിക്കുന്ന പെൺകുട്ടിയുമായുള്ള സൗഹൃദമല്ലേ പ്രേമം? ഇത് തെറ്റാകുന്നതെങ്ങനെ?*

ഹയർ സെക്കന്ററി വിദ്യാർഥി സമ്മേളനത്തിൽ ഒരു വദ്യാർഥി ചോദിച്ച ചോദ്യമാണിത്. അന്യ സ്ത്രീ പുരുഷൻമാർ തമ്മിലുള്ള അവിഹിത ബന്ധങ്ങൾ തെറ്റാണെന്ന് മനസ്സിലാക്കുവാൻ കഴിയാത്ത പുതുതലമുറയുടെ മനസ്സ് നമ്മെ ആശങ്കപ്പെടുത്തുന്നു. ഈ ചോദ്യം ചോദിക്കുന്ന സുഹൃത്തിന് ചെറിയൊരു ചിന്തയിലൂടെ മനസ്സിലാക്കാവുന്ന കാര്യമെ ഇതിലുള്ളൂ. തന്റെ സഹോദരിയുമായി അവളുടെ ക്ലാസ്സിൽ പഠിക്കുന്ന ഒരാൺകുട്ടി സൗഹൃദം സ്ഥാപിക്കുകയും നിരന്തരം അവൾക്ക് മെസ്സേജ് അയക്കുകയും കൂടെ ക്കൂടുകയും ചെയ്താൽ അതൊരു സൗഹൃദമല്ലേ എന്നു പറഞ്ഞ് അവഗണിക്കാനാകുമോ?

എല്ലാ അവിഹിത ബന്ധങ്ങളുടെയും തുടക്കം കേവല സൗഹാർദങ്ങളാണ്. അതാണ് പിന്നീട് വേർപിരിയാനാവാത്ത ബന്ധങ്ങളും മാതാപിതാക്കളെയും മതത്തെും അവഗണിച്ച വിവാഹങ്ങളുമായി പരിണമിക്കുന്നത്. ഭൗതിക ജീവിത്തിലെ ഏറ്റവും വലിയ സന്തോഷവും ഇഹപര ജീവിതത്തിലെ പങ്കാളിയെ കണ്ടെത്താനുമുള്ള വിവാഹം കേവലം പരസ്പരം കണ്ടപ്പോഴുള്ള നെമിഷിക താൽപര്യത്തിൽനിന്നും അവിഹിത ബന്ധത്തിൽനിന്നും തുടങ്ങേണ്ടതാണോ? ഇത്തരം അവിഹിത ബന്ധങ്ങളുടെ ദുരന്തങ്ങളിൽ ചിലത് ഇവിടെ സൂചിപ്പിക്കട്ടെ.

1. പ്രേമിക്കുന്നവരോടുള്ള സ്നേഹം ശക്തമാവുമ്പോൾ അത് ശരീരത്തെയും മനസ്സിനെയും പ്രതികൂലമായി ബാധിക്കുന്നു. ചിലർ മാനസിക രോഗികളാകുന്നു. ഒരു സ്ത്രീയുടെ അവിഹിതബന്ധം ഭർത്താവ് കണ്ടുപിടിക്കുകയും ഫോൺ ബലമായി പിടിച്ചു വാങ്ങുകയും ചെയ്തു. ഫോൺ ആവശ്യപ്പെട്ട് അവൾ കടുത്ത ഒരു മാനസിക രോഗിയെ പോലെയാണ് ഇപ്പോൾ പെരുമാറുന്നത്.

2. വിശ്വാസിയല്ലാത്ത ഒരാളുമായുള്ള പ്രേമം അവിശ്വാസത്തിലേക്ക് നയിച്ചേക്കാം.

3. കമിതാക്കളുടെ വിവാഹത്തിന് മാതാപിതാക്കൾ എതിരാകുമ്പോൾ അവരെ നിരാകരിക്കേണ്ടി വരുന്നു. അതാകട്ടെ മഹാപാപവുമാണ്.

4. അവിഹിത ബന്ധമായതിനാൽ ചതിക്കപ്പെടാനള്ള സാധ്യത കൂടുതലാണ്.

5. പ്രേമവിവാഹങ്ങളിൽ സംശയരോഗത്തിന്റെ സാധ്യത കൂടുതലാണ്.

6. പ്രേമനൈരാശ്യം ആത്മഹത്യയിലേക്കും പ്രേമപരാജയം കൊലപാതകത്തിലേക്കുമെത്താം.

7. സുരക്ഷിതത്വവും വിശ്വാസ്യതയും സമാധാനവുമുള്ള ഒരു കുടുംബ ജീവിതം നഷ്ടപ്പെടുന്നു.

8. അഭിമാനവും അന്തസ്സും നഷ്ടമാവുന്നു.

9. പ്രേമിക്കുന്ന വ്യക്തിക്ക് തന്റെ സുഹൃത്തിനെക്കുറിച്ച് ചിന്തിക്കാനല്ലാതെ മറ്റൊരു ചിന്തക്കും കഴിയാതെ വരുന്നു.


ഇത് ഇത്രയധികം പ്രത്യാഘാതങ്ങളുള്ള ഒരു തെറ്റാണെന്ന് മനസ്സിലാക്കാൻ കഴിയാത്ത കൗമാര പ്രായക്കാരുടെയും ചില മാതാപിതാക്കളുടെയും മനസ്സ് നമ്മെ ഭയപ്പെടുത്തുന്നു.

അവിഹിത ബന്ധങ്ങളുടെ എണ്ണം വർധിച്ചു വരികയാണ്. ഇതിന്റെ കാരണങ്ങളും വിശകലനം ചെയ്യേണ്ടതുണ്ട്. പെൺകുട്ടികളുടെ വേഷം, സംസാരം എന്നിവയ്ക്ക് ഇതിൽ വലിയ പങ്കുണ്ട്. മഹ്റമല്ലാത്ത (അന്യരായ) പുരുഷൻമാരോട്, പ്രത്യേകിച്ചും ക്ലാസ്സിൽ പഠിക്കുന്ന ആൺകുട്ടികളോട് സ്വന്തം സഹോദരങ്ങളോട് പെരുമാറുന്ന പോലെയാണ് പല പെൺകുട്ടികളുടെയും പെരുമാറ്റം.

വീട്ടിലെ സാഹചര്യവും മാതാപിതാക്കളുടെ പെരുമാറ്റവുമെല്ലാം കാരണങ്ങളായി വരാം. പ്രായത്തിതിനനുസരിച്ച മതബോധം തന്നെയാണ് ശരിയായ പരിഹാരം. ●

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
mail@nerpatham.com

ലേഖനം




# ജനാധിപത്യം: ഇസ്‌ലാമിന്റെ കാഴ്ചപ്പാട്

ജനാധിപത്യത്തിന് അടിസ്ഥാനപരമായിത്തന്നെ വ്യത്യസ്തങ്ങളായ തലങ്ങളുണ്ട്. അത് കൊണ്ട് തന്നെ ജനാധിപത്യത്തെ നിരൂപണം ചെയ്യുന്നിടത്ത് ഒരൊറ്റ കോണിലൂടെയുള്ള വിശകലനം അപ്രസക്തമാവും. സാഹചര്യം, കാലഘട്ടം, ഇസ്‌ലാമിക രാഷ്ട്രം, ഇസ്‌ലാമികേതര രാഷ്ട്രം, അത് നടപ്പിൽ വരുത്തുന്നവർ അടിസ്ഥാനമാക്കുന്ന മാനദണ്ഡം തുടങ്ങി പലതിനെയും ആശ്രയിച്ചാണ് അതിന്റെ വിധി നിലകൊള്ളുന്നത്. അത് കൊണ്ട് ജനാധിപത്യത്തെ ചില പ്രത്യേക സാഹചര്യങ്ങളിലൂടെയും വീക്ഷണകോണിലൂടേയും നോക്കിക്കണ്ട, അല്ലെങ്കിൽ ഇസ്‌ലാമിക രാഷ്ട്രങ്ങളുടെ പശ്ചാത്തലത്തിൽ നോക്കിക്കണ്ട പണ്ഡിതൻമാർ നൽകിയ ഫത്‌വകളെ എല്ലാ കാലഘട്ടത്തിലെയും എല്ലാ നാടുകളിലെയും ജനാധിപത്യ സംവിധാനത്തിനെതിരെ വിധി പറയുന്ന വിഷയത്തിൽ അടിസ്ഥാനമാക്കുന്നത് പ്രമാണവിരുദ്ധവും യുക്തിരഹിതവുമാണ്.

ഇതൊരൽപം വിശദീകരിക്കേണ്ടതുണ്ട്. ഒരു ഇസ്‌ലാമിക രാഷ്ട്രം, അല്ലെങ്കിൽ ഇസ്‌ലാമിക രാഷ്ട്രത്തിലെ ഭരണാധികാരി ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലാണ് നാട്ടിലെ നിയമ വ്യവസ്ഥ നടപ്പിലാക്കേണ്ടത്. ഇസ്‌ലാം നിഷിദ്ധമാക്കിയ കാര്യങ്ങൾ ആ നാട്ടിൽ നിഷിദ്ധമായിരിക്കണം. ഇസ്‌ലാമികശിക്ഷാ വിധികൾ അവർ നടപ്പിലാക്കേണ്ടതുണ്ട്. ഇപ്രകാരം ശരീഅത്ത് നിയമങ്ങളെ പൂർണമായും നടപ്പിലാക്കിക്കൊണ്ടായിരിക്കണം ആ രാജ്യം മുന്നോട്ട് നീങ്ങേണ്ടത്. എന്നാൽ അങ്ങനെയുള്ള ഒരിസ്‌ലാമിക രാഷ്ട്രത്തിൽ 'ഈ നാട്ടിലെ ഭൂരിപക്ഷം ജനങ്ങളുടെയും ഇഷ്ടമെന്താണോ അതനുസരിച്ചാണ് ഇവിടെ ഭരണം നടക്കുക... ഭൂരിപക്ഷവും കള്ളു കുടിക്കാനും വ്യഭിചരിക്കാനുമാണ് ആഗ്രഹിക്കുന്നതെങ്കിൽ അതവർക്ക് നിയമ വിധേയമാക്കി കൊടുക്കുന്നതാണ്. ഇസ്‌ലാമിക ശിക്ഷാ വിധികളിലും ജനങ്ങളുടെ ഇഷ്ടാനുസരണം മാറ്റം വരുത്തുന്നതാണ്' എന്നിങ്ങനെ ഒരാഹ്വാനം ഉണ്ടായി എന്ന് കരുതുക. എങ്കിൽ ഇത്തരം ഒരു പശ്ചാത്തലത്തിലാണ് ജനാധിപത്യം മതവിരുദ്ധമോ കുഫ്‌റോ ആയിത്തീരുന്നത്. കാരണം ക്വുർആനിനും സുന്നത്തിനും എതിരാണെങ്കിലും ഭൂരിപക്ഷത്തിന്റെ ഇഷ്ടമാണ് അവിടെ പരിഗണനീയം. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുള്ള വിശദീകരണത്തിൽ മാത്രമെ ജനാധിപത്യം കുഫ്‌റായിത്തീരുന്ന സാധ്യതകളെ സംബന്ധിച്ച് അഹ്‌ലുസ്സുന്നയുടെ പണ്ഡിതൻമാർ ചർച്ച ചെയ്തിട്ടുള്ളൂ. അത് തന്നെ നിരുപാധികം കുഫ്‌റായിത്തീരുമോ ഇല്ലേ എന്നിടത്തും വിശദീകരണങ്ങൾ നൽകപ്പെട്ടിട്ടുണ്ട്.



പണ്ഡിതൻമാർ നൽകുന്ന ഫത്‌വകളിലൊക്കെ തെളിവായി പൊതുവെ ഉപയോഗിക്കപ്പെടുന്ന 'ആർ അല്ലാഹു അവതരിപ്പിച്ചത് കൊണ്ട് വിധിക്കുന്നില്ലയോ അവർ കാഫിറുകളാകുന്നു' എന്ന ക്വുർആൻ വചനത്തിൽ (5:44) നിന്നു തന്നെ വിഷയം വളരെ വ്യക്തമാകുന്നതാണ്.

അല്ലാഹുവിലും പ്രവാചകനിലും വിശ്വസിക്കുന്ന ഓരോ മുസ്‌ലിമും തന്റെ ജീവിതത്തെ ചിട്ടപ്പെടുത്തേണ്ടത് അല്ലാഹുവിന്റെ 'ഹുക്മിന്റെ' അടിസ്ഥാനത്തിലാണ്. നമസ്‌കാരം, സകാത്ത്, നോമ്പ്, ഹജ്ജ് മുതലായ കർമങ്ങൾ നിർവഹിക്കേണ്ടത് പോലെത്തന്നെ മദ്യപാനം, വ്യഭിചാരം, പലിശ എന്നിവ വർജിക്കുക എന്നതും അല്ലാഹുവിന്റെ 'ഹുക്മ്' നടപ്പിലാക്കുന്നതിൽ പെട്ടതാണ്. ഒരു ഇസ്‌ലാമിക രാഷ്ട്രത്തിലെ ഭരണാധികാരി ഇസ്‌ലാമിക ശരീഅത്ത് പ്രകാരം ആ രാജ്യത്ത് ഭരണം നടത്തേണ്ടതുണ്ട്. അതിൽ അയാൾ വീഴ്ച വരുത്തുവാൻ പാടില്ലാത്തതാണ്. മറ്റേതൊരു മതനിയമവും അനുസരിക്കേണ്ടത് പോലെത്തന്നെ ഒരു ഭരണാധികാരിയെ അല്ലാഹു ഏൽപിച്ച ഉത്തരവാദിത്തമാണ് ഇസ്‌ലാമിക നിയമമനുസരിച്ച് നാട്ടിൽ ഭരണം നടത്തുക എന്നത്. ഓരോ മുസ്‌ലിമും; അയാൾ സാധാരണക്കാരനാകട്ടെ, ഉദ്യോഗസ്ഥനാകട്ടെ, വക്കീലാകട്ടെ, ജഡ്ജിയാകട്ടെ, ഭരണാധികാരിയാകട്ടെ എല്ലാവരും അല്ലാഹു ഏൽപിച്ച 'വാജിബാത്തുകളെ' ഇസ്‌ലാമിക ചിട്ട പ്രകാരം നടപ്പിലാക്കേണ്ടതാകുന്നു. അല്ലാഹുവിന്റെ നിയമങ്ങളെ തെറ്റിക്കുന്ന ഏതൊരു വ്യക്തിയുടെയും തിന്മകളെ അയാളുടെ മനോഗതിയനുസരിച്ചും തെറ്റിച്ച വിഷയത്തിന്റെ ഗൗരവമനുസരിച്ചും ശിർക്ക്, കുഫ്‌റ്, ളുൽമ്, ഫിസ്‌ക്, നിഫാക്വ് തുടങ്ങിയ സാങ്കേതിക പദങ്ങളാൽ വിധി പറയപ്പെടുന്നു. ഇതിൽ തന്നെ അഥവാ ശിർക്കിലും കുഫ്‌റിലും ചെറുതും വലുതുമുണ്ട് എന്നതും ശ്രദ്ധേയമാണ്.

അത് കൊണ്ടാണ് 'അല്ലാഹു അവതരിപ്പിച്ചത് കൊണ്ട് വിധിക്കാത്തവർ കാഫിറുകളാണ്'(5:44), 'അക്രമികളാണ്'(5:45), 'അധർമകാരികളാണ്' (5:47) എന്നിങ്ങനെ വ്യത്യസ്ത പദപ്രയോഗങ്ങൾ ക്വുർആനിൽ കാണാൻ സാധിക്കുന്നത്. അഥവാ അല്ലാഹുവിന്റെ നിയമങ്ങൾ തെറ്റിക്കുന്നിടത്ത് വിഷയത്തിന്റെ ഗൗരവമനുസരിച്ചും ചെയ്യുന്ന വ്യക്തിയുടെ നിയ്യത്തനുസരിച്ചും പറയപ്പെടുന്ന ഹുക്മുകൾ വ്യത്യസ്തമായിരിക്കും എന്നർഥം. അത് പോലെത്തന്നെ ക്വുർആൻ ഒരു കാര്യം 'കുഫ്‌റ്' അല്ലെങ്കിൽ 'ശിർക്ക്' എന്ന് പറയുമ്പോൾ അവിടെ ശിർക്കിന്റെയും കുഫ്‌റിന്റെയും ഏതിനങ്ങളെയും ഉദ്ദേശിക്കാം. അഥവാ അത് 'ചെറിയ ശിർക്കോ' 'ചെറിയ കുഫ്‌റോ' ആകാം. ഇസ്‌ലാം പഠിപ്പിക്കുന്ന മ

**അല്ലാഹുവിലും പ്രവാചകനിലും വിശ്വസിക്കുന്ന ഓരോ മുസ്‌ലിമും തന്റെ ജീവിതത്തെ ചിട്ടപ്പെടുത്തേണ്ടത് അല്ലാഹുവിന്റെ 'ഹുക്മിന്റെ' അടിസ്ഥാനത്തിലാണ്. നമസ്‌കാരം, സകാത്ത്, നോമ്പ്, ഹജ്ജ് മുതലായ കർമങ്ങൾ നിർവഹിക്കേണ്ടത് പോലെത്തന്നെ മദ്യപാനം, വ്യഭിചാരം, പലിശ എന്നിവ വർജിക്കുക എന്നതും അല്ലാഹുവിന്റെ 'ഹുക്മ്' നടപ്പിലാക്കുന്നതിൽ പെട്ടതാണ്. ഒരു ഇസ്‌ലാമിക രാഷ്ട്രത്തിലെ ഭരണാധികാരി ഇസ്‌ലാമിക ശരീഅത്ത് പ്രകാരം ആ രാജ്യത്ത് ഭരണം നടത്തേണ്ടതുണ്ട്. അതിൽ അയാൾ വീഴ്ച വരുത്തുവാൻ പാടില്ലാത്തതാണ്. മറ്റേതൊരു മതനിയമവും അനുസരിക്കേണ്ടത് പോലെത്തന്നെ ഒരു ഭരണാധികാരിയെ അല്ലാഹു ഏൽപിച്ച ഉത്തരവാദിത്തമാണ് ഇസ്‌ലാമിക നിയമമനുസരിച്ച് നാട്ടിൽ ഭരണം നടത്തുക എന്നത്.**

റ്റു മാനദണ്ഡങ്ങൾ കൂടി പരിഗണിച്ചാണ് അത് ചെറുതോ വലുതോ എന്നൊക്കെ തീരുമാനിക്കുന്നത്.

അത് കൊണ്ടാണ് 'അല്ലാഹു അവതരിപ്പിച്ചത് കൊണ്ട് വിധിക്കാത്തവർ കാഫിറുകളാണ്'(5:44) എന്ന വചനത്തിൽ ഉദ്ദേശിച്ച കുഫ്‌റിനെ ചെറിയ കുഫ്ർ അഥവാ മില്ലത്തിൽ നിന്ന് പുറത്തു പോകാത്ത കുഫ്ർ (കുഫ്‌റുൻ ദൂന കുഫ്ർ) എന്ന് മഹാനായ 'റഈസുൽ മുഫസ്സിരീൻ ഇബ്‌നു അബ്ബാസ്ﷺ' പറഞ്ഞത്. എന്നുവെച്ചാൽ സത്യനിഷേധത്തിന്റെ പര്യായമായി വരുന്ന സാങ്കേതിക അർഥത്തിലുള്ള 'കുഫ്ർ' അല്ല എന്നർഥം. കാരണം ഒരാൾ മദ്യപിക്കുമ്പോൾ അയാൾ അല്ലാഹുവിന്റെ വിധിക്കെതിരായിട്ടാണ് പ്രവർത്തിക്കുന്നത്. എന്നാൽ മദ്യപിച്ചു എന്ന കാരണത്താൽ അയാൾ ഇസ്‌ലാമിൽ നിന്ന് പുറത്ത് പോകുമോ? ഇല്ല എന്നാണുത്തരം. അത് പോലെത്തന്നെയാണ് ഒരു ഭരണാധികാരിയോ വിധികർത്താവോ അല്ലാഹുവിന്റെ ഏതെങ്കിലും ഒരു ഹുക്മിനെ തെറ്റിക്കുന്നുവെങ്കിൽ അയാൾ ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന കുഫ്ർ ചെയ്തു എന്ന് പറയുക സാധ്യമല്ല എന്ന് ഇബ്‌നു അബ്ബാസ്ﷺ പറഞ്ഞത്. അതൊരു പാപമെ ആയിത്തീരുന്നുള്ളൂ. എന്നാൽ അല്ലാഹുവോ റസൂലോ 'കുഫ്ർ' എന്നോ 'ശിർക്ക്' എന്നോ' പൊതുവെ പറഞ്ഞ ഒരു വിഷയത്തിൽ അതിന്റെ രണ്ട് സാധ്യതകളും അഥവാ 'ചെറിയ കുഫ്‌റും' 'വലിയ കുഫ്‌റും', 'ചെറിയ ശിർക്കും' 'വലിയ ശിർക്കും' സംഭവിക്കാനുള്ള അവസ്ഥകളുണ്ട്. അത് കൃത്യമായി, പ്രമാണത്തിന്റെ പിൻബലത്തോടെ അഹ്‌ലുസ്സുന്നയുടെ പണ്ഡിതൻമാർ നമുക്ക് വിശദീകരിച്ചു തന്നിട്ടുണ്ട്. അത് ഇപ്രകാരമാണ്:

പ്രസ്തുത വചനത്തിൽ പറഞ്ഞ കുഫ്ർ വലിയ കുഫ്ർ ആയിത്തീരുന്നത് അഥവാ മില്ലത്തിൽ നിന്ന് ഒരാളെ പുറത്താക്കുന്ന കുഫ്‌റായിത്തീരുന്നത് പ്രധാനമായും മൂന്ന് സന്ദർഭങ്ങളിലാണ്.

ഒന്ന്: അല്ലാഹുവിന്റെ വിധിയെക്കാൾ നല്ല വിധിയാണ് മറ്റൊരാളുടെ വിധിയെന്ന് വിശ്വസിക്കുക. ഇതിലെ 'കുഫ്‌റ്' വളരെ വ്യക്തമാണ്. 'അല്ലാഹുവാണ് ഏറ്റവും വലിയവൻ' എന്നും 'വിധികർത്താക്കളിൽ ഏറ്റവും നല്ല വിധികർത്താവ് അല്ലാഹു അല്ലയോ?'(95:8) 'ദൃഢവിശ്വാസികളെ സംബന്ധിച്ചിടത്തോളം അല്ലാഹുവിനെക്കാൾ നല്ല വിധികർത്താവ് വേറെ ആരാണ് ഉള്ളത്?'(5:50) എന്നും മറ്റും പഠിപ്പിക്കപ്പെട്ട മുസ്‌ലിമിന് അല്ലാഹുവിന്റെ വിധിയെക്കാൾ മികച്ചതാണ് മറ്റൊരാളുടെ വിധിയെന്ന് വിശ്വസിക്കാൻ സാധിക്കുകയില്ല. തനിക്കോ മറ്റുള്ളവർക്കോ അതിന് സാധിക്കുമെന്ന വിശ്വാസം വലിയ കുഫ്ർ ആകുന്നു.

രണ്ട്: അല്ലാഹുവിന്റെ വിധിയോട് തുല്യം നിൽക്കുന്ന വിധിയായി മറ്റൊരാളുടെ വിധിയെ കാണുക. ഇതിലെ 'കുഫ്‌റും' വ്യക്തമാണ്. 'അവനെപ്പോലെ ഒന്നുമില്ല'(42:11), 'അവനോട് കിടയൊത്ത ആരുമില്ല'(112:4) എന്നെല്ലാം പഠിപ്പിക്കപ്പെട്ട മുസ്‌ലിമിന് അല്ലാഹുവിന് തുല്യം നിൽക്കുന്ന മറ്റൊരാളെ സങ്കൽപിക്കുക സാധ്യമല്ല. അങ്ങനെ വിശ്വസിക്കൽ വ്യക്തമായ കുഫ്‌റും മതപരിത്യാഗവുമാണ്.

മൂന്ന്: അല്ലാഹുവിന്റെ വിധി മഹത്തരമാണെങ്കിലും തനിക്കത് ബാധകമല്ല എന്ന് വിശ്വസിക്കുക. ഇതിലെ കുഫ്‌റും വ്യക്തമാണ്. ശരീഅത്തിലെ നിയമങ്ങൾ മൊത്തത്തിലോ ഭാഗികമായോ തനിക്ക് ബാധകമല്ലെന്ന് വിശ്വസിച്ച്കൊണ്ട് അല്ലാഹുവിന്റെ നിയമങ്ങളെ മറികടക്കുന്ന ഒരു വ്യക്തി മില്ലത്തിൽ നിന്ന് പുറത്താണ് എന്ന കാര്യത്തിലും തർക്കമില്ല. ക്വുർആനിലെ (24:47,48), (4:150,151), (3:32) എന്നീ വചനങ്ങൾ നോക്കുക.

മേൽ പറഞ്ഞ മൂന്ന് വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ വിധിയെ മറികടക്കുന്ന വ്യക്തിയോ ഭരണാധികാരിയോ ഭരണകൂടമോ ആരാവട്ടെ, അവർ 'വലിയ കുഫ്‌റാണ്' ചെയ്യുന്നത്. എന്നാൽ മേൽ പറഞ്ഞ വിശ്വാസ പ്രകാരമല്ല ഒരു വ്യക്തി അല്ലാഹുവിന്റെ നിയമങ്ങൾ തെറ്റിക്കുന്നതെങ്കിൽ അയാൾ മില്ലത്തിൽ നിന്ന് പുറത്തു പോകുന്ന കുഫ്ർ ചെയ്തു എന്ന് ഒരിക്കലും പറയാൻ പാടില്ലാത്തതാകുന്നു.

അത് പോലെത്തന്നെ ഏതെങ്കിലും ഒരു മുസ്‌ലിം ഭരണാധികാരി ക്വുർആനിനെയും സുന്നത്തിനെയും പൂർണമായും മാറ്റി വെച്ച് മനുഷ്യനിർമിത നിയമങ്ങൾ പകരം സ്ഥാപിച്ചാൽ അതും മില്ലത്തിൽ നിന്ന് പുറ

ത്ത് പോകുന്ന കുഫ്റാണെന്നു ചില അഹ്ലുസ്സുന്നയുടെ പണ്ഡിതൻമാർ നിരീക്ഷിച്ചിട്ടുണ്ട്. അങ്ങനെ നിലപാടെടുക്കുന്ന ഒരു ഭരണാധികാരിയെ സ്വാഭാവികമായും സ്വാധീനിച്ചിട്ടുണ്ടാവുക നാം നേരത്തെ സൂചിപ്പിച്ച മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്നാവാനുള്ള സാധ്യതയെ ബാഹ്യമായ അർഥത്തിൽ പരിഗണിച്ചു കൊണ്ടാണ് അവർ അപ്രകാരം പറഞ്ഞിട്ടുള്ളത്.

ഈയൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ജനാധിപത്യം കുഫ്റാണെന്ന പണ്ഡിതൻമാരുടെ നിരീക്ഷണം പ്രസക്തമാവുന്നത്. ക്വുർആനും സുന്നത്തും പ്രമാണമാക്കി വിധി നടത്താൻ കൽപിക്കപ്പെട്ട ഒരു നാട്ടിൽ ആ ഉത്തരവാദിത്തം നിർവഹിക്കാതെ ഭൂരിപക്ഷത്തിന്റെ തീരുമാനമനുസരിച്ച് ഭരണം നടത്താം എന്ന് ഭരണാധികാരി തീരുമാനിക്കുമ്പോൾ ഭരണാധികാരിയിലും അത്തരം ഒരു ഭരണം ആവശ്യപ്പെടുന്ന ജനങ്ങളിലും നേരത്തെ നാം വിശദീകരിച്ച വലിയ കുഫ്ർ കടന്നുവരുന്ന മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് കടന്നുവരാനുള്ള സാധ്യതയാണ് നിലനിൽക്കുന്നത്. അല്ലെങ്കിൽ ഏറ്റവും ചുരുങ്ങിയത് 'ചെറിയ കുഫ്ർ' എന്തായാലും കടന്നുവരുന്നുണ്ട്. അത് കൊണ്ടാണ് ക്വുർആനും സുന്നത്തും മാറ്റി വെച്ച് കൊണ്ട് ജനാധിപത്യത്തിന്റെ ഒരു വശമായ ഭൂരിപക്ഷത്തിന്റെ ഇംഗിതമനുസരിച്ച് ഭരണവും വിധിയും നടപ്പാക്കൽ കുഫ്റാണെന്നു പണ്ഡിതൻമാർ ഫത്വ നൽകിയത്. രണ്ട് തരം കുഫ്റിന്റെയും സാധ്യതകൾ പരിഗണിച്ചു കൊണ്ടാണ് അത്തരം പൊതുവായ ഫത്വകൾ നൽകുന്നത്. എന്തെന്നാൽ മുസ്ലിംകളാരും തന്നെ അല്ലാഹുവിന്റെയും റസൂലിന്റെയും വിധിയെക്കാൾ നല്ല വിധികർത്താക്കൾ ഉണ്ടെന്നോ, അല്ലെങ്കിൽ അല്ലാഹുവിന്റെയും റസൂലിന്റെയും വിധിയോട് കിടപിടിക്കുന്ന വിധി കർത്താക്കൾ ഉണ്ടെന്നോ, അല്ലെങ്കിൽ ശരീഅത്ത് നിയമം തങ്ങൾക്ക് ബാധകമല്ലെന്നോ വിശ്വസിക്കുന്നില്ല.

അത് കൊണ്ടാണ് 'അല്ലാഹു അവതരിപ്പിച്ചത് കൊണ്ട് വിധിക്കാത്തവർ കാഫിറുകളാണ്' (5:44) എന്ന വചനത്തിലെ കുഫ്റിനെ 'ചെറിയ കുഫ്ർ' എന്ന് ഇബ്നു അബ്ബാസ്ﷺ പറഞ്ഞത്. കാരണം ഒരു യഥാർഥ സത്യവിശ്വാസിയിൽ നേരത്തെ പറഞ്ഞ പ്രകാരമുള്ള കുഫ്ർ കടന്നുവരാനുള്ള സാധ്യത വിദൂരമാണ്. അതിനാൽ തന്നെ ഒരു വ്യക്തിയെയോ ഭരണാധികാരിയെയോ ഭരണകൂടത്തെയോ കാഫിർ എന്ന് വിശേഷിപ്പിക്കുന്നിടത്ത് അങ്ങേയറ്റം സൂക്ഷ്മത പാലിക്കണമെന്ന് പണ്ഡിതൻമാർ സഗൗരവം വിശദീകരിക്കുന്നത് നമുക്ക് കാണാൻ സാധിക്കും.

മേൽ വിശദീകരിച്ചതിൽ നിന്നും നമുക്ക് വ്യക്തമാകുന്ന കാര്യം ഇതാണ്: ഇസ്ലാം കുഫ്റായി കാണുന്നത് ക്വുർആനിനെയും സുന്നത്തിനെയും മേൽപറഞ്ഞ മൂന്ന് മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ അടിസ്ഥാനത്തിൽ മാറ്റിവെക്കുന്നതിനെയാണ്. അല്ലാത്ത പക്ഷം അത് സാങ്കേതിക അർഥത്തിലുള്ള കുഫ്റല്ല. അത് ഭരണകൂടം തന്നെ ചെയ്യണമെന്നില്ല. ഒരു വ്യക്തി ആയാലും മതി. ഭൂരിപക്ഷ തീരുമാനപ്രകാരം ആവണമെന്നുമില്ല. ന്യൂനപക്ഷത്തിന്റെയോ ഒരു വ്യക്തിയുടെ മാത്രം തീരുമാനത്തിന്റെ അടിസ്ഥാനത്തിലോ ആയാലും മതി.

അപ്പോൾ വിഷയം ഭരണാധികാരത്തിൽ എങ്ങനെ എത്തുന്നു എന്നതല്ല. മറിച്ച് ഇസ്ലാമിക ഭരണകൂടം ക്വുർആനിനെയും സുന്നത്തിനെയും മേൽ പറഞ്ഞ മൂന്നു മാനദണ്ഡപ്രകാരം അവഗണിക്കുന്നുണ്ടോ എന്നതാണ്. ഉദാഹരണത്തിന്, ഒരു ഇസ്ലാമിക രാജ്യത്തിലെ ഭരണകൂടത്തെ തെരഞ്ഞെടുക്കുന്നത് വോട്ടിംഗിലൂടെ ഭൂരിപക്ഷ തീരുമാന പ്രകാരമാണെന്ന് കരുതുക. എന്നാൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണകൂടം ക്വുർആനും സുന്നത്തുമനുസരിച്ചാണ് വിധിക്കുന്നതെങ്കിൽ അവിടെ നടന്ന തെരഞ്ഞെടുപ്പും ജനാധിപത്യ പ്രക്രിയയും ഹറാമാണെന്ന് പറയാൻ കഴിയുമോ? ഇല്ല എന്നാണ് ഉത്തരം. ഭരണാധികാരികളെ തെരഞ്ഞെടുക്കുന്നതിൽ ഇസ്ലാം നിയതമായ ഒരു മാർഗരേഖ അവതരിപ്പിച്ചിട്ടില്ല. ഇസ്ലാമിക അധ്യാപനങ്ങൾക്കെതിരാവാത്ത ഏതു മാർഗവും സ്വീകരിക്കാം. ഇസ്ലാമിലെ ആദ്യത്തെ നാല് ഖലീഫമാരും തെരഞ്ഞെടുക്കപ്പെട്ടത് വ്യത്യസ്തമായ രൂപത്തിലായിരുന്നു. എന്നാൽ അവരെല്ലാം വിധി നടത്തിയത് ക്വുർആനും സുന്നത്തുമനുസരിച്ചായിരുന്നു.

ഇനി മുസ്ലിംകൾ ഭൂരിപക്ഷമുള്ള നാട്ടിൽ ഇസ്ലാമിക ഭരണമല്ലെന്ന് കരുതുക. എന്നാൽ വോട്ടിംഗിലൂടെ ഭൂരിപക്ഷത്തിന് വിജയം ലഭിച്ചാൽ ഇസ്ലാമനുസരിച്ച് വിധി നടത്താൻ സാധ്യതയുള്ള ഒരു സന്ദർഭത്തിലും ജനാധിപത്യം ഉപകാരപ്രദമായിത്തീരും എന്നതും വാസ്തവമല്ലേ? അങ്ങനെ ജനാധിപത്യത്തിലൂടെ ഇസ്ലാമിക ഭരണം സ്ഥാപിച്ച ചില രാഷ്ട്രങ്ങൾ ആഫ്രിക്കയിൽ ഉള്ളതായി നമുക്കറിയാം.

അപ്പോൾ വിഷയം വ്യക്തമാണ്. ഇസ്ലാമിന്റെ

**അനിസ്ലാമിക രാജ്യത്ത് ഏവർക്കും മതസ്വാതന്ത്ര്യം നൽകുന്ന ജനാധിപത്യത്തിന്റെ അടിസ്ഥാനം വേറെ. ഇസ്ലാമിക രാജ്യത്ത് ഇസ്ലാമിക ശരീഅത്തിനെ അവഗണിക്കുക എന്ന ഉദ്ദേശ്യത്തോടെ സ്ഥാപിക്കപ്പെടുന്നെ ജനാധിപത്യത്തിന്റെ അടിസ്ഥാനം വേറെ. അടിസ്ഥാനപരമായിത്തന്നെ രണ്ടിന്റെയും വിധി വേറെയാണ്. അത് കൊണ്ട് തന്നെ ജനാധിപത്യം എന്നാൽ കുഫ്റാകുന്നു എന്ന ഒറ്റ വാചകത്തിലെ പ്രസ്താവന അടിസ്ഥാനരഹിതവും അപകടം നിറഞ്ഞതുമാണ്.**

വിയോജിപ്പ് ജനാധിപത്യം എന്ന പദത്തോടോ ജനാധിപത്യപ്രക്രിയയോടോ അല്ല. മുസ്‌ലിമായ ഒരു ഭരണാധികാരി ഇസ്‌ലാമിക രാഷ്ട്രത്തിൽ ക്വുർആനിനെയും സുന്നത്തിനെയും മറികടക്കാൻ ജനാധിപത്യത്തെ ഉപയോഗപ്പെടുത്തുന്നിടത്താണ് 'കുഫ്‌റിന്റെ മസ്അല' കടന്നു വരുന്നത്. എന്നാൽ അനിസ്‌ലാമിക രാജ്യത്ത് പ്രത്യേകിച്ചും മുസ്‌ലിംകൾ വലിയ ന്യൂനപക്ഷമായിരിക്കുകയും ഭൂരിപക്ഷം ഉദ്ദേശിച്ചാൽ അവരുടെ മതമനുസരിച്ച് ഭരണം നടത്താൻ അവർക്ക് സാധിക്കുകയും ചെയ്യുന്ന ഒരു നാട്ടിൽ അതിന് ശ്രമിക്കാതെ എല്ലാ മതക്കാർക്കും അവരുടെ മതമനുസരിച്ച് ജീവിക്കുവാനും ആ മതത്തിലേക്ക് പ്രബോധനം ചെയ്യാനും ഭരണ മേഖലകളിൽ വരെ എത്തിപ്പെടാനും രാജ്യത്തെ ഭരിക്കുന്നതിൽ പങ്കുവഹിക്കാനും സ്വാതന്ത്ര്യം ലഭിക്കുന്ന അവസ്ഥക്ക് കാരണമായിത്തീർന്ന ഇന്ത്യൻ ജനാധിപത്യം വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഏറെ ഗുണപരമാണ് എന്ന കാര്യത്തിൽ സംശയമില്ല. അവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവർ ഇസ്‌ലാമിക ശരീഅത്ത് അനുസരിച്ചു വിധിക്കുന്നില്ല എന്നതല്ലല്ലോ പ്രധാന വിഷയം. കാരണം അവർ അല്ലാഹുവിലോ റസൂലിലോ ഈമാൻ കാര്യങ്ങളിലോ വിശ്വസിക്കുന്നില്ല. അതുകൊണ്ട് തന്നെ അവരുടെ കുഫ്ർ അവരുമായി ബന്ധപ്പെട്ട വിഷയമാണ്. അവരെ ഇസ്‌ലാമിലേക്ക് പ്രബോധനം ചെയ്യുക എന്നതല്ലാതെ അവർ ക്വുർആൻ അനുസരിച്ചു വിധിക്കുന്നില്ല എന്നത് പ്രബോധനമാക്കുന്നതിൽ പ്രത്യേകിച്ചു നേട്ടമൊന്നുമില്ല. നമ്മുടെ വിഷയം അവരുടെ വിശ്വാസമെന്താണ് എന്നതല്ല. അവർ നമുക്ക് നൽകുന്ന അഥവാ ജനാധിപത്യരാജ്യം നമുക്ക് നൽകുന്ന മതസ്വാതന്ത്ര്യം കുഫ്‌റാണോ അല്ലയോ എന്നതാണ്.

അപ്പോൾ അനിസ്‌ലാമിക രാജ്യത്ത് ഏവർക്കും മതസ്വാതന്ത്ര്യം നൽകുന്ന ജനാധിപത്യത്തിന്റെ അടിസ്ഥാനം വേറെ. ഇസ്‌ലാമിക രാജ്യത്ത് ഇസ്‌ലാമിക ശരീഅത്തിനെ അവഗണിക്കുക എന്ന ഉദ്ദേശ്യത്തോടെ സ്ഥാപിക്കപ്പെടുന്നെ ജനാധിപത്യത്തിന്റെ അടിസ്ഥാനം വേറെ. അടിസ്ഥാനപരമായിത്തന്നെ രണ്ടിന്റെയും വിധി വേറെയാണ്. അത് കൊണ്ട് തന്നെ ജനാധിപത്യം എന്നാൽ കുഫ്‌റാകുന്നു എന്ന ഒറ്റ വാചകത്തിലെ പ്രസ്താവന അടിസ്ഥാനരഹിതവും അപകടം നിറഞ്ഞതുമാണ്.

ഇസ്‌ലാമിക രാഷ്ട്രത്തിലെ മുസ്‌ലിം ഭരണകൂടങ്ങളും ഭരണാധികാരികളും ജനാധിപത്യ സംവിധാനത്തെ ശരീഅത്തിന് പകരം സ്വീകരിക്കുന്നിടത്ത് സംഭവിക്കുന്ന ചെറുതോ വലുതോ ആയ കുഫ്‌റിന്റെ സാധ്യതകളെ പരിഗണിച്ച്കൊണ്ട് നൽകപ്പെടുന്ന ഫത്‌വകളെ, അതും ജനാധിപത്യത്തിന്റെ ചില വശങ്ങളിൽ മാത്രം കടന്നുവരുന്ന ഒന്നിനെ എല്ലാ നാടുകളിലെയും എല്ലാതരം ജനാധിപത്യങ്ങൾക്കും ബാധകമാക്കാൻ ശ്രമിക്കുന്നത് അറിവില്ലായ്മയും യുക്തിരഹിതവുമാണ് എന്ന കാര്യത്തിൽ രണ്ട് അഭിപ്രായം ഉണ്ടാവേണ്ടതില്ല.

എന്നാൽ ഇത്തരം തത്ത്വങ്ങൾ ഒന്നും പരിഗണിക്കാതെ ഇസ്‌ലാമിക രാഷ്ട്രങ്ങൾക്കെതിരിലും അവിടുത്തെ മുസ്‌ലിംകൾക്കെതിരിലും അനിസ്‌ലാമിക രാഷ്ട്രങ്ങളിലെ മുസ്‌ലിംകൾക്കെതിരിലും കുഫ്‌റിന്റെയും ശിർക്കിന്റെയും ഹുക്മുകൾ പറഞ്ഞ് രംഗത്ത് വന്നവർ ഉണ്ടാക്കിയ ഫിത്‌നകൾ ചില്ലറയല്ല. മുസ്‌ലിം ഭരണാധികാരികളെയും മറ്റു മുസ്‌ലിംകളെയും കാഫിറുകളായി പ്രഖ്യാപിച്ച് ഭരണകൂടത്തിനെതിരെ സായുധ വിപ്ലവം സംഘടിപ്പിക്കുകയും മുസ്‌ലിംകളുടെ രക്തം അനുവദനീയമായിക്കണ്ട് ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ രക്തം ചിന്തുകയും അനിസ്‌ലാമിക രാഷ്ട്രങ്ങളിൽ ഭീകരവാദത്തിന്റെയും തീവ്രവാദത്തിന്റെയും ആശയങ്ങൾ പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിൽ നിന്ന് ആദ്യമായി പുറത്തേക്ക് പോയ ഖവാരിജുകൾ 'വിധികർതൃത്വം അല്ലാഹുവിനല്ലാതെ ഇല്ല' എന്ന ക്വുർആനിലെ പ്രയോഗത്തെ തെറ്റായി മനസ്സിലാക്കി സ്വഹാബത്തിനെയടക്കം മുസ്‌ലിം ഭരണാധികാരികളെയും മറ്റു മുസ്‌ലിംകളെയും തക്ഫീർ നടത്തി (കാഫിറുകളായി പ്രഖ്യാപിച്ച്) അവരിൽ പലരുടെയും രക്തം ചിന്തിയത് പോലെത്തന്നെ ഇതേ വചനങ്ങളെ ആസ്പദമാക്കി ആധുനിക കാലഘട്ടത്തിലും മുസ്‌ലിം ഭരണാധികാരികളെയും മുസ്‌ലിംകളെയും തക്ഫീർ ചെയ്യുന്ന തീവ്ര ചിന്താധാരകൾ പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് പച്ചയായ യാഥാർഥ്യമാണ്. അലി(റ) പറഞ്ഞത് പോലെ, 'സത്യമായ വാചകം, എന്നാൽ അവർ ഉദ്ദേശിക്കുന്നത് തെറ്റായ അർഥമാണ്.'

അതെ, ക്വുർആനിക വചനങ്ങൾക്ക് തെറ്റായ വ്യാഖ്യാനങ്ങൾ നൽകിക്കൊണ്ടാണ് ഇത്തരം തൽപര കക്ഷികൾ എക്കാലഘട്ടത്തിലും രംഗത്ത് വരുന്നത്. അല്ലാഹുവിൽ ശരണം! ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

# പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന്റെ ഉന്നമനം യുവാക്കൾ ലക്ഷ്യമാക്കണം: ഐ.എസ്.എം

തിരൂർ: ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന്റെ ഉന്നമനവും ക്ഷേമവും യുവജന സമൂഹം ലക്ഷ്യമായി കാണണമെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി തിരൂർ ആലത്തിയൂരിൽ സമാപിച്ച ഐ.എസ്.എം സംസ്ഥാന ദ്വിദിന നേതൃസംഗമം ആഹ്വാനം ചെയ്തു.

രാജ്യത്ത് ഭരണഘടന വിഭാവനം ചെയ്യുന്ന സംവരണ തത്വങ്ങൾ അട്ടിമറിക്കാനുള്ള നീക്കം അംഗീകരിക്കാനാവില്ല. സാമ്പത്തിക സംവരണമല്ല സാമൂഹിക സംവരണമാണ് ഇന്ത്യയിൽ നിലനിൽക്കുന്നതെന്ന് സംഗമം ഓർമിപ്പിച്ചു. രാജ്യത്തെ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ ഘട്ടങ്ങളിൽ സർക്കാർ നിശ്ചയിച്ച കമ്മീഷനുകൾ കണ്ടെത്തിയ പ്രശ്നങ്ങളുടെ പരിഹാര ശ്രമങ്ങളെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കാൻ ഭരണകൂടം തയ്യാറാകണം. ഏകദൈവ വിശ്വാസത്തിന്റെ മൗലികതയിൽ നിന്നു കൊണ്ടുള്ള പ്രബോധന സംസ്കരണ പ്രവർത്തനങ്ങൾ മുന്നോട്ട് വെക്കുന്ന മുജാഹിദ് പ്രസ്ഥാനത്തെ തീവ്രവാദത്തോട് ചേർത്ത് വെച്ച് അവതരിപ്പിക്കാനുള്ള പൗരോഹിത്യ ശ്രമങ്ങൾ വിലപ്പോകില്ലെന്ന് സംഗമം ഓർമപ്പെടുത്തി. സമൂഹത്തിന്റെ വിശ്വാസ താൽപര്യങ്ങൾ ചൂഷണം ചെയ്ത് സാമ്പത്തിക തട്ടിപ്പുകൾ നടത്തുന്ന പൗരോഹിത്യം തങ്ങളുടെ നിലപാടുകൾ സമൂഹത്തിൽ ചോദ്യം ചെയ്യപ്പെടുമ്പോഴാണ് ഇത്തരം ആരോപണങ്ങളുമായി രംഗത്ത് വരുന്നതെന്ന് സംഗമം അഭിപ്രായപ്പെട്ടു.

റിയാദ് ഇന്ത്യൻ ഇസ്‌ലാഹി സെന്റർ കോ ഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ പി.കെ സുഫ്‌യാൻ അബ്ദുസലാം ക്യാമ്പിന്റെ സമാപന സംഗമം ഉദ്ഘാടനം ചെയ്തു. ഐ.എസ്.എം സംസ്ഥാന ജനറൽ സെക്രട്ടറി കെ.സജ്ജാദ് അധ്യക്ഷത വഹിച്ചു. സി.പി സലീം, മുജാഹിദ് ബാലുശ്ശേരി, ഡോ. സി.എം സാബിർ നവാസ്, കെ.താജുദ്ദീൻ സ്വലാഹി, വി.കെ ഉനൈസ് സ്വലാഹി, യു.മുഹമ്മദ് മദനി, ഡോ.ശബീൽ പി.എൻ, പി.യു. സുഹൈൽ, ഡോ. സി. മുഹമ്മദ് റാഫി, മുജീബ് ഒട്ടുമ്മൽ, ഒ. മുഹമ്മദ് അൻവർ എന്നിവർ സംസാരിച്ചു.

ആത്മീയ ചൂഷണങ്ങൾക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ജില്ല സെമിനാർ, ഹദീഥ് സെമിനാറുകൾ, ഐ.എസ്.എം മണ്ഡലം സമ്മേളനങ്ങൾ, പൊതുപ്രഭാഷണം എന്നിവക്ക് സംഗമം അന്തിമ രൂപം നൽകി.

## എം.എസ്.എം. ഇന്റർ കോളേജ് ക്വിസ്സ് മത്സരം കാലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസ് ജേതാക്കൾ

തേഞ്ഞിപ്പലം: മുജാഹിദ് സ്റ്റുഡൻസ് മൂവ്മെന്റ് (എം.എസ്.എം.) സംസ്ഥാന സമിതിയും ന്യൂഡൽഹി ജെ.എൻ.യുവും ജാമിഅഃ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ കോളേജും സംയുക്തമായി ഡിസംബർ 9,10 തീയതികളിൽ ജാമിഅഃ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ ക്യാമ്പസിൽ നടക്കുന്ന ദ്വിദിന അന്താരാഷ്ട്ര അറബിക്ക് സെമിനാറിന്റെ ഭാഗമായി യൂനിവേഴ്സിറ്റി ഇസ്‌ലാമിക്ക് ചെയറിൽ സംഘടിപ്പിച്ച ഇന്റർ കോളേജ് ക്വിസ്സ് മത്സരത്തിൽ കാലിക്കറ്റ് യൂനിവേഴ്സിറ്റിയിലെ മുഹമ്മദ് വാസിലും നിഷാദും ഒന്നാം സ്ഥാനം കരസ്ഥമാക്കി. അഴിഞ്ഞിലം ഐ.എച്ച്.ഐ.ആർ. കോളേജിലെ നദീർ എ.കെ.യും റിയാസ് അഹ്മദും അരീക്കോട് സുല്ലമുസ്സലാം അറബിക് കോളേജിലെ സി. എം. അലീഫ് ഷാനും സ്വാദിഖ് അലിയും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ക്വിസ് മത്സരം ഐ.എം.ബി ജനറൽ സെക്രട്ടറി ഷാഹുൽ ഹമീദ് ഉദ്ഘാടനം ചെയ്തു. എം.എസ്.എം. സംസ്ഥാന വൈസ് പ്രസി. ഇൻഷാദ് സ്വലാഹി അധ്യക്ഷത വഹിച്ചു. സംസ്ഥാന അറബിക് വിംഗ് അംഗം സ്വാലിഹ് സ്വലാഹി, എം.എസ്.എം. സംസ്ഥാന വൈസ് പ്രസി. സയ്യിദ് മുഹമ്മദ് മഷ്ഹൂർ, അബ്ദുൽ വഹാബ്, ജസീൽ മദനി എന്നിവർ സംസാരിച്ചു.

## കൗമാരക്കാരുടെ ആത്മഹത്യ സമൂഹം ഗൗരവമായി കാണണം

പെരിന്തൽമണ്ണ: കൗമാരക്കാരുടെ ആത്മഹത്യകൾ കൂടിവരുന്നത് സർക്കാരും മത-സാമൂഹ്യ സംഘടനകളും ഗൗരവമായി കാണണമെന്ന് വിചാരം പ്രദർശനത്തിൽ നടത്തിയ ഗേൾസ് ഗാതറിങ്ങ് അഭിപ്രായപ്പെട്ടു.

മൊബൈൽ ഫോണുകളും സാമൂഹ്യമാധ്യമങ്ങളും സൃഷ്ടിക്കുന്ന പ്രതിസന്ധികളുടെ ഉത്തരവാദിത്തത്തിൽ നിന്നും രക്ഷിതാക്കൾക്ക് ഒഴിഞ്ഞുമാറാനാകില്ല. സാമൂഹ്യ മാധ്യമങ്ങളുടെ ചതിക്കുഴികൾ തിരിച്ചറിയാൻ യുവസമൂഹം തയ്യാറാകേണ്ടതുണ്ട്. സർക്കാരും സംഘടനകളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ ഈ അപകടത്തിൽ നിന്ന് കൗമാരക്കാരെ രക്ഷപ്പെടുത്താൻ കഴിയുമെന്നും ഗേൾസ് ഗാതറിങ്ങ് നിരീക്ഷിച്ചു.

ജില്ല പഞ്ചായത്ത് അംഗം ടി. ഹാജറുമ്മ ഉദ്ഘാടനം ചെയതു. ഡോ. ഹസീന, ഹാരിസ്ബിൻ സലീം, ക്ലാസെടുത്തു.

അജയകുമാർ സി.എച്ച്
mail@nerpatham.com

ഞാൻ അറിയുന്ന പ്രവാചകൻ

ലേഖനം



# മുഹമ്മദ് നബിയും ജീവിതസന്ദേശവും

**എ**ന്റെ ജീവിതമാണ് എന്റെ സന്ദേശമെന്ന് ഭാരതീയരോട് പറഞ്ഞ മഹാനാണ് ഗാന്ധിജിയെങ്കിൽ, അതുതന്നെ ലോകത്തോട് പറയാതെ പറഞ്ഞ ഒരു ചരിത്രപുരുഷനാണ് നബിതിരുമേനി. അപശ്രുതിക്കിടയിൽ ശ്രുതി വീണ്ടെടുക്കുകയും അതിലൂടെ ഒരു മഹാവാഗ്മേയകാരനെപ്പോലെ കർണമധുരമായ ഗാനാലാപനം നടത്തുകയും ചെയ്ത ഒരു രാഗശിൽപിയായിരുന്നു അദ്ദേഹം. ഊഷരതയിൽ നിന്ന് ഉർവരത സൃഷ്ടിക്കുവാൻ ആ മഹാമനുഷ്യന് കഴിഞ്ഞു. ആയിരത്തിനാനൂറിൽ പരം വർഷങ്ങൾക്ക് മുമ്പ് (ക്രിസ്തുവർഷം 571ൽ) ഭൂജാതനായ തിരുമേനിയുടെ കാലഘട്ടത്തിന്റെ ശോച്യാവസ്ഥയെപ്പറ്റി നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ആധുനികകാലത്തുപോലും മനുഷ്യൻ വേണ്ടരീതിയിൽ മനുഷ്യത്വം നിലനിർത്തുന്നതിൽ പരാജയപ്പെടുന്നത് കാണുമ്പോൾ ഇത്രയും വർഷങ്ങൾക്ക് മുമ്പ് ജീവിച്ച ഈ പച്ചയായമനുഷ്യൻ എങ്ങനെ ലോകശ്രദ്ധ പിടിച്ചു പറ്റി എന്നത് നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്.

ഇത്രയധികം ക്ലേശങ്ങളും യാതനകളും പീഡനങ്ങളും ഏറ്റുവാങ്ങിയ ജീവിതം ലോകത്ത് വളരെ കുറവായിരിക്കും. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ പ്രാരംഭദശയിൽ തന്നെ കൊടിയ യാതനകളും ദുഃഖങ്ങളും നിറഞ്ഞ കാഴ്ച നമുക്ക് കാണുവാൻ കഴിയുന്നു. അനാഥത്വം അദ്ദേഹത്തെ പിടികൂടി. ജനനത്തിന് മുമ്പ് തന്നെ പിതാവ് അബ്ദുള്ള ദിവംഗതനാകുന്നു. ആറാമത്തെ വയസ്സിൽ മാതാവ് ആമിനയും വിടപറഞ്ഞു. പിന്നീട് ജീവിതത്തിൽ തുണയായത് പിതാമഹനായ അബ്ദുൽ മുത്ത്വലിബായിരുന്നു. രണ്ടുവർഷത്തിനുള്ളിൽ അദ്ദേഹത്തിന്റെ മരണവും സംഭവിച്ചു. അനാഥത്വം അതിന്റെ ഉച്ചസ്ഥായിയിൽ അനുഭവിച്ച ഈ അനാഥൻ ലോകജനതയുടെ വഴികാട്ടിയായി മാറി എന്നത് ഏറെ ചിന്താർഹമാണ്; അതിലേറെ വിസ്മയാർഹവുമാണ്.

വിശുദ്ധ ഖുർആനും മുഹമ്മദ് നബിയുടെ ജീവിതവും പരസ്പരം പൂരകങ്ങളാണ്. മുഹമ്മദിലൂടെയാണ് ഖുർആൻ മാനവരാശിക്ക് ലഭിക്കുന്നത്. നൂറ്റിപ്പതിനാല് അധ്യായങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഈ വിശ്വമഹാഗ്രന്ഥം കേവലമൊരു ആത്മീയ ഗ്രന്ഥമല്ല; ജീവിതത്തിന്റെ സർവതല സ്പർശിയായ ഗ്രന്ഥം കൂടിയാണ്. അതിമനോഹരമായ സാഹിത്യസൃഷ്ടിയായും ഖുർആൻ അജയ്യമായി നിലകൊള്ളുന്നു.

ഈ ദിവ്യഗ്രന്ഥത്തിലെ ഒന്നാമത്തെ അധ്യായമായ ഫാതിഹ(പ്രാരംഭം) തന്നെ ഈ ഗ്രന്ഥത്തിന്റെ ഗരിമ വെളിവാക്കുന്നു. ഖുർആനിന്റെ സാരാംശം ഈ സൂറത്തിൽ ഉൾച്ചേർന്നിരിക്കുന്നതിനാൽ ഇത് ഖുർആനിന്റെ അടിത്തറ (ഉമ്മുൽ കിതാബ്) എന്നറിയപ്പെടുന്നു. 'ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ; നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ, കോപത്തിനിരയായവരുടെയോ പിഴച്ചുപോയവരുടെയോ മാർഗത്തിലല്ല' എന്ന ഈ അധ്യായത്തിലെ പ്രൗഢഗംഭീരമായ പ്രാർഥന ഒന്നുമാത്രം മതി ഈ വിശുദ്ധ കൃതിയുടെ മഹത്ത്വം ലോകജനതയ്ക്കു മനസ്സിലാവാൻ. അല്ലാഹുവും പ്രവാചകനും നിർദേശിച്ച പാതയിൽ നിന്നും അകലുന്നവർ വഴിപിഴച്ചവരും അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുന്നവരുമാണ് എന്ന് നാം മനസ്സിലാക്കുന്നു. ആ ശരിയായ പാത ഓരോരുത്തരും പിന്തുടർന്നാൽ അവരുടെ ജീവിതം മാത്രമല്ല മറ്റുള്ളവരുടെ ജീവിതവും ധന്യമാവുകയും തദ്വാരാ ഈ ഭൂമിയിൽ സമാധാനം പുലരുകയും ചെയ്യുമെന്നതിൽ രണ്ടുപക്ഷമില്ല.

നാൽപത് വയസ്സ് കഴിയുന്നതോടെയാണ് മുഹമ്മദിന്റെ ജീവിതത്തിൽ അസാധാരണത്വം ഉണ്ടാവുന്നത്. അസ്വസ്ഥത തന്നെ അലട്ടിയപ്പോൾ അതിൽ നിന്ന് മോചനം നേടാനായി ഹിറാഗുഹയിൽ പോയിരുന്നതും ജിബ്‌രീൽ എന്ന മലക്ക് പ്രത്യക്ഷപ്പെട്ടതു ഒരു നിയോഗമായിരുന്നു.

കരുണയാണ് ജീവിതത്തിന് സൗന്ദര്യവും വശ്യതയും അർഥവും വ്യാപ്തിയും നൽകുന്നത് എന്ന് അനുഭവിച്ചറിയുകയും അത് തന്റെ ജീവിതത്തിലൂടെ പ്രാവർത്തികമാക്കുകയും ചെയ്യാൻ ആ തിരുജന്മത്തിന് കഴിഞ്ഞു. 'കരുണയില്ലാത്തവന് കരുണ ലഭിക്കുകയില്ല' എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കരുണ എല്ലാ ജീവികളോടും കാണിക്കേണ്ട ഒരു വികാരമാണെന്ന് അദ്ദേഹം ഉദ്ഘോഷിച്ചു. തണുപ്പുമാറ്റാൻ ആരോ തീകൂട്ടിയപ്പോൾ അതിൽ പെട്ടുപോയ ഉറുമ്പിൻ കൂട്ടത്തെയോർത്ത് അദ്ദേഹം വ്യാകുലനായി. തീ കെടുത്താൻ നിർദേശിക്കുകയും ചെയ്തു. ഒട്ടക ഉടമ ഒട്ടകത്തെ വേണ്ടവിധത്തിൽ പരിചരിക്കാത്തതിൽ മുഹമ്മദ് ഉടമയോട് ക്ഷോഭിച്ചു. പക്ഷിക്കുഞ്ഞുങ്ങളെ ഒരു കമ്പിളിയിൽ പൊതിഞ്ഞു തന്റെ സന്നിധിയിൽ വീമ്പോടെ എത്തിയ ആളോട് കുഞ്ഞുങ്ങളെ കിട്ടിയേടത്തു തന്നെ എത്തിക്കുവാൻ നിർദേശിച്ചത് കാരുണ്യത്തിന്റെ മറ്റൊരു ദൃഷ്ടാന്തം.

ഖുറൈശികൾ തന്റെ ലക്ഷ്യത്തിന് വിഘാതം സൃഷ്ടിച്ചപ്പോൾ പിതൃവ്യനായ അബൂത്വാലിബിനോട് അദ്ദേഹം പറഞ്ഞ വാചകത്തിൽ നിന്ന് ദൃഢനിശ്ചയത്തിന്റെ ആൾരൂപമായിരുന്നു തിരുമേനി എന്നു വ്യക്തമായി മനസ്സിലാക്കാം. 'സൂര്യനെ എന്റെ വലതുകയ്യിലും ചന്ദ്രനെ എന്റെ ഇടതുകയ്യിലും അവർ വെച്ചുതന്നാൽ പോലും അല്ലാഹു ഇത് വിജയിപ്പിക്കുകയോ അല്ലെങ്കിൽ ഈ പരിശ്രമത്തിൽ ഞാൻ വധിക്കപ്പെടുകയോ ചെയ്യുന്നതുവരെ ഇതുപേക്ഷിക്കാൻ ഞാൻ തയ്യാറല്ല'- അദ്ദേഹം പറഞ്ഞു. സാമൂഹ്യനീതിയിൽ ഊന്നിയ ജീവിത വീക്ഷണം ആ വ്യക്തിത്വത്തിന്റെ മാറ്റ്കൂട്ടി. തെറ്റ് ആരു ചെയ്താലും -അത് തന്റെ മകളായാലും- ശിക്ഷയനുഭവിക്കേണ്ടി വരുമെന്ന് അദ്ദേഹം ഉറച്ചു പ്രഖ്യാപിച്ചു.

ജീവിതത്തിന്റെ എല്ലാ തുറകളിലും വ്യാപിച്ചുകിടക്കുന്ന അനുപമമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു റസൂൽ. ഖദീജ എന്ന തന്റെ ആദ്യഭാര്യയിൽ അദ്ദേഹത്തിന് ഒരു സേവികയെയും ഉപദേഷ്ടാവിനെയും ജീവിതഭാരത്തിൽ താങ്ങാവുന്ന ഒരത്താണിയെയും കാണുവാൻ കഴിഞ്ഞു എന്നത് ദാമ്പത്യത്തിന്റെ ശക്തിയും ചൈതന്യവും വെളിവാക്കുന്നു. സകല സദ്ഗുണങ്ങളുടെ ഒരു സമന്വയമായിരുന്നു തിരുമേനി. മഹാനായ പ്രവാചകൻ, സർവ സൈന്യാധിപൻ, ധീരനായ പടയാളി, നല്ല ഭരണാധികാരി, ആർക്കും മാതൃകയാക്കാവുന്ന കച്ചവടക്കാരൻ, പ്രഭാഷകൻ, തത്ത്വചിന്തകൻ, രാഷ്ട്രതന്ത്രജ്ഞൻ, പ്രസംഗകൻ, അടിമവിമോചകൻ, സ്ത്രീ വിമോചകൻ, നിയമജ്ഞൻ, ന്യായാധിപൻ, പുണ്യപുരുഷൻ... എന്നിങ്ങനെ സകല സദ്ഗുണങ്ങളുടെയും ആകെത്തുകയായിരുന്നു പ്രവാചകൻ. തന്നിലർപിതമായ ദൗത്യം പൂർത്തീകരിച്ചതിനു ശേഷം അറുപത്തിമൂന്നാം വയസ്സിൽ തുരുമേനി ഇഹലോകവാസം വെടിഞ്ഞു. തനിക്കു ലഭിച്ച ദൈവിക വചനങ്ങളുടെ സമാഹാരമായ വിശുദ്ധ ഖുർആനും അതിന്റെ പ്രായോഗികരൂപമായ ചര്യയും (ഹദീഥുകൾ) ലോകത്തിന് സമർപിച്ചതിനു ശേഷമാണ് തിരുമേനി കാലയവനികയ്ക്കുള്ളിൽ മറയുന്നത്. സദ്ചിന്തയിലൂടെയും കർമത്തിലൂടെയും ഇരുട്ടുകളെ ഭേദിച്ച മഹാരഥന്മാരിൽ അഗ്രേസരനായി ഈ മഹാനുഭാവൻ നിലകൊള്ളുന്നു. ●

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# പച്ചവെള്ളത്തിന് തീ പിടിക്കുമ്പോൾ

ഐസിസിൽനിന്ന് മലയാളികളോട് എന്ന പേരിൽ പ്രചരിച്ച ഒരു ശബ്ദരേഖയും കേരള പൊലീസ് പുറത്തിറക്കിയത് എന്ന രൂപത്തിൽ ഓൺലൈനിൽ പ്രത്യക്ഷപ്പെട്ട ഒരു ജാഗ്രതാനിർദേശവുമാണ് പേനയെടുക്കുവാൻ പ്രേരിപ്പിച്ചത്. തലക്കകത്ത് ഏറെ നാളായി ആൾതാമസം തീരെയില്ലാത്ത ആളാണ് ശബ്ദത്തിന്റെ പിന്നിലുള്ള ഭീകരജീവിയെന്ന് ഏത് സാധാരണക്കാരനും നിഷ്പ്രയാസം ബോധ്യപ്പെടും.

ഞങ്ങൾ വാഗ്ദത്തഭൂമിയിൽ എത്തിയിരിക്കുന്നുവെന്നും ചീറിപ്പായുന്ന യുദ്ധവാഹനങ്ങളുടെയും ചാലിട്ടൊഴുകുന്ന ചോരയുടെയും നടുവിൽ സമാധാനരഹിതമായ ജീവിതം നയിക്കുകയാണെന്നും ചാവേറാകാൻ തയ്യാറുള്ളവർ ചെവിയോർക്കുക എന്നുമൊക്കെയുള്ള അയാളുടെ വാഗ്ധോരണികൾ യഥാർഥ വിശ്വാസികളിൽ യാതൊരു ചലനവുമുണ്ടാക്കില്ല എന്ന കാര്യത്തിൽ സംശയമില്ല. ലോകസമാധാനത്തിന് നിലവിൽ വന്ന ഒരുമത സംഹിതയെ മലയാളകൾക്ക് മുമ്പിൽ താറടിച്ചു കാണിക്കുക എന്ന ലക്ഷ്യമല്ലാതെ ഒരു നന്മയും പ്രസ്തുത ശബ്ദരേഖയിൽ ഒരിടത്തും കേൾക്കുവാൻ കഴിഞ്ഞില്ല. ശബ്ദരേഖയുടെ ആദ്യഭാഗത്ത് പരമാവധി പേരെ ഐഎസ് എന്ന ചാവേർ സംഘത്തിലേക്ക് റിക്രൂട്ട് ചെയ്യുവാൻ ആഹ്വാനം ചെയ്യുന്ന വിദ്വാൻ അതിന് സാധിക്കാത്തവർക്ക് നൽകുന്ന നിർദേശങ്ങൾ ഇവിടെ ഉദ്ധരിക്കുവാൻ പോലും കഴിയാത്ത വിധം വിഷലിപ്തവും ദുർഗന്ധപൂരിതവുമാണ്.

അന്യമതസ്ഥരായ നിരപരാധികൾക്ക് ദോഷം വരുത്തുവാൻ പരമാധി ഉൽസാഹിക്കണമെന്ന് ഉദ്ഘോഷിക്കുന്ന മലയാളി ഭീകരൻ ഏത് മതത്തിന്റെ മഹദ്വചനങ്ങളാണാവോ മനസ്സിലാക്കിയിട്ടുള്ളത്? ഫ്രാൻസിൽ നടന്ന ഭീകരാക്രമണത്തിന് കേരള പതിപ്പുകൾ സൃഷ്ടിക്കുവാനും പച്ചവെള്ളത്തിൽ വിഷം കലർത്തുവാനുമൊക്കെ പുലമ്പുന്ന 'നായകൻ' ജീവിതത്തിലൊരിക്കൽ പോലും പ്രകൃതിമതമായ ഇസ്‌ലാമിനെക്കുറിച്ച് പഠിച്ചിട്ടില്ല എന്നത് ഉറപ്പാണ്.

ഈ ശബ്ദം വ്യാജമാണോ അല്ലയോ എന്നതിനെക്കാൾ കൂടുതൽ അന്വേഷണം നടത്തേണ്ടത് അത് വരുത്തിത്തീർക്കുന്ന ദൂരവ്യാപമായ തുടർകമ്പനങ്ങളെക്കുറിച്ചാണ്. കുടിക്കുന്ന വെള്ളത്തിൽ പോലും വിശ്വസിക്കാൻ കൊള്ളാത്തവരാണ് മസ്‌ലിംകൾ എന്ന തലത്തിലേക്കാണ് പൊതുബോധം രൂപപ്പെടുന്നത്. പൊലീസ് മേധാവയുടെ അറിയിപ്പ് എന്ന പേരിൽ പ്രത്യക്ഷപ്പെട്ട പോസ്റ്റർ നൽകുന്ന സന്ദേശവും മറ്റൊന്നല്ല.

മനുഷ്യത്വത്തിന്റെ അവസാന അംശവും വറ്റിപ്പോയ, ദയാദാരിദ്ര്യം കൊടിയതോതിൽ അനുഭവിക്കുന്ന ഒരുപറ്റം പിശാചുക്കളുടെ പേക്കോലങ്ങളായി എങ്ങനെയാണ് ഇവർക്ക് അധഃപതിക്കുവാൻ സാധിക്കുന്നത്? മതത്തെ ശരിയായ സ്രോതസ്സിൽനിന്ന് പഠിക്കാതെ ഓൺലൈൻ ആകാശത്ത് പിടിവിട്ടു പറക്കുന്ന ഈ വെട്ടുകിളികൾ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പറയിപ്പിച്ചേ അടങ്ങൂ എന്ന നിലയിലാണുള്ളത്. ഇസ്‌ലാമിനെ സ്നേഹിക്കുകയും മാനവികത നിലനിൽക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന മുഴുവൻ ആളുകളും ഇത്തരം അപകടങ്ങളെക്കുറിച്ചും ചതിക്കുഴികളെക്കുറിച്ചും സമൂഹത്തെ ബോധവത്കരിക്കേണ്ടത്അനിവാര്യമാണ്.

ഉപരിപഠനത്തിനോ ഉപജീവനത്തിനോ വേണ്ടി രാജ്യാതിർത്തികൾ താണ്ടി യാത്ര ചെയ്യാനുള്ള വ്യക്തികളുടെ മൗലികസ്വാതന്ത്ര്യത്തിൽ തൊട്ടുകളിക്കാനൊന്നും നമ്മൾ ആളല്ല. മതംമാറുന്നവരൊക്കെ സിറിയിയിൽ സ്ഥിര താമസമാക്കാൻ പോയേക്കുമെന്ന മുറവിളിക്കും നാം ചെവികൊടുക്കുന്നില്ല. പക്ഷേ, ഒരു കാര്യം പറയട്ടെ; ആരെങ്കിലും ഇന്ത്യ തനിക്ക് താമസിക്കാൻ കൊള്ളാത്ത രാജ്യമാണെന്ന് വിശ്വസിക്കുകയും ഐഎസ് പോലുള്ള ഭീകരസംഘങ്ങളോട് പ്രണയം പ്രാപിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അവർ സമയം കളയാതെ സ്റ്റാന്റ് വിട്ട് പോകുന്നതാണ് നല്ലത്.




സച്ചരിത സമൂഹം; ആദർശവും പ്രയോഗവും

# ISM ഹദീഥ് സെമിനാർ

WISDOM GLOBAL ISLAMIC MISSION

**ഒക്ടോബർ–ഡിസംബർ** (ജില്ലാ കേന്ദ്രങ്ങളിൽ)

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 09 Dec 2017

Reg NO: KL/CT/225/2016-18
Price: ₹10/-

WISDOM
GLOBAL ISLAMIC MISSION

# മലയാളിയുടെ നേർവായനക്ക് ഒരു വയസ്സ്...

പ്രമാണങ്ങൾക്കൊപ്പം
ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജ്ജവം
വേറിട്ട വായനാനുഭവം



വാർഷിക വരിസംഖ്യ
₹540
പ്രചാരണ മാസത്തിൽ
₹500

# നേർപഥം

നേരിന്റെ വരമൊഴി
വാരിക

## വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം
## 2017 നവം: 10 - ഡിസം: 10

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com